‘നാം കേൾക്കുന്ന ഓരോ വാക്കിലും അഭിപ്രായത്തിലും എളുപ്പം വിശ്വസിക്കരുത്; ആ സംഗതി ഈശ്വരപ്രബോധനമനുസരിച്ച് സൂക്ഷ്മമായും സാവധാനമായും പരിശോധിക്കണം. കഷ്ടം! നാം പലപ്പോഴും അന്യനെപ്പററി ഗുണത്തേക്കാൾ ദോഷം കൂടുതൽ ഉത്സാഹപൂർവം വിശ്വസിക്കുകയും പറയുകയും ചെയ്യത്തക്കവണ്ണം ദുർബലസ്വഭാവരാണ്.’

—ക്രിസ്ത്വാനുകരണം


# സത്യദീപം

‘തൽക്ഷണം, തിരമാലകൾ പടവിനുള്ളിൽ അടിച്ചു കയറത്തക്കവണ്ണം വലുതായ ഒരു കൊടുങ്കാററു കടലിൽ ഉണ്ടായി. എന്നാൽ അവിടുന്നുറങ്ങുകയായിരുന്നു. അപ്പോൾ അവിടുത്തെ ശിഷ്യന്മാർ വന്നു അവിടുത്തെ ഉണർത്തിക്കൊണ്ടു നിലവിളിച്ചു പറഞ്ഞു; കർത്താവേ, ഞങ്ങളെ രക്ഷിക്കുക, ഞങ്ങൾ മുങ്ങിപ്പോകുന്നു... അനന്തരം അവിടുന്നു എഴുന്നേററു കാററിനേയും കടലിനേയും അമർത്തി; വലിയ ശാന്തതയുണ്ടായി’

—മത്തായി IX 24.27

“ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല.”

Reg. No. M. 2293. | 1957 ജനുവരി 30—ബുധനാഴ്ച | Vol. 30, No. 24




(തിരുനാൾ ജനുവരി 29)

## കത്തോലിക്കാ പ്രസിദ്ധീകരണപ്രചാരണം

“പ്രാർത്ഥിക്കുമ്പോൾ നാം ദൈവത്തോടു സംസാരിക്കുന്നു. സൽഗ്രന്ഥം വായിക്കുമ്പോൾ ദൈവം നമ്മോടു സംസാരിക്കുന്നു.

—വിശുദ്ധ ആഗസ്തീനോസ്

“വായനക്കാരില്ലെങ്കിൽ ഒരു നല്ല പ്രസിദ്ധീകരണംകൊണ്ടുള്ള പ്രയോജനമെന്താണ്? അതിനാൽ ആദ്യവായനക്കാരൻ നീങ്ങൾതന്നെ ആയിരിക്കുക.”

—പതിനൊന്നാംപീയൂസ്

ആധുനികലോകത്തിൽ നിഷിദ്ധങ്ങളായ പത്രമാസികകൾവഴി പിശാച് ലക്ഷോപലക്ഷങ്ങളോടു ഇടവിടാതെ സംസാരിച്ചുകൊണ്ടിരിക്കുകയാണ്” എന്നുള്ള വസ്തുത ആർക്കെങ്കിലും നിഷേധിക്കുവാൻ സാധിക്കുമോ? ഇതിനു നീങ്ങൾ എന്തു പ്രതിവിധി ചെയ്യുന്നു? കത്തോലിക്കാ പ്രസിദ്ധീകരണങ്ങളെ ധാരാളമായി പ്രചരിപ്പിച്ചു ദൈവസ്വരം അവയിലൂടെ അവർ കേൾക്കുന്നതിനു ഇടയാകത്തക്കവണ്ണം നീങ്ങൾ പരിശ്രമിക്കുന്നുണ്ടോ? നമ്മുടെ പല ഗ്രന്ഥാലയങ്ങളിൽനിന്നും വായനശാലകളിൽനിന്നും നിരന്തരം ബഹിർഗമിച്ചുകൊണ്ടിരിക്കുന്ന മലീമസമായ ആശയപ്രവാഹത്തെ തത്തുല്യം ശക്തിമത്തായ കത്തോലിക്കാ പ്രസിദ്ധീകരണപ്രചാരണത്താൽ നാം പ്രതിരോധിക്കേണ്ടതല്ലേ? കത്തോലിക്കാ പ്രസിദ്ധീകരണപ്രചാരണമാസമായ ഫെബ്രുവരിമാസം അതിനുള്ള ഉത്തമാവസരമാണ്.

ഗദ്യകവിത

# അവൾ മരിച്ചിട്ടില്ല

(എൽ. കിഴക്കേടം)

—ഒന്നു്—

ജൈറസിൻെറ കുടുംബത്തിൻെറ ഭാവി ഒരേ ഒരു ബിന്ദുവിൽ കേന്ദ്രീകരിച്ചിരിക്കുകയാണു്.

അതൊരു പുന്നാരമോളായിരുന്നു.

ജൈറസിൻെറ പുന്നാരമോൾ അവിടത്തുകാർക്കെല്ലാം സുപരിചിതയാണു്.

അവൾ ജൈറസിൻെറ പ്രതീക്ഷയുടെ ശ്രീകോവിലിലെ ഭദ്രദീപമായിരുന്നു! ആ വരണ്ട ജീവിതത്തിലെ വേനല്ക്കാലപ്പൊന്നരുവിയായിരുന്നു!

ജൈറസിൻെറ മകൾ, അവളൊരു കൊച്ചു മിടുക്കിയായിരുന്നു. ഹൃദയഹാരിയായ ഒരു പൂമ്പാററയെപ്പോലെ ഓടിക്കളിച്ചു്, അവളാ വീഥിയിലൂടെ പോകുമ്പോൾ പെണ്ണുങ്ങൾ പറയും:

"ജൈറസിൻെറ പുന്നാരമോൾ അതാ പോകുന്നു."

അഴകിലും ആനന്ദത്തിലും അവളങ്ങനെ വളർന്നുവന്നു.

—രണ്ടു്—

അതൊരു പേടിപ്പെടുത്തുന്ന വാർത്തയായിരുന്നു. ജൈറസിനെ മാത്രമല്ല, അവിടത്തുകാരെയെല്ലാം.

അവൾ രോഗാധീനയായിരിക്കുന്നു, മാരകമാംവിധം.

ജൈറസിൻെറ പ്രതീക്ഷയുടെ ആ കൊച്ചു സാക്ഷാത്കാരം, അതാ മരണശയ്യയിൽ വീണുമുട്ടുകയാണു്.

ജൈറസ്, അദ്ദേഹമെന്തു ചെയ്യുവാനാണു്? നാട്ടുകാരെല്ലാം അതറിഞ്ഞു:

"സിനഗോഗിലെ ജൈറസിൻെറ മകൾ മരിച്ചുപോകും."

വൃദ്ധയുടെ വേലിയേററത്തിൽ ആ വാർത്ത ശബ്ദമുണ്ടാക്കാതെ അവിടെല്ലാം പരന്നൊഴുകി.

തൻെറ ഓമനത്തിടമ്പിൻെറ പ്രാണവേദന ജൈറസിനു സഹിക്കാമായിരുന്നില്ല.

—മൂന്നു്—

അതൊരു ചോദ്യചിഹ്നമായിരുന്നു, ഞെട്ടിക്കുന്ന ചോദ്യചിഹ്നം!

ഇനിയെന്തുചെയ്യും? വൈദ്യശാസ്ത്രത്തിൻെറ കഴിവുകൾ അവിടെ പരാജയമടഞ്ഞു!

ജൈറസിൻെറ ആരോമൽപുത്രി ലോകത്തോടു യാത്രചൊല്ലുവാൻ തുടങ്ങുന്നു.

ആ ഹൃദയദീപം അണയുവാൻ പോകുകയാണു്. ജൈറസിൻെറ മുൻപിൽ അന്ധകാരം വ്യാപിച്ചു. നിസ്സഹായനായ ജൈറസ്!

മാനുഷികമായ സർവകഴിവുകളും കൈ മലർത്തിക്കാണിച്ചുകഴിഞ്ഞു!

ജൈറസിൻെറ മുൻപിൽ അന്ധകാരത്തിനു കട്ടികൂടുകയാണു്.

—നാലു്—

ആ അനന്തമായ അന്ധകാരത്തിൽ എവിടെയോ ഒരു താരകം പ്രകാശിച്ചു. അതിങ്ങു നടന്നടുക്കുകയാണു്, ശാന്തിയുടെ പ്രഭാകന്ദളങ്ങൾ വിതറിക്കൊണ്ടു്.

ആ ദീപശിഖ ഇങ്ങടുത്തുകഴിഞ്ഞു. മുൻപിൽ മുഴുവനതു വ്യാപിച്ചു. ആ ദീപത്തിനെന്തേ ചൂടില്ലാത്തതു്?

അതൊരു ഭിഷഗ്വരനായിരുന്നു.

രക്ഷകനായ ഭിഷഗ്വരൻ!

ഭൗതികങ്ങളായ പരീക്ഷണപരാജയങ്ങളുടെ ഇരുൾപ്പടപ്പിൽ ഉയർന്നുജ്ജ്വലിച്ച തേജഃപുഞ്ജമാണതു്.

ക്രിസ്തുനാഥൻ!

ആശാരിയുടെ മകൻ! ആ പ്രസംഗിച്ചു നടക്കുന്ന മിശിഹായാണു്.

—അഞ്ചു്—

വേഗം ചെല്ലൂ ജൈറസ്. അതാ അവിടുന്നു വിശ്രമിക്കുകയാണു്. യാത്രാക്ലേശംകൊണ്ടു് ആ നിത്യപഥികൻ തളർന്നിരുന്നു.

ഒട്ടും സംശയിക്കേണ്ട, ആ വൈദ്യൻ വിശ്രമരഹിതനായി രോഗികളെത്തേടി അലയുന്നവനാണു്.

എന്താണു പറയേണ്ടതെന്നു് ജൈറസിനു് രൂപമില്ലായിരുന്നു. പുറപ്പെട്ട പദങ്ങൾ പലതും കണ്ഠത്തിൽ തടഞ്ഞുപോയി!

ആ ദുഃഖം മുഴുവൻ,
ആ ഉൽക്കണ്ഠ മുഴുവൻ,
ആ പരിഭ്രമം മുഴുവൻ,
ആ ആവേശം മുഴുവൻ,

എല്ലാം, എല്ലാം ആ ശാന്തശീതളൻ വായിച്ചറിഞ്ഞു, ജൈറസിൻെറ നേത്രങ്ങളിൽ നിന്നു്.

"നാഥാ, അവിടുന്നു വന്നു് എൻെറ മകളെ സുഖമാക്കണം."

നാഥൻ ഉടൻ യാത്രയായി, ശിഷ്യരോടൊത്തു്.

രോഗികളെത്തേടി വന്ന വൈദ്യനുണ്ടോ താമസിക്കുന്നു?

ജൈറസിൻെറ മനോമുകുരത്തിൽക്കൂടി ആശയുടെ അരുണകിരണങ്ങൾ കടന്നുവന്നു.

—ആറു്—

അതാ ഒരാൾ ഓടി വരുകയാണു്.

ആരാണതു്?

എന്തിനയാൾ ഓടിക്കിതച്ചു വരുന്നു?

ജൈറസിനു് ആളെ മനസ്സിലായി. കലശലായി സംഭ്രമം. ക്രിസ്തുനാഥൻെറ സന്നിധാനത്തിൽവച്ചു താനെന്തോ അശുഭവാർത്ത കേൾക്കുവാൻപോകുന്നു!

ആഗതൻ പറഞ്ഞൊപ്പിച്ചു: "കുഞ്ഞുമരിച്ചുപോയി."

ജൈറസ്, നാഥൻെറ മുഖത്തേക്കു ദുഃഖാധിക്യത്തോടെ ഒന്നു നോക്കി.

എന്താണു താൻ കേൾക്കുന്നതു്? തൻെറ സകല ആശകളും തകർന്നുപോയെന്നോ?

ഭിഷഗ്വരൻ വരുന്നതിനുമുമ്പു രോഗി മരിച്ചാൽ എന്താണു ചെയ്യുക?

നാഥൻ ഉദീരണം ചെയ്തു: "പേടിക്കാതിരിക്കൂ, ജൈറസ്. വിശ്വസിക്കുകമാത്രം ചെയ്യൂ. അവൾ സുഖം പ്രാപിക്കും."

ജൈറസിൻെറ സന്ദേഹമെല്ലാം ചൂടേററ മഞ്ഞുപോലെ ഉരുകിപ്പോയി, ശാന്തശീതളമായ ആ മധുരോക്തികൾ കേട്ടപ്പോൾ.

—ഏഴു്—

ജനതതി മാറിനിന്നു. പത്രോസും യാക്കോബും യോഹന്നാനും അപ്പിട്ടത്തെ അനുധാവനം ചെയ്തു. കൂട്ടത്തിൽ കുട്ടിയുടെ മാതാപിതാക്കളും.

ആശകളോടൊപ്പം എല്ലാവരുടേയും ഹൃദയങ്ങളും തകർന്നിരിക്കുകയാണു്. അടക്കാനാവാത്ത കദനകദംബങ്ങൾ കണ്ണുനീർത്തുള്ളികളായി അടർന്നുവീഴുന്നു.

അവിടുന്നവരെ സാന്ത്വനപ്പെടുത്തി: "കരയാതിരിക്കൂ, അവൾ മരിച്ചിട്ടില്ല, ഉറങ്ങുകയാണു്."

അതൊരു തമാശയായി പലർക്കും തോന്നിയിരിക്കണം. രോദനാധീനരായിരുന്നവരുടെ മുഖത്തും ഒരു പുഞ്ചിരി പരക്കുവാൻ അതു കാരണമാക്കി.

"അവൾ മരിച്ചിട്ടില്ല; ഉറങ്ങുകയാണു്."

പ്രതീക്ഷകളതാ പൂവണിയുവാൻ പോകുന്നു!


തയ്യാറായിരിക്കുന്നു

ഒരാത്മാവിൻെറ കപ്പൽ യാത്ര

(രണ്ടാംപതിപ്പു്)

സമാധാനതുറമുഖത്തെത്തിയ ഒരു സത്യാന്വേഷിയുടെ—കേരളമൊട്ടുക്കു പര്യടനം നടത്തിക്കൊണ്ടിരിക്കുന്ന ഫാ. മുത്തുമാലൈ എസ് ജെ. അവർകളുടെ—ജീവിതകഥ.

വിവർത്തകൻ

ഫാദർ ജെ. വലിയപറമ്പിൽ

ഒററപ്രതിക്കു് 4ണ. മാത്രം

(പോസ്റ്റേജ് പുറമെ)

ആവശ്യപ്പെടുക:-

The Manager,
St Joseph's Printing House,
Tiruvalla.


മരണമല്ല, അതു മയക്കം മാത്രമാണു്!

അതേ, മനുഷ്യൻ കാണുന്നതു പലതും മരണമല്ല, മയക്കം മാത്രമാണു്.

മരിച്ചെന്നു കരുതി അവൻ വിലപിക്കാറുണ്ടു്. നിരാശയുടെ കരാളഹസ്തങ്ങളിൽപെട്ടു് അവൻ ദുഃഖിക്കാറുണ്ടു്. അവനറിയുന്നുണ്ടോ, അതൊരു പക്ഷേ, ആശയുടെ നാമ്പെടുക്കലാണെന്നു്!

പ്രതീക്ഷ അല്പമൊന്നു വികലമായാൽ മതി, അവനു പരാജയമായി; നിരാശയായി; സമസ്തപ്രവർത്തനങ്ങളും സ്തംഭിക്കുകയായി!

പക്ഷേ അതൊരു പരാജയമല്ല, വിജയപന്ഥാവാണെന്നു്; മരണമല്ല, മയക്കമാണെന്നു് അവനുണ്ടോ അറിയുന്നു!

x x x

"ബാലികേ, എഴുന്നേൽക്കൂ" അവിടുന്നു കല്പിച്ചു.

മഹോന്നതൻെറ മാർഗ്ഗത്തിൽ ഭൗതികത്വമുണ്ടോ പ്രതിബന്ധം സൃഷ്ടിക്കുന്നു!

അവൾ എഴുന്നേററു.

പാവം, ക്ഷീണിച്ചുതളർന്നിരിക്കുകയാണു്. ഇവിടന്നു പരലോകംവരെ യാത്രചെയ്തില്ലേ അവൾ? ദീർഘദീർഘമായ ആ യാത്രയിൽ വിരണ്ടുതളർന്നിരിക്കും അവൾ. അതുകൊണ്ടായിരിക്കും അവൾക്കുടനെ ഭക്ഷണം കൊടുക്കാൻ നാഥൻ നിർദ്ദേശിച്ചതും.

x x x

ജൈറസും ഭാര്യയും ആഹ്ലാദമത്തരായി. ആനന്ദംകൊണ്ടവർ തുള്ളിച്ചാടി.

നാഥനു് എങ്ങനെയാണവർ കൃതജ്ഞത നേരുക?

ആ ജീവിതപ്പടവിൽ അവരിന്നു വെളിച്ചംകണ്ടു യാത്രചെയ്യുകയാണു്. ശോഭായമാനമായൊരു തീരത്തിലേക്കു് ആ വഞ്ചി നീങ്ങുകയാണു്.

# ഗലിലേയോ പ്രശ്നവും അതിൻെറ പശ്ചാത്തലവും

(ഫാദർ ലാസർ സി. ഡി., ബി. എ. എൽ. ററി.)

(ഗലീലേയോ പ്രശ്നം അഭിനവമായ ഒന്നല്ല. സഭാവൈരികൾ ഒരായിരം പ്രാവശ്യം അതു കുത്തിപ്പൊക്കി കാണിച്ചിട്ടുണ്ടു്. അപ്പപ്പോൾ അതിനു സമുചിതമായ ഉത്തരം പ്രസംഗവേദികളിൽ നിന്നും ലേഖനങ്ങൾ മുഖേനയും നൽകപ്പെട്ടിട്ടുമുണ്ടു്. എങ്കിലും ഈയിടെ ഇതിനു ഒരു ഉത്തരം കിട്ടിയാൽ കൊള്ളാമെന്നു ഒരു സഹൃദയൻ ആവശ്യപ്പെട്ട തന്മൂലം പ്രസ്തുത വിഷയത്തെക്കുറിച്ചു രചിച്ചിട്ടുള്ളതാണു് ഈ ലേഖനം)

പതിനേഴാം നൂററാണ്ടുവരെ ജീവിച്ചിരുന്ന ജോതിശ്ശാസ്ത്രജ്ഞന്മാർ എല്ലാംതന്നെ ആകാശഗോളസംവിധാനത്തെക്കുറിച്ചു് ഏറെക്കുറെ ഒരേ അഭിപ്രായക്കാരായിരുന്നു. ഭൂമി നിശ്ചലമായി നില്ക്കുന്നുവെന്നും സൂര്യനും മററു ആകാശഗോളങ്ങളും അതിനെ ചുററി പ്രദക്ഷിണം ചെയ്യുന്നുവെന്നും ആയിരുന്നു അവർ വിശ്വസിച്ചിരുന്നതു്. സൂര്യൻ മദ്ധ്യരേഖാമണ്ഡലത്തിൽനിന്നു തെക്കുവടക്കായി പ്രയാണംചെയ്തു ആണ്ടുവട്ടത്തിൽ കാലഭേദങ്ങൾ ഉളവാക്കുന്നുവെന്നായിരുന്നു അവരുടെ അഭിമതം.

ഏതദ്വിഷയത്തിൽ അറബികൾക്കും, പേർഷ്യാക്കാർക്കും, ചൈനാക്കാർക്കും, യൂറോപ്യന്മാർക്കു പൊതുവേയും ഉണ്ടായിരുന്ന അഭിപ്രായം വിഭിന്നമായിരുന്നില്ല. ഇതിനെ ടോളമിയൻ സിദ്ധാന്തം എന്നാണു് പറഞ്ഞിരുന്നതു്. ഇന്ദ്രിയങ്ങൾക്കു ഗോചരീഭവിക്കുന്നതനുസരിച്ചാണു്, സാധാരണമനുഷ്യർ കാണുകയും കേൾക്കുകയും സംസാരിക്കുകയും ചെയ്തിരുന്ന രീതിയിലാണു്, വി. ലിഖിതങ്ങൾ രചിച്ചിട്ടുള്ളതു്. വി. ഗ്രന്ഥകർത്താക്കളുടെ ഉദ്ദേശം മനുഷ്യനെ മണ്ണിൽനിന്നു വിണ്ണിലേക്കു് ഉയർത്തുക എന്നല്ലാതെ ഭൂമിയുടേയും സൂര്യൻേറയും പ്രദക്ഷിണത്തെപ്പററി അന്വേഷിച്ചു നിർണ്ണയംചെയ്യുകയായിരുന്നില്ലല്ലോ.

പൗരാണിക ഗ്രീക്കു ശാസ്ത്രജ്ഞന്മാരുടെ ഇടയിൽ ഭൂമിയാണു് പ്രപഞ്ചകേന്ദ്രം എന്നായിരുന്നു പൊതുവിശ്വാസം. എങ്കിലും പൈതഗോറസ്, അരിസ്റ്റോർക്കസ് മുതലായ ചിലർ അതിനെ പ്രതികൂലിച്ചിട്ടുണ്ടു്. പൊതുവിശ്വാസം പിൻതാങ്ങിയിട്ടുള്ളവരിൽ പ്രമുഖന്മാർ ടോളമിയും അരിസ്റ്റോട്ടലുമത്രെ.

ആദിത്യകേന്ദ്രസിദ്ധാന്തം ആധുനികകാലത്തു ആദ്യമായി പ്രകടിപ്പിച്ചതു് കൂസ്സാ എന്ന ഒരു വൈദികനാണു്. ഒരു മീൻപിടുത്തക്കാരനായിരുന്നു അദ്ദേഹത്തിൻെറ പിതാവു്. 1431-ൽ ബെയ്ലിലെ വൈദികപ്രാദേശികസംഘത്തിൽ അദ്ദേഹം പങ്കെടുത്തിട്ടുണ്ടു്. ഗലിലേയോ രംഗപ്രവേശം ചെയ്യുന്നതിനു ഉദ്ദേശം രണ്ടു നൂററാണ്ടുകൾക്കു മുമ്പായിരുന്നു അതു്. അദ്ദേഹം ജോതിശ്ശാസ്ത്രം സംബന്ധിച്ചു ഒരു ഗ്രന്ഥം രചിക്കയുണ്ടായി. അതിൽ സൂര്യനല്ല, പ്രത്യുത ഭൂമിയാണു് ചുററി പ്രദക്ഷിണം ചെയ്യുന്നതു എന്നുള്ള തൻെറ അഭിപ്രായം തുറന്നു പ്രസ്താവിച്ചു. അഞ്ചാം നിക്കളസ് മാർപ്പാപ്പാ അദ്ദേഹത്തെ റോമിലേക്കു ക്ഷണിക്കുകയും വലിയ ബഹുമതികൾ നൽകി അനുഗ്രഹിക്കുകയും ആണു് ചെയ്തതു്.

ഒരു അരശതാബ്ദ കടന്നുപോയി. ചരിത്രപ്രസിദ്ധനായ കൊപ്പർണിക്കസ് രംഗപ്രവേശംചെയ്തു. അദ്ദേഹവും ഒരു കത്തോലിക്കാ വൈദികനത്രെ. റോമയായിരിക്കും തൻെറ ബുദ്ധിസാമർത്ഥ്യം പ്രകടിപ്പിക്കുന്നതിനു് തക്ക രംഗം എന്നു ഉദ്ദേശിച്ചു അദ്ദേഹം നിത്യനഗരത്തിലേക്കു തിരിച്ചു. അവിടെ പാപ്പായുടെ സർവ്വകലാശാലയിൽ വളരെക്കാലം പ്രൊഫസർ ഉദ്യോഗം വഹിച്ചു. ജോതിശ്ശാസ്ത്രസംബന്ധമായ അനേകം പരീക്ഷണങ്ങൾ നടത്തി. കൂസായുടെ അഭിപ്രായംതന്നെ കൂടുതൽ ന്യായങ്ങളാൽ തെളിയിക്കുന്നതിനായിരുന്നു അദ്ദേഹത്തിൻെറ യത്നം. ഇതുസംബന്ധിച്ചു ഒരു ഗ്രന്ഥവും രചിക്കയുണ്ടായി. വാർദ്ധ




For Favours Received

C. L. Poulos, Jamshedpur

ക്യത്താൽ പെൻഷൻപററി സ്വരാജ്യത്തുപോയി താമസിച്ചുവരുമ്പോൾ പ്രസ്തുതഗ്രന്ഥം പ്രസിദ്ധീകരിക്കാൻ ആഗ്രഹിച്ചു. വേണ്ട ധനസഹായം ചെയ്തു അദ്ദേഹത്തിനു ആഗ്രഹനിവൃത്തി വരുത്തിക്കൊടുത്തതു് സ്കോംബെർഗ് കർദ്ദിനാളാണു്. പോൾ തൃതീയനാണു് ഈ ഗ്രന്ഥം പ്രതിഷ്ഠിച്ചതു്. അങ്ങനെ ചെയ്തതു് തിരുസിംഹാസനത്തിൽനിന്നു അദ്ദേഹത്തിനു ലഭിച്ചിട്ടുള്ള സഹായസഹകരണങ്ങൾക്കു നന്ദിപ്രകാശിപ്പിക്കുന്നതിനത്രെ. ഈദൃശസംഭവങ്ങളിൽനിന്നു് സഭാംബികനവീനകണ്ടുപിടുത്തങ്ങളുടെ പൊതുവേയും "കൊപ്പർണിക്കൻ"തത്വത്തിൻെറ പ്രത്യേകിച്ചും മിത്രമോ ശത്രുവോ എന്നു ഗ്രഹിക്കുവാൻ പ്രയാസമില്ലല്ലോ.

കൂസായോടും കൊപ്പർണിക്കസിനോടും ഇത്ര ഉദാരമായി വർത്തിച്ച കത്തോലിക്കാസഭയും സഭാദ്ധ്യക്ഷന്മാരും മേല്പറഞ്ഞവരുടെ തന്നെ അഭിപ്രായക്കാരനായ ഗലിലേയോയോടു അന്യഥാ വർത്തിച്ചുവെങ്കിൽ അതിനു കാരണമെന്തു്? ഈ വ്യതിയാനത്തിനുള്ള ഹേതു ആദിത്യകേന്ദ്രസിദ്ധാന്തമായിരിക്കാൻ നിവൃത്തിയില്ല. കൂ

[ശേഷം 11-ംപേജിൽ]

"കൂടുതൽ പലിശ ലഭിക്കുന്ന സ്ഥിരനിക്ഷേപങ്ങൾ" എന്ന സൗജന്യ ലഘു ഗ്രന്ഥത്തിൻെറ ഒരു പ്രതി ഇന്നുതന്നെ ആവശ്യപ്പെടുക.

ജോലിയിൽ നിന്നും വിരമിക്കുമ്പോൾ മുടങ്ങാതെ വരുമാനം ലഭിക്കുന്നതിനുള്ള മാർഗ്ഗം

ജോലിയിൽ നിന്നും വിരമിക്കുന്നതിനു് എന്തെങ്കിലും പദ്ധതി തയ്യാറാക്കേണ്ടതിനുള്ള സമയം ഇപ്പോഴാണു്. മുടങ്ങാതെ ഒരു വരുമാനം ലഭിക്കുന്നതിനുവേണ്ടി സമ്പാദ്യങ്ങൾ പാലാ ബാങ്കിൽ സ്ഥിരനിക്ഷേപമായി സൂക്ഷിക്കുക. ആറുമാസം കൂടുമ്പോൾ ഉദാരമായ പലിശ കിട്ടുന്നതാണു്. കൂടുതൽ കാലാവധിയുള്ള നിക്ഷേപത്തിനു് കൂടുതൽ പലിശ. നൂറുരൂപാമുതൽ മേല്പോട്ടുള്ള ഏതു സംഖ്യയും നിക്ഷേപിക്കാം.

ഇപ്പോഴത്തെ പലിശ നിരക്കു്

| | |
|---|---|
| 3 മാസത്തിനു് 2½ ശതമാനം | 2 കൊല്ലത്തിനു് 4 ശതമാനം |
| 6 മാസത്തിനു് 3 ,, | 3 കൊല്ലത്തിനു് 4½ ,, |
| 1 കൊല്ലത്തിനു് 3½ ,, | |

പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം

ഹെഡ് ആഫീസ്: പാലാ

തിരുവിതാംകൂർ-കൊച്ചിയിൽ 19 ബ്രാഞ്ചുകൾ

F.C. 7195

# എട്ടുനോമ്പും ദൈവമാതാവിന്റെ ജനനപ്പെരുന്നാളും

(ഫാദർ ഗീവറുഗീസ് പീടികയിൽ)

എട്ടുനോമ്പു് തിരുസഭ ആക്കും കടപ്പെടുത്തിയിരിക്കുന്ന ഒരു നോമ്പല്ല. അവിവാഹിതരായ കന്യകകൾ അവരവരുടെ ഹിതാനുസരണം ആചരിപ്പാൻ അവക്കായി വച്ചിരിക്കുന്ന ഒന്നാണിതു്. അതുപോലെതന്നെ മാതാവിന്റെ ജനനപ്പെരുന്നാളും ഒരു കടമുള്ള പെരുന്നാളല്ല. എന്നാൽ അടുത്ത കാലത്തു യാക്കോബായ ഓത്തഡോക്സ്സഭകൾ ഇവയ്ക്കു കൂടുതൽ പ്രാധാന്യം കൊടുത്തു പല ഇടവകകളിലും കാലത്തും വൈകിട്ടും കാനോനാനമസ്കാരവും മാതാവിന്റെ ലുത്തനിയാപ്രാത്ഥനയും എട്ടുദിവസവും കർബാനയും മൈക്കവച്ചുള്ള പ്രസംഗയോഗങ്ങളും നടത്തിവരുന്നു.

ദൈവമാതാവു് അമലോത്ഭവയല്ലെന്നു് ഇവർ പ്രസംഗിക്കയും പഠിപ്പിക്കയും, അമലോത്ഭവയാണെന്നു വിശ്വസിക്കുന്ന കത്തോലിക്കരെ അധിക്ഷേപിക്കയും ചെയ്യുന്നു. ഇവർ പരിശുദ്ധ കന്യകമറിയത്തിന്റെ ജനനത്തിനു ഇത്ര പ്രാധാന്യംകൊടുത്തു ബഹുമാനിക്കുന്നതിന്റെ അത്ഥം എന്താണെന്നു മനസ്സിലാകുന്നില്ല. ഇവിടെയുള്ള ഒരു ഓത്തഡോക്സ് പള്ളിയിൽ ഈയാണ്ടിലും എല്ലാവരും എട്ടുദിവസത്തെ നോമ്പുനോററു് ഈ പെരുന്നാൾ ആഘോഷിക്കയുണ്ടായി. എങ്കിലും ദൈവമാതാവിന്റെ മഹിമ, അവളുടെ പദവി, അവളുടെ ജനനവിശേഷം, അവളോടുള്ള മദ്ധ്യസ്ഥപ്രാത്ഥന ഇവയെക്കുറിച്ചു പ്രാസംഗികന്മാർ ഒന്നുംതന്നെ പറഞ്ഞുകേട്ടില്ല.

എല്ലാ വിശുദ്ധരുടേയും മരണദിവസമാണു് അവരുടെ ഓമ്മകൊണ്ടാടുന്ന പെരുന്നാൾ ആചരിക്കുന്നതു്. മാർ യൗസേപ്പു പിതാവു്, പത്രോസ് പൗലോസ് മുതലായ അപ്പസ്തോലന്മാർ, സഹദേന്മാർ ഇവരുടെ ആരുടേയും ജനനപ്പെരുന്നാൾ ആചരിക്കുന്നില്ല. എന്നാൽ നമ്മുടെ കത്താവിന്റെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റേയും കത്താവിന്റെ മുന്നോടിയായ യോഹന്നാൻ മാംദാനായുടേയും ജനനപ്പെരുന്നാൾക്കൂടി ആചരിക്കണമെന്നു തിരുസഭ കല്പിക്കയും കത്തോലിക്കരുടേയും യാക്കോബായക്കാരുടേയും വൈദികപഞ്ചാംഗത്തിലെ പെരുന്നാൾപട്ടികയിൽ അവ ചേക്കയും ചെയ്തിരിക്കുന്നുണ്ടു്. അതിനു തക്കതായ കാരണമുണ്ടു്. ദൈവമാതാവും യോഹന്നാൻ മാംദാനായും ജനിച്ചപ്പോൾ അവക്കു ജന്മപാപമില്ലായിരുന്നു എന്നതാണതു്.

നാം എല്ലാവരും ആദംചെയ്ത പാപത്തിന്റെ ഓഹരിക്കാരായി പാപത്തോടുകൂടി ലോകത്തിൽ ജനിക്കുന്നു. ഇതിനു ജന്മപാപമെന്നു പറയുന്നു. ഒരു ശിശു അതിന്റെ തള്ളയുടെ ഉദരത്തിൽ ജനിക്കുന്നതുതന്നെ ഉത്ഭവപാപത്തോടുകൂടിയാണു്. പാപത്തിൽ എന്റെ മാതാവു് എന്നെ ഗർഭംധരിച്ചുവെന്നു് ദാവീദു പറഞ്ഞിരിക്കുന്നതു ഉത്ഭവപാപത്തെക്കുറിച്ചാണു്. ജന്മപാപം ജനനത്തോടുകൂടി പുറമെനിന്നും ആത്മാവിൽ കടന്നുകൂടുന്നുവെന്നല്ലാ. ഉത്ഭവപാപമാണു് ജനിക്കുമ്പോൾ ജന്മപാപമായി പരിണമിക്കുന്നതു്. ഈ സാധാരണനിയമത്തിനു് വ്യത്യസ്തമായി, പരിശുദ്ധ കന്യകയെ മാതാവായ അന്നാഅമ്മയുടെ ഉദരത്തിൽ ഉത്ഭവിച്ച ആ ക്ഷണത്തിൽതന്നെ ദൈവത്തിന്റെ പ്രത്യേക കൃപയാൽ ഉത്ഭവപാപത്തിൽനിന്നും വിമുക്തയാക്കുകയും തന്മൂലം അവിടുന്നു വിശുദ്ധയായി ലോകത്തിൽ ജനിക്കുകയുംചെയ്തു.

യോഹന്നാൻ മാംദാനാ സ്വമാതാവായ ഏലിസബേത്തും പരിശുദ്ധ കന്യകമറിയവും തമ്മിലുള്ള കൂടിക്കാഴ്ചയിൽ, അമ്മയുടെ ഗർഭത്തിൽവച്ചുതന്നെ ശുദ്ധീകരണം പ്രാപിക്കയും തന്മൂലം ജന്മപാപമില്ലാത്തവനായി ജനിക്കയുംചെയ്തു. ഈ മഹാതത്വത്തെ അടിസ്ഥാനമാക്കിയാണു് രണ്ടുപേരുടേയും ജനനപ്പെരുന്നാൾ ആചരിക്കുന്നതു്.

വേദപുസ്തകവും സഭാപിതാക്കന്മാരുടെ കൃതികളും പരിശോധിച്ചാൽ ദൈവമാതാവിന്റെ അമലോത്ഭവസത്യം വെളിവാകുന്നതാണു്.

വേദപുസ്തകം:- ആദാം പാപം മൂലം ആത്മാവിന്റെ ജീവനാകുന്ന കൃപാവരം അല്ലെങ്കിൽ വരപ്രസാദം നഷ്ടപ്പെടുത്തി. തന്മൂലം സകല മനുഷ്യരും വരപ്രസാദം ഇല്ലാത്തവരായി ഉത്ഭവിക്കയും ജനിക്കയും ചെയ്യുന്നു. എന്നാൽ ഗബ്രിയേൽ മാലാഖാ നമ്മുടെ കത്താവിന്റെ മനുഷ്യാവതാരത്തെക്കുറിച്ചു് പരിശുദ്ധ കന്യാസ്ത്രീമറിയത്തോടു വചനിച്ചപ്പോൾ "കൃപനിറഞ്ഞവളേ, നിനക്കു സ്വസ്തി" എന്നാണു് ആദ്യമായി പറഞ്ഞതു്. പിന്നീടാണു്, "നീ ഗർഭംധരിച്ചു ഒരു പുത്രനെ പ്രസവിക്കും; അവനു് ഈശോ എന്നു നീ പേർ വിളിക്കണം"



...ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

P. C. Kuriyala

മുഹമ്മ

ആദിയായ വചനങ്ങൾ കല്പിച്ചതു്. ഇതിൽനിന്നും നാം മനസ്സിലാക്കേണ്ടതു് മാലാഖാ വി. കന്യകമറിയത്തിന്റെ അടുക്കൽ വരുന്നതിനു മുൻപേതന്നെ അവൾ കൃപകൊണ്ടു നിറഞ്ഞവളായിരുന്നുവെന്നാണു്. വരപ്രസാദവും പാപവും ഒന്നിച്ചു് ഒരാത്മാവിൽ സ്ഥിതിചെയ്യുന്നതല്ല. ആദാംമൂലം നഷ്ടപ്പെട്ടതും ദൈവമാതാവു ഉത്ഭവത്തിൽതന്നെ പ്രാപിച്ചതുമായ വരപ്രസാദമാണു് കൃപാമാഗ്ഗമായ മാമോദീസാമൂലം നാം പ്രാപിക്കുന്നതു്.

കൂടാതെ "ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കുംമദ്ധ്യേ ശത്രുത ഉണ്ടാക്കും. അവൻ നിന്റെ തലയിൽ ചവിട്ടും നീ അതിന്റെ കുതികാലിൽ കടിക്കും" എന്നു് ഉല്പത്തിപ്പുസ്തകം 3: 15-ൽ പറഞ്ഞിരിക്കുന്ന സ്ത്രീ പരിശുദ്ധ കന്യകമറിയവും അവളുടെ സന്തതി ഈശോമിശിഹായുമാണെന്നു് എല്ലാ വിശുദ്ധ പിതാക്കന്മാരും വേദപണ്ഡിതന്മാരും ഒരുപോലെ സമ്മതിക്കുന്നുണ്ടു്. പ്രസ്തുത വാക്യത്തിൽ പരിശുദ്ധ ദൈവമാതാവും പിശാചും തമ്മിൽ ശത്രുക്കളാണെന്നും പിശാചു് ഉത്ഭവത്തിലേ മാതാവിന്റെമേൽ വിജയം പ്രാപിച്ചിട്ടില്ലെന്നുമാണു്.

പിതാക്കന്മാരുടെ സാക്ഷ്യങ്ങൾ:- നാലാംനൂററാണ്ടിൽ ജീവിച്ചിരുന്ന മാർ അപ്രേം, അലക്സാണ്ടറിയാപാത്രിയക്കീസായ കൂറില്ലോസ് എന്നിവരുടെ സാക്ഷ്യങ്ങൾ മുന്നമെ ഉദ്ധരിക്കാം. മാർ അപ്രേം പറയുന്നതു്, "പരിശുദ്ധ കന്യകമറിയം പരിപൂണ്ണമായി എല്ലാ അശുദ്ധിയിൽനിന്നും പാപമാലിന്യത്തിൽനിന്നും ഒഴിവാക്കപ്പെട്ടിരുന്നു" എന്നാണു്. വി. കൂറില്ലോസ് പറയുന്നതു്, ക്രിസ്തുവും തന്റെ മാതാവും ഒഴികെ എല്ലാവരും പാപത്തിൽ ജനിച്ചു എന്നാണു്. അഞ്ചാംനൂററാണ്ടിൽ ജീവിച്ചിരുന്ന ടൂറിൻ എന്ന സ്ഥലത്തെ മെത്രാനായ വിശുദ്ധ മക്സിമോസ് പറയുന്നതു്, "കന്യകമറിയം ക്രിസ്തുവിനു യോഗ്യമായ ഒരു വാസസ്ഥലമായിരുന്നു. അതു അവളുടെ സൗന്ദയ്യംകൊണ്ടല്ല, പിന്നെയോ ഉത്ഭവത്തിൽ അവൾ പ്രാപിച്ച കൃപാവരംകൊണ്ടായിരുന്നു" എന്നാണു്. വിശുദ്ധ സിപ്രിയാനും ഇതുപോലെയുള്ള സാക്ഷ്യം നൽകുന്നുണ്ടു്.

ഇനിയും മലങ്കരസുറിയാനികത്തോലിക്കരുടേയും യാക്കോബായക്കാരുടേയും കാനോനാനമസ്കാരങ്ങളും പള്ളിക്രമങ്ങളും പരിശോധിക്കുന്നതായാൽ ദൈവമാതാവിനെ വെടിപ്പുള്ള കന്യക, മാലിന്യമില്ലാത്ത കന്യക, രണ്ടാമത്തെ സ്വർഗ്ഗം എന്നെല്ലാമാണു് സംബോധനചെയ്യുന്നതു്.

1927-ൽ ഒരു യാക്കോബായ പ്രമാണി തിരുവല്ല എൻ. പി. പ്രസ്സിൽനിന്നും അടിച്ചിറക്കിയ കന്യകമറിയത്തിന്റെ ജീവചരിത്രപ്പുസ്തകത്തിൽ ദൈവമാതാവിന്റെ അമലോത്ഭവസത്യം പ്രകടമായി പ്രസ്താവിച്ചിരിക്കുന്നു. ഈ വക സത്യങ്ങളെല്ലാം അറിഞ്ഞോ അറിയാതേയോ ആണു് ഇവർ കത്തോലിക്കരെ ആക്ഷേപിക്കുന്നതു്. ഇവർ പറയുന്നതു പരിശുദ്ധ കന്യകമറിയം ഉത്ഭവപാപത്തോടുകൂടി ജനിച്ചുവെന്നും ഗബ്രിയേൽമാലാഖായുടെ വചനിപ്പോടുകൂടിയാണു് അതിൽനിന്നും വിമുക്തയായതെന്നും അതിനാൽ മാതാവിനു ജന്മപാപമുണ്ടെന്നുമാണു്. ഇതു അവരുടെ സ്വന്ത അഭിപ്രായമാണു്. ഇതിനു തെളിവൊന്നുമില്ല. ഇതു കത്തോലിക്കാസഭയിലേക്കുള്ള ജനങ്ങളുടെ ഒഴുക്കിനെ തടയുന്നതിനുള്ള ഒരു വിദ്യയാണു്. പത്രോസിന്റെ പരമാധികാരം, റോമാമാർപ്പാപ്പായുടെ പത്രോസിന്റെ പിൻഗാമിത്വം, വെസ്റ്റുക്കാനാ അല്ലെങ്കിൽ ശുദ്ധീകരണസ്ഥലം ആദിയായ പല വിശ്വാസസത്യങ്ങളും യാക്കോബായപള്ളിക്രമങ്ങളിലും കാനോനാകളിലും വിശദമായി രേഖപ്പെടുത്തിയിരിക്കെ അതിനെതിരായി ഓരോ തക്കങ്ങൾ പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നുണ്ടു്. ഇതു ഓടിക്കൊണ്ടിരിക്കുന്ന തീവണ്ടിയുടെ മുമ്പിൽ ചില വിപ്ലവകാരികൾ തടിയോ കല്ലോ വലിച്ചിട്ടു വണ്ടി മറിക്കാൻ ശ്രമിക്കുന്നതുപോലെയോ, വെള്ളപ്പൊക്കകാലത്തു ഒഴുക്കുചാലുകളിൽ മടവീഴുമ്പോൾ വെള്ളത്തിന്റെ ഊക്കു തടയുന്നതിനായി കൈയിൽകിട്ടിയ വല്ല തടിയോ പടങ്ങോ കൊണ്ടുവന്നു ഇടുന്നതുപോലെയോ ആണു്.

രണ്ടു വർഷംകൊണ്ടു് അയ്യായിരം ആളുകളാണു് തിരുവനന്തപുരം അതിരൂപതയിലും തിരുവല്ലാരൂപതയിലുമായി കത്തോലിക്കാസഭയിൽ ചേന്നതു്. ഇംഗ്ലണ്ടു്, അമേരിക്കാ മുതലായ പാശ്ചാത്യരാജ്യങ്ങളിലെ സ്ഥിതിയും ഇപ്രകാരമാണു്. അമേരിക്കയിൽ ആണ്ടിൽ ഒരുലക്ഷം വീതവും ഇംഗ്ലണ്ടിൽ പന്തീരായിരംവീതവും ആ



For favours received

By C. Aruja, Chathiath

ളുകൾ ചേരുന്നുണ്ടു്. അമേരിക്കയിലെ ഒരു വൻകോടീശ്വരനായ ഹെൻറി ഫോർഡും കുടുംബവും അടുത്തകാലത്തു പ്രോട്ടസ്റ്റൻറുസഭയിൽനിന്നും കത്തോലിക്കാസഭയിൽ ചേന്നവരാണു്. പ്രസ്ബിറേററിയൻ സഭാംഗവും അമേരിക്കൻ സ്റ്റേററു് സിക്രട്ടറിയുമായ മി. ജോൺ ഫോസ്റ്റർ ഡള്ളസിന്റെ മകൻ ഒരു കത്തോലിക്കാവൈദികനാണു്. ഇംഗ്ലണ്ടിൽ ജി. കെ. ചെസ്റ്റേർട്ടൻ, ആർണോൾഡ് ലൺ മുതലായ മഹാരഥന്മാർ കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെട്ടവരാണു്. എല്ലാററിലും ഉപരിയായി നില്ക്കുന്നതു് മഹാഭക്തനും പണ്ഡിതനുമായ കാർഡിനൽ ന്യൂമന്റെ മാനസാന്തരമാണു്. അദ്ദേഹം കത്തോലിക്കാസഭയിൽ ചേന്നപ്പോൾ അന്നത്തെ പ്രധാനമന്ത്രിയായ ഗ്ലാഡ്സ്റ്റൻ പറഞ്ഞതു്, "ആംഗ്ലിക്കൻസഭയുടെ അസ്തിവാരങ്ങൾ ഇളകിമറിഞ്ഞിരിക്കുന്നു"വെന്നാണു്. ഇംഗ്ലണ്ടിനെ മുഴുവനും കുലുക്കിയ ഒരു സംഭവമായിരുന്നതു്. ഇങ്ങനെ വലുതും ചെറുതുമായ അനേകം മത്സ്യങ്ങൾ വി. പത്രോസിന്റെ വലയിൽ കയറിക്കൊണ്ടിരിക്കുന്നുണ്ടു്. ഇപ്പോൾ സമൃദ്ധിയായ വിളവെടുപ്പിന്റെ കാലമാണു്. വേലക്കാർ ചുരുക്കമാകയാൽ ആവശ്യത്തിനു വേലക്കാരെ ലഭിക്കുന്നതിനു നിലത്തിന്റെ ഉടമസ്ഥനോടു മുട്ടിപ്പായി പ്രാത്ഥിക്കാം. ദൈവത്തെ പ്രസവിച്ച പരിശുദ്ധ കന്യകാമറിയം പാപികളുടെ സങ്കേതമാണു്; അപ്പസ്തോലന്മാരുടെ രാജ്ഞിയാണു്. ആ മാതാവിനോടും നമുക്കു പ്രാത്ഥിക്കാം. കാർഡിനൽ ന്യൂമൻ അകത്തോലിക്കരുടെ മാനസാന്തരത്തിനുവേണ്ടി രചിച്ച പ്രാത്ഥനയുടെ ഒരു ഭാഗം താഴെ ഉദ്ധരിക്കുന്നു. സത്യദീപത്തിന്റെ വരിക്കാരെല്ലാവരും ഈ പ്രാത്ഥന നിത്യം ചൊല്ലുന്നതുകൊള്ളാം.

പ്രാത്ഥന:- ഉത്ഭവപാപത്തിൽനിന്നു വിശേഷവരത്താൽ രക്ഷിക്കപ്പെട്ട വിമലകന്യകയേ, ഭിന്നിച്ചുനില്ക്കുന്നവരെങ്കിലും ഇപ്പോഴും നിന്റെ മക്കളായ ഞങ്ങളുടെ സഹോദരങ്ങളെ കരുണാപൂവ്വം കടാക്ഷിക്കയും ഐക്യത്തിന്റെ കേന്ദ്രത്തിലേക്കു് അവരെ തിരികെ വിളിക്കയും ചെയ്യണമേ. ഓ! മാതാവേ, നിന്നിൽനിന്നു അകന്നു നില്ക്കുന്നവരെങ്കിലും അവരിൽ അനേകർ നിന്റെ നേരെ ആർദ്രമായ ഭക്തിയുള്ളവരാണെന്നോക്കണമേ. അവരുടെ ഭക്തിക്കു പ്രതിസമ്മാനമായി മാനസാന്തരത്തിനുള്ള അനുഗ്രഹം അവക്കു നീ പ്രാപിച്ചുകൊടുക്കേണമേ. ഉത്ഭവത്തിന്റെ ആദ്യവിനാഴികമുതൽ നരകശക്തികളുടെമേൽ വിജയം വരിച്ചവളേ, എന്നത്തേക്കാളുമധികം നിന്റെ സഹായം ആവശ്യമുള്ള ഇന്നു് കഴിഞ്ഞകാലത്തെപ്പോലെ നിന്റെ വിജയയാത്ര നീ തുടരണമേ. നഷ്ടപ്പെട്ടുപോയ ആടുകളെ ഏകതൊഴുത്തിലേക്കു തിരിച്ചുകൊണ്ടുവന്നു് നിന്റെ പുത്രനെ മഹത്വപ്പെടുത്തണമേ. ഈ ഭൂമിയിൽ അവിടുത്തെ വികാരിയായ സാവ്വത്രികഇടയനു് അവരെ അനുസരണമുള്ളവരാക്കണമേ. മാതാവേ, ഈ ഭൂമിയിൽനിന്നു് തെററിനെ ഇല്ലായ്മചെയ്യുന്നതും അനൈക്യത്തെ അവസാനിപ്പിക്കുന്നതും ലോകത്തിൽ സമാധാനം പുനഃസ്ഥാപിക്കുന്നതും നിന്റേയും മഹിമയായിരിക്കട്ടെ.

ആമ്മേൻ

—o—




സത്യദീപം വരിസംഖ്യ

പ്രതിവർഷം

ഇൻഡ്യയിൽ ക. 6—8—0

ഇൻഡ്യയ്ക്കു പുറമെ " 8—12—0



വിമശനപംക്തി

# യുക്തിവാദിയുടെ അന്ധവിശ്വാസങ്ങൾ

1. കഴിഞ്ഞ ഇടവം ലക്കം "യുക്തിവാദി"യിൽ ലൂർദ്ദിനെപ്പററി "നീരുറവയുടെ അത്ഭുതസിദ്ധി" എന്ന പേരിൽ എഴുതിയിരുന്ന കുറിപ്പിലെ കുയുക്തികളെയും അവാസ്തവങ്ങളെയും ചൂണ്ടിക്കാണിച്ചുകൊണ്ടും പരമാത്ഥവസ്തുതകൾ വിശദമാക്കിക്കൊണ്ടും ഒരു ലേഖനപരമ്പര സത്യദീപത്തിൻെറ 1956 ജൂൺ 20 മുതൽ ഒക്ടോബർ 3 വരെയുള്ള ലക്കങ്ങളിൽ ചേത്തിരുന്നുവല്ലോ. "യുക്തിവാദികളാണു് ഏററവും വലിയ അന്ധവിശ്വാസികൾ" എന്നു യുക്തിവാദിയിലെ കുറിപ്പിൽനിന്നുതന്നെ തെളിവുകളുദ്ധരിച്ചു പ്രത്യാഖ്യാനലേഖനത്തിൽ ചൂണ്ടിക്കാണിച്ചിരുന്നു. ഞങ്ങളുടെ ആ പ്രസ്താവന അക്ഷരംപ്രതി ശരിയാണെന്നു ധനുലക്കം യുക്തിവാദിയിൽ ചേത്തിരിക്കുന്ന "ലൂർദ്ദിലെക്കാഴ്ചം" എന്ന കുറിപ്പു അവിതക്കിതമായി തെളിയിക്കുകയാണു ചെയ്യുന്നതു്. യുക്തിവാദി എന്ന ലേബലുംപേറി നടക്കുന്നവർ എത്രമാത്രം യുക്തിശൂന്യരാണെന്നും അന്ധവിശ്വാസത്തിൽ കഴിയുന്നവരാണെന്നും, കാപട്യംകൊണ്ടു കച്ചവടം നടത്തുന്നവരാണെന്നും ആ കുറിപ്പു വിശദമാക്കുന്നുണ്ടു്.

പുറകേയെത്തുന്ന ശത്രു പിടികൂടുമെന്നാകുമ്പോൾ ഒട്ടകപ്പക്ഷി തല മണലിൽ പൂഴ്ത്തിക്കളയുമത്രേ. അങ്ങനെ തല മണലിൽ ഒളിച്ചാൽ പിന്നെ ശത്രു തന്നെ കാണുകയേയില്ലായെന്നാണത്രേ ആ പക്ഷി കരുതുന്നതു്. അതു ശരിയാകട്ടെ തെററാകട്ടെ, അത്തരമൊരു ഒട്ടകപ്പക്ഷിനയമാണു യുക്തിവാദി ധനുലക്കത്തിലെ കുറിപ്പിൽ കൈക്കൊണ്ടിരിക്കുന്നതു്. വാദമുഖം കണ്ടില്ലെന്നു വെക്കുക. എന്നിട്ടു് വല്ല കാട്ടിലും പടപ്പിലും തല്ലി, വിഷയത്തിൽനിന്നു ശാഖാചംക്രമണം ചെയ്തു്, വല്ലതുമെല്ലാം പറഞ്ഞു് ജയഭേരി മുഴക്കുക. ഇത്തരം വിതണ്ഡാവാദങ്ങൾകൊണ്ടു തൃപ്തിപ്പെടത്തക്ക ബുദ്ധിശൂന്യന്മാരാണോ "യുക്തിവാദി"യുടെ വായനക്കാരെന്നു ഞങ്ങൾ അത്ഭുതപ്പെടുകയാണു്.

യുക്തിവാദിയുടെ വിതണ്ഡാവാദങ്ങൾക്കുപോലും തങ്ങിനിൽക്കുവാൻ അയഥാത്ഥങ്ങളെയും അന്ധവിശ്വാസങ്ങളെയും ആശ്രയിക്കേണ്ടിവന്നിരിക്കുന്നു. എത്ര ദയനീയമാണു് അവരുടെ നിലയെന്നു നോക്കുക. സത്യത്തോടു് അണുവെങ്കിലും ബഹുമാനമില്ലാത്ത ഇക്കൂട്ടക്കു സത്യം ചൂണ്ടിക്കാണിച്ചുകൊടുത്തതുകൊണ്ടു വലിയ പ്രയോജനമുള്ളതായി കാണുന്നില്ല. അത്ഥശൂന്യവും ആലംബരഹിതവുമായ തങ്ങളുടെ കുയുക്തിവാദത്തിനു് അക്കൂട്ടർ സ്വീകരിക്കുന്ന അടവുകൾ മനസ്സിലാക്കുന്നതിനായി, യുക്തിവാദിയുടെ പ്രത്യാഖ്യാനത്തിൻെറ ചില സാമ്പിളുകൾ മാത്രം ഇവിടെ ചൂണ്ടിക്കാണിക്കാം.

2. അമേരിക്കയിൽനിന്നു പുറപ്പെടുന്ന "റീഡേഴ്സ് ഡൈജസ്റ്റു്" എന്ന മാസിക കത്തോലിക്കരുടെ വകയാണെ"ന്നും "മതവിശ്വാസത്തെ പ്രചരിപ്പിക്കുന്നതിനാണു് അതു പ്രസിദ്ധീകരിക്കുന്ന"തെന്നും യുക്തിവാദി പ്രസ്താവിച്ചിരുന്നു. "റീഡേഴ്സ് ഡൈജസ്റ്റു്" കത്തോലിക്കരുടെ വകയല്ലെ"ന്നും അതു "മതപരമായ ഒരു പ്രസിദ്ധീകരണമല്ലെ"ന്നും തെളിവുകൾ ഉദ്ധരിച്ചു ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. കത്തോലിക്കരുടെ വകയല്ലാത്ത ഒരു മാസിക കത്തോലിക്കരുടെ വകയാണെന്നു മനഃപൂവ്വം കള്ളംപറഞ്ഞ യുക്തിവാദിപ്പത്രാധിപർ, പരമാത്ഥം ബോദ്ധ്യപ്പെടുത്തിക്കൊടുത്തപ്പോൾ അക്കാഴ്ത്തെപ്പററി ഒന്നും മിണ്ടാതെ സൂത്രത്തിൽ ഒഴിഞ്ഞുമാറുകയാണു്. എന്നിട്ടു് "കാത്തലിക് ഡൈജസ്റ്റിൻെറ കൂട്ടത്തിലാണു ഈ നാട്ടിലെ കത്തോലിക്കക്കു റീഡേഴ്സ് ഡൈജസ്റ്റു് റീമെയിലിങ്ങു വഴി സൗജന്യമായി കിട്ടിക്കൊണ്ടിരിക്കുന്നതു്" എന്ന ഒരു പ്രസ്താവനചെയ്തു വിജയഭേരി മുഴക്കുന്നു. "അരിയെത്ര, പയറഞ്ഞാഴി" എന്ന വാദരീതിയാണിതു്.

"റീഡേഴ്സ് ഡൈജസ്റ്റു് കത്തോലിക്കരുടെ വകയാണു്" എന്നു പറഞ്ഞതിൻെറ അത്ഥം "കത്തോലിക്കരുടെ സ്വാധീനതയിലും പണംകൊണ്ടും പ്രധാനമായി കത്തോലിക്കമതത്തിനുവേണ്ടിയും നടത്തുന്നതു്" എന്നാണെന്നു യുക്തിവാദി ഒരു വ്യാഖ്യാനം നൽകുന്നുണ്ടു്. റീഡേഴ്സ് ഡൈജസ്റ്റു് നടത്തുന്നതു കത്തോലിക്കരുടെ സ്വാധീനതയിലല്ലെന്നും, കത്തോലിക്കരുടെ പണം കൊണ്ടല്ലെന്നും, കത്തോലിക്കമതത്തിനു വേണ്ടിയല്ലെന്നും ജൂൺ 20-ാം തീയതിയിലെ ലക്കത്തിൽ ഞങ്ങൾ വ്യക്തമായി ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. റീഡേഴ്സ് ഡൈജസ്റ്റു് ഒരു മതത്തിനുവേണ്ടിയും നടത്തപ്പെടുന്ന ഒരു മാസികയല്ലെന്നു ബോദ്ധ്യമായാലും യുക്തിവാദി സമ്മതിക്കുകയില്ല. റീഡേഴ്സ് ഡൈജസ്റ്റു് പ്രവത്തകക്കു നേരിട്ടോ, അവരെ അറിയുന്ന അമേരിക്കയിലെ വിശ്വസ്തരായ വ്യക്തികളിൽ ആരോടെങ്കിലുമോ എഴുതിച്ചോദിച്ചാൽ നിഷ്പ്രയാസം മനസ്സിലാക്കാവുന്ന ഒരു വസ്തുതയാണിതു്. അതു ചെയ്യാതെ "കത്തോലിക്കരുടെ സ്വാധീനതയോ അവരുടെ പണപ്രേരണയോ കൂടാതെയാണു്" റീഡേഴ്സ് ഡൈജസ്റ്റു് നടത്തുന്നതെന്നു" ആരു പറഞ്ഞാലും അതു ഉപ്പുകൂടാതെ വിഴുങ്ങാവുന്നതല്ലാ" യെന്നു യുക്തിവാദി ശാഠ്യം പിടിക്കുന്നു. ഇത്തരം അന്ധവിശ്വാസമനസ്ഥിതിക്കു പ്രതിവിധി ഉണ്ടെന്നു തോന്നുന്നില്ല.

3. "റീഡേഴ്സ് ഡൈജസ്റ്റിൻെറ പത്രാധിപരായിരുന്ന ഫൾട്ടൻ ഓസ്ലർ മരിക്കുന്നതിനു കുറേ മുൻപു കത്തോലിക്കനായി എന്നതാണു ആ മാസികയും കത്തോലിക്കരുമായുള്ള ബന്ധം എന്നു ഞങ്ങൾ പറഞ്ഞിരുന്നു. മരിക്കുന്നതിനു കുറേ മുൻപു് എന്നു പറഞ്ഞാൽ ദീനക്കിടക്കയിലാണു കത്തോലിക്കനായതു എന്ന പ്രതീതി ഉണ്ടാകും എന്നാണു യുക്തിവാദിയുടെ മറുപടി. ഏതായാലും യുക്തിവാദിക്കല്ലാതെ ആക്കും അത്തരമൊരു പ്രതീതി ഉണ്ടായിട്ടില്ല. മരിക്കുന്നതിനു രണ്ടോ മൂന്നോ ഇനി അഞ്ചോ പത്തോ കൊല്ലം മുൻപു കത്തോലിക്കനായാലും ഞങ്ങളുടെ വാദത്തിനു അതു് ഒരു വിധത്തിലും പ്രതിബന്ധമായി വരുന്നതല്ല.

എന്നാൽ ഫൾട്ടൻ ഓസ്ലറെപ്പററി ഏററവും ഭയങ്കരമായ കള്ളം—ഉപ്പു ചേത്താലും വിഴുങ്ങുവാൻ സാദ്ധ്യമല്ലാത്ത മഹാ കള്ളം—യുക്തിവാദി തട്ടിമൂളിക്കുന്നു. "അദ്ദേഹം റീഡേഴ്സ് ഡൈജസ്റ്റിൻെറ പത്രാധിപരായി പ്രവൃത്തിയെടുത്തുകൊണ്ടിരുന്ന കാലത്തു് ലൂർദ്ദിലെ ദിവ്യാത്ഭുതങ്ങളായ രോഗശാന്തികളെ പ്രചരിപ്പിക്കുന്നതിനായി മാത്രം 'The Greatest Story Ever Told' എന്ന ഗ്രന്ഥം ഓസ്ലർ തന്നെ എഴുതി പ്രസിദ്ധപ്പെടുത്തുകയും അതുകൊണ്ടദ്ദേഹം വലിയ സമ്പാദ്യമുണ്ടാക്കുകയും ചെയ്തിട്ടുള്ള കത്തോലിക്കനായിട്ടുണ്ടു്" എന്ന പ്രസ്താവമാണതു്, (1) The Greatest Story Ever Told എന്ന ഗ്രന്ഥം ലൂർദ്ദിലെ അത്ഭുതങ്ങളായ രോഗശാന്തികളെ പ്രചരിപ്പിക്കാനായി എഴുതിയിട്ടുള്ളതാണു്; (2) ഓസ്ലർ കത്തോലിക്കനായ ശേഷമാണു് ആ ഗ്രന്ഥം എഴുതിയിട്ടുള്ളതു് എന്നീ രണ്ടു പ്രസ്താവങ്ങളും വെള്ളം തൊടാത്ത പച്ചക്കള്ളങ്ങളാണു്.

The Greatest Story Ever Told എന്ന ഗ്രന്ഥം ഇന്നാട്ടിലും പ്രചരിച്ചിട്ടുണ്ടു്. ഏതു ഡിപ്പോയിലും അതു കിട്ടും. അതിൻെറ ഒന്നിലധികം പരിഭാഷകളും മലയാളത്തിലുണ്ടായിട്ടുണ്ടു്. അതു വായിക്കണ്ടാ, വെറുതെ ഒന്നു എടുത്തു നിവത്തുനോക്കിയാൽ മതി, അതു ലൂർദ്ദിനെപ്പററിയുള്ള ഒരു ഗ്രന്ഥമല്ലായെന്നു മനസ്സിലാക്കുവാൻ. The Greatest Story Ever Told എന്ന ഗ്രന്ഥം ക്രിസ്തുവിൻെറ ജീവചരിത്രമാണു്. അതിൽ ലൂർദ്ദിനെപ്പററി ഒരുസൂചനപോലുമില്ല. പിന്നെയല്ലേ അവിടത്തെ അത്ഭുതങ്ങളായ രോഗശാന്തികളുടെ കാഴ്യം? ലൂർദ്ദിലെ അത്ഭുതങ്ങളെ നിഷേധിക്കുവാനുള്ള വെപ്രാളത്തിൽ യുക്തിവാദി പത്രാധിപക്കു എല്ലാം ലൂർദ്ദമയമായി തോന്നിപ്പോകുന്നതായിരിക്കാം. താൻ ഏതു വിഡ്ഢിത്തം പറഞ്ഞാലും തൻെറ വായനക്കാർ അതു വെട്ടിവിഴുങ്ങിക്കൊള്ളും എന്ന ധൈയ്യമാകാം ആ പുസ്തകം ഒന്നു തുറന്നുനോക്കാതെ, അതിനെപ്പററി വിഡ്ഢിയെഴുതുവാൻ അദ്ദേഹത്തെ ധൈയ്യപ്പെടുത്തിയതു്.

ഓസ്ലർകത്തോലിക്കനാകുന്നതിനു വളരെ മുൻപു് 1935-ലാണു് The Greatest Story Ever Told എന്ന ഗ്രന്ഥം എഴുതിയതു്. ആദ്യം 1947-ൽ അതു റേഡിയോ വഴി പ്രക്ഷേപണം ചെയ്യുകയായിരുന്നു. 1949 ഫെബ്രുവരിയിലാണു് ഗ്രന്ഥരൂപത്തിൽ ആദ്യം പ്രസിദ്ധം ചെയ്തതു്. 1952 ജനുവരിവരെ ആ പുസ്തകത്തിനു 58 പതിപ്പുകൾതന്നെ ഉണ്ടായി. ഇതിൽനിന്നു ഓസ്ലറുടെ പണസമ്പാദ്യവും അദ്ദേഹത്തിൻെറ കത്തോലിക്കത്വവുമായി ബന്ധമൊന്നുമില്ലെന്നു വ്യക്തമാണല്ലോ

(തുടരും)




# ചോദിച്ചാൽ പറയാം

66. ചോ: മാപ്പാപ്പാമാരെ തിരഞ്ഞെടുക്കുന്നതു് അതതുകാലത്തെ കർദ്ദിനാളന്മാരിൽനിന്നു മാത്രമേ പാടുള്ളോ? അതോ മെത്രാന്മാരിൽനിന്നോ വൈദികരിൽനിന്നോ തിരഞ്ഞെടുക്കാമോ?

പി. ജെ. ഡി. കാളകെട്ടി

ഉ: മാപ്പാപ്പാമാരെ കർദ്ദിനാളന്മാരിൽനിന്നു മാത്രമേ തിരഞ്ഞെടുക്കാവൂ എന്നു് അനുശാസിക്കുന്ന യാതൊരു നിയമവുമില്ല. പ്രായപൂത്തി വന്നിട്ടുള്ള, സുബുദ്ധിയുള്ള ഏതൊരു ക്രൈസ്തവപുരുഷനേയും—അയാൾ ശീശ്മയിലോ ഇടത്തൂടിലോ പെടുകയോ മതോദ്യോഗങ്ങളെ വിക്രയം ചെയ്യുകയോ (Simony) ചെയ്തിട്ടുള്ള ആളല്ലെങ്കിൽ—മാപ്പാപ്പായായി തിരഞ്ഞെടുക്കാവുന്നതാണു്. എന്നാൽ 6-ാം ഉർബാൻ (1378—89) മാർപ്പാപ്പായുടെ കാലത്തിനുശേഷം കർദ്ദിനാളല്ലാത്ത ഒരാൾ മാർപ്പാപ്പായായി തിരഞ്ഞെടുക്കപ്പെട്ടിട്ടില്ല.

കർദ്ദിനാളന്മാരുടെ ഒരു രഹസ്യസമ്മേളനത്തിൽ—കൺക്ലേവിൽ—വച്ചു് രഹസ്യവോട്ടുവഴിക്കാണു് മാപ്പാപ്പായെ തിരഞ്ഞെടുക്കുന്നതു്. ഇവിടെ വോട്ടറന്മാർ കർദ്ദിനാളന്മാരാണു്. ഒരു സത്യപ്രതിജ്ഞ ചെയ്തശേഷമാണു് അവർ സമ്മതിദാനം നടത്തുന്നതു്. "മാർപ്പാപ്പായായി തിരഞ്ഞെടുക്കപ്പെടുവാൻ ദൈവം ആഗ്രഹിക്കുന്നുവെന്നു ഞാൻ വിശ്വസിക്കുന്ന ആളിനാണു് ഞാൻ സമ്മതിദാനം ചെയ്യുന്നതു് എന്നതിനു ഈശോമിശിഹാ എനിക്കു സാക്ഷിയായിരിക്കുന്നു" എന്നതാണു് ആ പ്രതിജ്ഞ. ഓരോ കർദ്ദിനാളും തൻെറ ബുദ്ധിയിൽ ഏററവും യോഗ്യൻ എന്നു തോന്നുന്നയാളിനു വോട്ടുചെയ്യുന്നു. തന്മൂലം കർദ്ദിനാളല്ലാത്ത ഒരാൾ എന്തുകൊണ്ടു തിരഞ്ഞെടുക്കപ്പെടുന്നില്ലായെന്ന പ്രശ്നം ഉദിക്കുന്നില്ല.

ഒരു കാഴ്യംകൂടി. മാപ്പാപ്പാ തിരുസഭയുടെ പരമാദ്ധ്യക്ഷനാകുന്നതു റോമാമെത്രാൻ എന്ന നിലയിലാണു്. മാർപ്പാപ്പായായതുകൊണ്ടു റോമാമെത്രാനാകുകയല്ലാ; റോമാമെത്രാനായതുകൊണ്ടു് മാർപ്പാപ്പായാകുകയാണു്. ആകയാൽ മാർപ്പാപ്പായെ തിരഞ്ഞെടുക്കുകയെന്നു പറഞ്ഞാൽ, യഥാത്ഥത്തിൽ റോമാമെത്രാനെ തിരഞ്ഞെടുക്കുകയാകുന്നു. തങ്ങളുടെ മെത്രാനെ തിരഞ്ഞെടുക്കുവാനുള്ള അവകാശം റോമയിലെ വൈദികക്കുള്ളതാണല്ലോ. റോമാരൂപതയിലെ പ്രമുഖവൈദികരാണു് അതു ചെയ്യുന്നതു്. ഇന്നും അങ്ങനെതന്നെ. കർദ്ദിനാളന്മാരെല്ലാം റോമാരൂപതയിലെ ഏതെങ്കിലും ഇടവകയുടെ സ്ഥാനികാധികാരികളാണു്. അവരെക്കാൾ പ്രമുഖരായ വൈദികർ റോമാരൂപതയിൽ ഉണ്ടായിരിക്കുന്നില്ല. ഒരു കർദ്ദിനാളും ഇല്ലാതിരിക്കുന്ന ഒരു കാലം ഉണ്ടായിയെന്നു സങ്കല്പിക്കുക. അന്നു് മാർപ്പാപ്പായെ തിരഞ്ഞെടുക്കുന്നതു് റോമയിൽ അവശേഷിക്കുന്ന വൈദികരായിരിക്കും; മെത്രാന്മാരുടെ സൂനഹദോസുപോലും ആയിരിക്കുകയില്ല.

67. ചോ: മാർപ്പാപ്പാമാർക്കു വത്തിക്കാൻ അരമനവിട്ടു പുറത്തു സഞ്ചരിച്ചുകൂടെയോ? ഇററലിക്കാരനല്ലാത്ത ഒരാൾ പാപ്പായായി തിരഞ്ഞെടുക്കപ്പെട്ടാൽ അദ്ദേഹം വത്തിക്കാനിൽതന്നെ താമസിക്കണമെന്നുണ്ടോ?

(പി. ജെ. ഡി. കാളകെട്ടി)

ഉ: മാർപ്പാപ്പാമാക്കു വത്തിക്കാൻ അരമനവിട്ടു പുറത്തു സഞ്ചരിച്ചുകൂടായെന്നു നിയമമൊന്നുമില്ല. മുൻപു മാർപ്പാപ്പാമാർ വത്തിക്കാൻവിട്ടു പുറത്തു സഞ്ചരിച്ചിരുന്നു. 6-ാം പീയൂസ് മാർപ്പാപ്പാ വിയെന്നായിലും 7-ാം പീയൂസ് മാർപ്പാപ്പാ പാരീസിലും എഴുന്നെള്ളിയിട്ടുണ്ടല്ലോ. എന്നാൽ പത്തൊൻപതാംനൂററാണ്ടിൽ മാർപ്പാപ്പായുടെ രാജ്യങ്ങളെല്ലാം അപഹൃതമാകുകയും ആ അപഹരണത്തെ സമ്മതിച്ചു് ഒപ്പുവച്ചുകൊടുക്കുവാൻ ഇററലിയൻസ്റ്റേററു് നിർബന്ധം ചെലുത്തുകയും ചെയ്തപ്പോൾ 9-ാം പീയൂസ് മാർപ്പാപ്പാ സ്വയം ഒരു തടവുകാരനായി വത്തിക്കാൻവിട്ടു പുറത്തിറങ്ങാതെ കഴിച്ചുകൂട്ടി. അവിടുത്തെ പിൻഗാമികളായ 13-ാം ലെയോ, പത്താംപീയൂസ്, പതിനഞ്ചാം ബനദിക്തോസ്, പതിനൊന്നാം പീയൂസ് എന്നീ തിരുമേനിമാരും വത്തിക്കാൻ തടവുകാരായിത്തന്നെ കഴിഞ്ഞുപോന്നു.

എന്നാൽ മാർപ്പാപ്പായുടെ ലൗകികാധിപത്യം അംഗീകരിച്ചുകൊണ്ടുള്ള 1929-ലെ ലാത്തറാൻ ഉടമ്പടിയോടുകൂടി സ്ഥിതിഗതികൾക്കെല്ലാം മാററംവന്നു. ഇന്നു മാർപ്പാപ്പാ ഒരു തടവുകാരനല്ല. അവിടുത്തേക്കു പുറമെ സഞ്ചരിക്കുന്നതിനു വ്യക്തിപരമായ തടസ്സമില്ല. അവിടുന്നു സഞ്ചരിക്കുന്ന രാജ്യത്തിലെ വിസാ കിട്ടിയിരിക്കണമെന്നേയുള്ളു. ഈയിടെ കാസ്റ്റൽഗൊൺഡോൾഫോയിൽനിന്നു വത്തിക്കാനിലേക്കു മടങ്ങുന്ന വഴി ഇററലിയിലെ ഒരു പ്രദേശം പന്ത്രണ്ടാംപീയൂസ് തിരുമേനി സന്ദശിക്കുകയുണ്ടായി. മാർപ്പാപ്പാ തിരുമേനി വത്തിക്കാൻ വിട്ടു പുറമെ സഞ്ചരിക്കുന്നതു പ്രയോജനപ്രദമായിരിക്കുമോയെന്നു തീരുമാനിക്കേണ്ടതു അവിടുന്നു തന്നെയാണല്ലോ.

മാർപ്പാപ്പാ റോമാമെത്രാനാകയാൽ റോമയിൽതന്നെ താമസിക്കുകയെന്നതാണു് യുക്തിപൂവ്വമായിട്ടുള്ളതു്. ഇററലിക്കാരനല്ലാത്ത ഒരാൾ മാർപ്പാപ്പായായി തിരഞ്ഞെടുക്കപ്പെട്ടാൽ അദ്ദേഹം വത്തിക്കാനിൽതന്നെ സ്ഥിരതാമസമാക്കുമെന്നാണു് ന്യായമായി അനുമാനിക്കേണ്ടതു്. പക്ഷെ പാപ്പാസ്ഥാനത്തിൻെറ നിലനില്പിനു് വത്തിക്കാനിൽതന്നെ താമസിച്ചുകൊള്ളണമെന്നില്ല. മാർപ്പാപ്പാ ലോകത്തിൻെറ ഏതുഭാഗത്തു താമസിച്ചാലും അദ്ദേഹം മാർപ്പാപ്പാതന്നെയായിരിക്കും. അദ്ദേഹം എവിടെ താമസിക്കുന്നുവെന്നതിലല്ലാ, അദ്ദേഹം യഥാത്ഥ റോമാമെത്രാനാണോയെന്നതിലാണു് അദ്ദേഹത്തിൻെറ അധികാരം സ്ഥിതിചെയ്യുന്നതു്.

68. സ്വരാജ്യരക്ഷയ്ക്കായി പട്ടാളത്തിൽ ചേരാമോ? അങ്ങനെ പട്ടാളത്തിൽ ചേന്നു യുദ്ധംചെയ്യുന്നതുമൂലം ജനങ്ങളെ കൊല്ലേണ്ടിവന്നാൽ അതു നീതീകരിക്കാമോ?

(പി. ജെ. ഡി. കാളകെട്ടി)

ഉ: സ്വരാജ്യത്തിൻെറ രക്ഷയ്ക്കുവേണ്ടി പട്ടാളത്തിൽ ചേരുന്നതു ഒരുവിധത്തിലും തെററല്ലാ. പന്ത്രണ്ടാംപീയൂസു മാർപ്പാപ്പാ തിരുമനസ്സിലെ ഇക്കഴിഞ്ഞ ക്രിസ്തുമസ് സന്ദേശത്തിൽ ഈ വിഷയത്തെപ്പററി വിശദമായി പ്രതിപാദിച്ചിട്ടുണ്ടു്. സുദീർഘമായ ആ പ്രഭാഷണത്തിൻെറ അവസാനഭാഗത്തു തിരുമേനി ഇങ്ങനെ പ്രസ്താവിക്കുന്നു:

"യുദ്ധം ഒഴിവാക്കുവാനുള്ള എല്ലാ യത്നങ്ങളും നിഷ്ഫലമായിത്തീരുകയും, ഫലപ്രദമായ സ്വയരക്ഷണത്തിനും, അനീതിപരമായ ആക്രമണത്തിനെതിരായി അനുകൂലമായ ഫലം ഉണ്ടാകുമെന്ന

(ശേഷം 9-ാം പേജിൽ)

## ഇടവകവാർത്തകൾ

**കലവങ്കാട്ട്:** ഓപ്രായിലുള്ള ലൂയിസ് എസ്റ്റേറ്റിൽവെച്ചു തിരുവനന്തപുരം മെത്രാപ്പോലീത്ത, തിരുവല്ലാ മെത്രാൻ എന്നീ തിരുമേനിമാർക്കു ജനുവരി 10-ാം തീയതി വൻപിച്ച ഒരു സ്വീകരണം നൽകപ്പെട്ടിരിക്കുന്നു. തിരുമേനിമാരുടെ ബഹുമാനാർത്ഥം മി. എസ്. പി. ലൂയിസും സഹോദരന്മാരും കൂടി നടത്തിയ ഡിന്നർ സൽക്കാരത്തിൽ അനേകം വൈദികരും പൗരമുഖ്യന്മാരും സംബന്ധിച്ചിരുന്നു. 11-ാം തീയതി രാവിലെ തിരുവല്ലാ മെത്രാൻ തിരുമേനി ആഘോഷമായ ദിവ്യപൂജ സമർപ്പിച്ചു. ദിവ്യപൂജയ്ക്കും ദിവ്യകാരുണ്യവാഴ്‌വിനും ശേഷം തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ തന്നെ ഒരു പൊതുയോഗംകൂടി. പുനരൈക്യത്തിന്റെ ആവശ്യകതയെ ഊന്നി തിരുമേനിയും, ഫാദർ ജോസഫ് പാട്ടാനിയും ഓരോ പ്രസംഗങ്ങൾ ചെയ്തു. ശ്രീ എസ്. പി. ലൂയിസ് കൃതജ്ഞത പ്രകാശിപ്പിച്ചു. ഉച്ചയ്ക്കു ലൂയിസ് എസ്റ്റേറ്റുടമസ്ഥരുടെ വക ലഞ്ചു സൽക്കാരവും ഉണ്ടായിരുന്നു.

**ചേപ്പുംപാറ:** കുഴിക്കാട്ടുമറ്റത്തിൽ ശ്രീ പീലിപ്പോസിന്റെ പുത്രൻ കെ. പി. മാത്യുവും ചേംപ്ലാവു പള്ളി ഇടവക വരിക്കയിൽ ശ്രീ ജോസഫിന്റെ പുത്രി കുമാരി മേരിക്കുട്ടിയും തമ്മിലുള്ള വിവാഹം ചേപ്പുംപാറ പള്ളിയിൽവെച്ചു ജനുവരി 7-ാം തീയതി നടന്നിരിക്കുന്നു. റവ. ഫാദർ തോമസ് നീലംപേരിലാണു വിവാഹകർമ്മം ആശീർവ്വദിച്ചതു്.

**തലോർ:** ജനുവരി 13-ാംനു ഞായറാഴ്ച ഇവിടത്തെ ഉണ്ണീശോയുടെ തിരുനാളിനോടനുബന്ധിച്ചു് കുട്ടികളുടെ പ്രഥമദിവ്യകാരുണ്യസ്വീകരണവും സ്ഥൈര്യലേപനവും നടത്തപ്പെട്ടു. അന്നു ഉച്ചതിരിഞ്ഞു് ഗംഭീരമായ തോതിൽ മെയിൻറോഡുവരെ സജ്ജമാക്കിയിരുന്ന പന്തലിൽക്കൂടി പരി: കുർബാനയുടെ പ്രദക്ഷിണം നടത്തപ്പെട്ടു. തൃശ്ശൂർമെത്രാൻ റൈററ് റവ ഡോക്ടർ ആലപ്പാട്ട് തിരുമേനിയുടെ കാർമ്മികത്വത്തിലാണു് തിരുക്കർമ്മങ്ങൾ നടന്നതു്. ആയിരക്കണക്കിനു രൂപാ ചെലവുചെയ്തു നിർമ്മിച്ച പ്രദക്ഷിണവീഥി ഈ നാട്ടുകാരായ കത്തോലിക്കാ യുവാക്കന്മാരുടെ തീവ്രയത്നഫലമായിരുന്നു. ആയിരക്കണക്കിനു ഭക്തജനങ്ങൾ ദിവ്യകാരുണ്യപ്രദക്ഷിണത്തിൽ പങ്കെടുത്തു.

**കുന്നംകുളം ചിറളയം:** സ്ഥലത്തു വി. സെബസ്ത്യാനോസ് സഹദായുടെ ദേവാലയത്തിൽ ആണ്ടുതോറും നടത്തിവരാറുള്ള നാല്പതുമണിയാരാധന ഇക്കൊല്ലം ജനു: 25, 26, 27 എന്നീ ദിവസങ്ങളിലാണു് നടത്തപ്പെടുന്നതു്.

**നിർമ്മലപുരം:** ചെറുപുഷ്പമിഷൻലീഗിന്റെ നേതൃത്വത്തിൽ സ്ഥലത്തും പരിസരങ്ങളിലുമുള്ള നാനാജാതിമതസ്ഥരായ ബാലികാബാലന്മാരെ സംഘടിപ്പിച്ചു് ഗാന്ധിസ്മാരകബാലജനസഖ്യം എന്ന പേരിൽ ഒരു സംഘം പ്രവർത്തനം നടത്തിവരുന്നു. എല്ലാ ഞായറാഴ്ചയും സഖ്യത്തിന്റെ യോഗങ്ങൾ കൂടാറുണ്ടു്.

**എറണാകുളം:** സെൻറ് തെരേസാസ് കർമ്മലീത്താ ആശ്രമദേവാലയത്തിൽ (കണ്ണങ്കുന്നത്തു) സ്ഥാപിതമായിരിക്കുന്ന ചെറുപുഷ്പഭക്തസഖ്യ മിഷൻലീഗിന്റെ 7-ാമതു വാർഷികം കഴിഞ്ഞ ഞായറാഴ്ച വെരി റവ. ഫാദർ ഗീവറുഗീസ് കോറെപ്പിസ്കോപ്പാ ബി. എ. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടിരിക്കുന്നു. തദവസരത്തിൽ ശ്രീ ജോസഫ് സിബാസ്റ്റ്യൻ ഒരു പ്രസംഗംചെയ്തു. മി. കെ ജെ വറുഗീസ് ആൻറു പാർട്ടിയുടെ "തോമാശ്ലീഹാ വന്നാൽ" എന്ന രസകരമായ ഓട്ടൻതുള്ളൽ കലാപരിപാടിയും ഉണ്ടായിരുന്നു.

സ്ഥലം സെൻറ് അഗസ്റ്റിൻസ് ഹൈസ്കൂളിൽ സ്ഥാപിതമായിരിക്കുന്ന സാഹിത്യസമാജത്തിന്റെയും രക്ഷാകർത്തൃദിനത്തിന്റെയും 12-ാം വാർഷികം കഴിഞ്ഞ ഞായറാഴ്ച സ്കൂൾ അങ്കണത്തിൽവച്ചു നിർമ്മലകോളെജ് വൈസ് പ്രിൻസിപ്പാൾ റവ. ഫാദർ തോമ്മസ് മൂത്തേടൻ എം എ ഡി ഡി അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടിരിക്കുന്നു. ശ്രീ കെ എം തരകൻ എം എ ഒരു പ്രസംഗംചെയ്തു. വിദ്യാർത്ഥികൾ വഴിത്താര എന്ന പ്രഹസനം അഭിനയിച്ചു.

**കിഴക്കമ്പലം:** പുനരൈക്യപ്പെട്ട പരേതനായ വാചയിൽ ചാണ്ടി വൈദ്യന്റെ നാല്പതടിയന്തിരം പ്രമാണിച്ചു ശാലേംപള്ളിയിൽ 12 വൈദികരുടെ സാന്നിദ്ധ്യത്തിലും വന്ദ്യദിവ്യശ്രീ വി. സി. ഗീവറുഗീസ് കോറെപ്പിസ്കോപ്പാ ബി. ഏ. യുടെ പ്രധാന കാർമ്മികത്വത്തിലും മൂന്നുമ്മേൽ കുർബാന മുതലായ തിരുക്കർമ്മങ്ങൾ നടത്തപ്പെട്ടു. 11 മണിക്കു 600-ൽപരമാളുകൾക്കു വിഭവസമൃദ്ധമായ സദ്യയും, 4 മണിക്കു വൈദികർ, ഉദ്യോഗസ്ഥന്മാർ, പൗരമുഖ്യന്മാർ മുതലായവർക്കു ചായസല്ക്കാരവും നടത്തപ്പെട്ടു.


**പുപ്പുറ:** വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാൾ പൂർവ്വാധികം ഭംഗിയായി ആഘോഷിച്ചിരിക്കുന്നു. തിരുനാളിന്റെ തലേദിവസം ഇംഗ്ലീഷ് സ്കൂൾഹാളിൽവെച്ചു് ചർച്ചുബിൽഡിംഗ് ഫണ്ടിനുവേണ്ടി ഒരു കഥാപ്രസംഗം നടത്തുകയുണ്ടായി.

## അടുത്തയാഴ്ചയിൽ

ജാനുവരി
31 വ്യാ: പത്രോസ് നൊളാസ്കോ

ഫെബ്രുവരി
1 വെ: വി. അഗ്നാത്തീസ്
2 ശ: പ. കന്യകാമറിയത്തിന്റെ ശുദ്ധീകരണം
3 ഞാ: ദനഹ 4-ാം ഞായർ
4 തി: വി. അന്ത്രയോസ് കർസീനോസ്
5 ചൊ: വി. അഗത്താ
6 ബു: വി. തേത്തോസ്


## നിര്യാതനായി



ശ്രീ വിതയത്തിൽ
**ദേവസ്സി കുഞ്ഞിപൗലോ**

സത്യദീപം പത്രാധിപർ റവ. ഫാദർ ജോസഫ് വിതയത്തിൽ അവർകളുടെ പ്രിയപിതാവു പുത്തൻപള്ളി ഇടവക വിതയത്തിൽ ദേവസ്സി കുഞ്ഞിപൗലോ അവർകൾ, 82-ാമത്തെ വയസ്സിൽ വാർദ്ധക്യസഹജമായ രോഗത്താൽ ജനുവരി 26-ാംനു ശനിയാഴ്ച വൈകുന്നേരം 6 മണിക്കു്, സ്വപുത്രന്റെ കരങ്ങളിൽനിന്നും അന്ത്യകൂദാശകളെല്ലാം സ്വീകരിച്ചു കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം പിറേദിവസമായ ഞായറാഴ്ച വൈകുന്നേരം അഞ്ചുമണിക്കു മുപ്പതോളം വൈദികരുടേയും പല ദർശനസമൂഹങ്ങളുടെയും ഒരു വൻപിച്ച ജനക്കൂട്ടത്തിന്റെയും സാന്നിദ്ധ്യത്തിൽ നടത്തപ്പെട്ടു. വീട്ടിൽവെച്ചു എറണാകുളം അതിരൂപതാ ചാൻസലർ വെരി റവ. മോൺ വറുഗീസ് പുതുശേരി അവർകളുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെട്ട ഒപ്പീസിനുശേഷം ഫാദർ മാത്യു മങ്കുഴിക്കരി ചരമപ്രഭാഷണം നടത്തി. പരേതന്റെ അനുകരണീയമായ ജീവിതത്തെയും കഴിഞ്ഞ 40 വർഷങ്ങളോളമായി മുടങ്ങാതെ മാസാദ്യ വെള്ളിയാഴ്ചഭക്തി തുടർന്നുപോന്നിരുന്നതിനെയും, കുറെനാളായി രോഗശയ്യയിൽ കിടക്കുകയായിരുന്നെങ്കിലും മരണദിവസം സുബോധത്തോടെ ദിവ്യകാരുണ്യം സ്വീകരിക്കുവാൻ സാധിച്ചതിനെയും അദ്ദേഹം പ്രത്യേകം അനുസ്മരിക്കുകയുണ്ടായി. അനന്തരം റവ. ഫാദർ വിതയത്തിൽ അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ ശവസംസ്കാരയാത്ര ദേവാലയത്തിലേക്കു പുറപ്പെട്ടു. ദേവാലയത്തിലെത്തിയപ്പോൾ എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലെ പ്രധാനകാർമ്മികത്വത്തിൽ ഒപ്പീസും മറ്റു് അന്ത്യകർമ്മങ്ങളും നടത്തപ്പെട്ട അനന്തരം ദേവാലയാന്തർഭാഗത്തു് പ്രത്യേകം തയാറാക്കപ്പെട്ടിരിക്കുന്ന കല്ലറയിൽ മൃതശരീരം സംസ്കരിക്കപ്പെട്ടു. പരേതന്റെ പുത്രമിത്രാദികളെ അനുശോചിക്കുകയും, ആത്മാവിനു നിത്യശാന്തി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

R. I. P.



1946-ൽ പാസാക്കപ്പെട്ട കൊളോണിയൽ ഡവലപ്പമെൻറ് ആൻഡ് വെൽഫയർ ആക്ടപ്രകാരം കോളനികളിലെ വിദ്യാഭ്യാസപുരോഗതിക്കായി 2200 ലക്ഷം പവൻ ബ്രിട്ടൻ ചെലവാക്കിയിരിക്കുന്നു. ഫിജിയിലെ ക്വീൻ വിക്ടോറിയാ സ്കൂളിലെ ഒരു ക്ലാസാണു ചിത്രം.

## കേരളവാർത്തകൾ

—കേരളത്തിലെ അടുത്ത പൊതുതിരഞ്ഞെടുപ്പു് ഫെബ്രുവരി 28, മാർച്ച് 5, 7, 9, 11 ഈ തീയതികളിൽ കാലത്തു 7-30 മുതൽ വൈകുന്നേരം 4 മണി വരെയുള്ള സമയത്തു് നടത്തപ്പെടുന്നതാണു്.

—ഇതേവരെ സ്വതന്ത്രമായി പ്രവർത്തിച്ചുകൊണ്ടിരുന്ന സിവിൽ സപ്ലൈസ് വകുപ്പു് റവന്യൂബോർഡ് 3-ാം മെമ്പറുടെ നേരിട്ടുള്ള ഭരണത്തിൻ കീഴിലാക്കിയിരിക്കുന്നു. അദ്ദേഹം തന്നെയായിരിക്കും സിവിൽ സപ്ലൈസ് കമ്മീഷണർ.

—കൊല്ലത്തു കിഴക്കെ പോലീസുസ്റ്റേഷനു തെക്കുവശത്തു ഒരു ലക്ഷം ക. ചെലവാക്കി പണിയിച്ച രണ്ടുനിലക്കെട്ടിടത്തിൽ സ്ഥാപിച്ചിരിക്കുന്ന പോലീസ് ക്ലബ്ബ് ആഡൈ്വസർ മി. കെ. രാമുണ്ണിമേനോൻ ഉദ്ഘാടനം ചെയ്തിരിക്കുന്നു.

—ശ്രീ പാലാ നാരായണൻ നായരെ കേരള സാഹിത്യ അക്കാദമിയുടെ സെക്രട്ടറിയായി 200—300 ക. സ്കെയിലിൽ നിയമിച്ചിരിക്കുന്നു.

—മട്ടാഞ്ചേരിയും ഫോർട്ടുകൊച്ചിയും ചേർത്തു് ഒരു മുനിസിപ്പൽ കോർപ്പറേഷൻ സ്ഥാപിക്കുവാൻ ഗവമ്മെൻറ് ആലോചിച്ചുവരുന്നതായി അറിയുന്നു.

—നീണ്ടകരയ്ക്കടുത്തു ഇൻഡോ-നോർവീജിയൻ ഫിഷറികളുടേയും സാമൂഹ്യവികസന പദ്ധതികളുടേയും ആഭിമുഖ്യത്തിൽ സ്ഥാപിച്ചിട്ടുള്ള ഐസ് ഫാക്ടറിയും കോൾഡ് സ്റ്റോറേജും കേന്ദ്രകൃഷികാര്യമന്ത്രി ഡോക്ടർ പഞ്ചാബുറാവു ദേശമുഖ് ഉൽഘാടനം ചെയ്തിരിക്കുന്നു.

—അറോമിക് എനർജികമ്മീഷൻ ബോംബെയിൽനിന്നും പ്രത്യേകവിമാനമാർഗ്ഗം എറണാകുളത്തെത്തി ആലുവാ സന്ദർശിച്ചു മടങ്ങിപ്പോയിരിക്കുന്നു.

—കോതമംഗലം മേത്രാൻ റൈററ് റവ. ഡോക്ടർ മാത്യു പോത്തനാമുഴി തിരുമനസ്സിലേക്കു മൂവാററുപുഴ നിർമ്മലാകോളേജിന്റെ വകയായി സമുചിതമായ ഒരു സ്വീകരണം നൽകിയിരിക്കുന്നു. അതോടുകൂടിത്തന്നെ കോളേജ് ദിനാഘോഷവും നടത്തപ്പെട്ടു.

—25 കയർ തൊഴിലാളി സഹകരണസംഘങ്ങൾ അടുത്തുതന്നെ മലബാർ പ്രദേശത്തു് ആരംഭിക്കുന്നതാണു്.

—എറണാകുളം മഹാരാജാസ് കോളേജിനോടനുബന്ധിച്ചുള്ള ഫാർമസിയിൽ ഒരു ത്രിവത്സര കോഴ്സ് ആരംഭിക്കുന്നതിനുള്ള ഒരു പദ്ധതി തിരുവിതാംകൂർ സർവ്വകലാശാലാസെനററ് അംഗീകരിച്ചിരിക്കുന്നു. ഈ ഡിഗ്രിക്കു ബാച്ചിലർ ഓഫ് ഫാർമസി എന്നായിരിക്കും പേരു്.

—ഇന്ത്യൻ വന്യജീവിബോർഡിന്റെ 5-ാമതു യോഗം തേക്കടിയിൽ വെച്ചു പ്രസിഡണ്ടായ മൈസൂർ ഗവർണരുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടിരിക്കുന്നു.

—30-80 ക. സ്കെയിലിൽ പ്രൈമറിസ്കൂൾ അദ്ധ്യാപകരായി നിയമിക്കപ്പെടുന്നതിനു പബ്ലിക്ക് സർവ്വീസ് കമ്മീഷൻ അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നു. 1050 ഒഴിവുകളാണുള്ളതു്.

—അഖിലകേരള അടയ്ക്കാകൃഷി വ്യവസായസമ്മേളനം തൃശ്ശൂർ ടൗൺഹാളിൽവെച്ചു ശ്രീ എ എം തോമസ് എം പി യുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടിരിക്കുന്നു. കേന്ദ്രകൃഷികാര്യമന്ത്രി ഡോക്ടർ പഞ്ചാബുറാവുദേശമുഖ് സമ്മേളനം ഉൽഘാടനംചെയ്തു.

—ഫിഷറിവിദഗ്ദ്ധൻ ഡോക്ടർ വാൻക്ലാവു നാളെ കോഴിക്കോട്ടെത്തുന്നതും തുടർന്നു കൊച്ചി, കൊല്ലം, തിരുവനന്തപുരം എന്നീ സ്ഥലങ്ങൾ സന്ദർശിക്കുന്നതുമാണു്.

—o—

## ചരമവാർത്ത

**അകപ്പറമ്പ്:** സ്ഥലത്തെ ഒരു പൗരപ്രമാണിയും പൊതുക്കാര്യപ്രസക്തനുമായ ശ്രീ വറുഗീസ് പാലാട്ടി തുടങ്ങിയവരുടെ പിതാമഹി ശ്രീമതി ഏലീശാ 101-ാമത്തെ വയസ്സിൽ ജനു: 24-ാംനു കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. പരേതയുടെ സഹോദരപുത്രന്മാരായ റവ. ഫാദർ ജോസഫ് പയ്യപ്പിള്ളി, റവ. ഫാദർ ജോർജ് പയ്യപ്പിള്ളി, റവ. ഫാദർ തോമസ് പയ്യപ്പിള്ളി തുടങ്ങിയ പല വൈദികരുടേയും കാർമ്മികത്വത്തിലും സഹകരണത്തിലും ശവസംസ്കാരം നടത്തപ്പെട്ടു. ഫാദർ ജേക്കബ്ബ് കല്ലറയ്ക്കൽ ചരമപ്രഭാഷണം നടത്തി. അനേകം സാധുക്കൾക്കു ധർമ്മംകൊടുക്കുകയുണ്ടായി. കുടുംബാംഗങ്ങളെ അനുശോചിക്കുകയും പരേതയുടെ ആത്മാവിനു നിത്യശാന്തി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

R. I. P.


BISHOP'S HOUSE,
TRICHUR (S. India)
16—1—1957

## ചന്ദ്രികസോപ്പ്

ചന്ദ്രികസോപ്പ് ഞാൻ ഉപയോഗിച്ചുവരുന്നുണ്ടു്. ഔഷധഗുണവും കുളിർമ്മയും ധാരാളം ഉള്ള ഒരു നല്ല സോപ്പാണു് അതു്. ഒന്നര വ്യാഴവട്ടക്കാലംമുമ്പ് ആരംഭിച്ചു്, സ്ഥിരപരിശ്രമംകൊണ്ടു് ജനോപകാരപ്രദമായ ഒരു ചെറുകിടവ്യവസായസ്ഥാപനമായിത്തീർന്ന ചന്ദ്രികസോപ്പു നിർമ്മാണശാലയ്ക്കും അതിന്റെ നിർമ്മാതാവായ ശ്രീ കേശവൻവൈദ്യർക്കും ഞാൻ വിജയം ആശംസിക്കുന്നു.

(Sd.)
Msgr: George Alapatt Ph. D., D. D.
Bishop of Trichur

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 30. || 1957 JANUARY 30 || No. 24.


## കുട്ടികളെ രക്ഷിക്കുക

ഇററലിയിലെ കത്തോലിക്കർ മാതാക്കളുടെയും കുട്ടികളുടെയും സംരക്ഷണത്തിനായുള്ള ഒരു പ്രസ്ഥാനം ആരംഭിച്ചപ്പോൾ അതിനെ അനുസ്മരിച്ചുകൊണ്ടു് പരിശുദ്ധപിതാവു് അവർക്കായി ഒരു സന്ദേശം പ്രക്ഷേപണം ചെയ്തതിൽ "കുട്ടികളുടെ ആത്മാവുകളെ ക്ഷതപ്പെടുത്താതിരിക്കുവാൻ ജനങ്ങൾ കൂടുതൽ ശ്രദ്ധ കാണിച്ചിരുന്നുവെങ്കിൽ, ലോകം ജീവിക്കുന്നതിനു കൂടുതൽ മെച്ചമായ ഒരു സ്ഥലം ആയിരിക്കുമായിരുന്നു"വെന്നു പ്രസ്താവിച്ചിരിക്കുന്നു. ഒരു സമുദായത്തിലെ എല്ലാ അംഗങ്ങൾക്കും കുട്ടികളെ രക്ഷിക്കുവാൻ ചുമതല ഉണ്ടെന്നു തിരുമേനി പ്രസ്താവിച്ചു. "ദാരിദ്ര്യം, രോഗം, യുദ്ധം, ഖേദകരമായ മററു സംഭവങ്ങൾ ഇവയാൽ വിദ്യാഭ്യാസത്തിനുള്ള സാമാന്യോപാധികളില്ലാതായിത്തീർന്നിരിക്കുന്ന അസംഖ്യങ്ങളായ കുട്ടികളെ—ജീവിതം അതിൻെറ ഉഗ്രമായ ചുഴികളിലേക്കും രൂക്ഷമായ കഷ്ടതകളിലേക്കും വളരെ വേഗം വലിച്ചെടുക്കുന്ന, ധാർമ്മികമായോ മുഴുവനായോ പരിത്യക്തരായിരിക്കുന്ന, അനാഥക്കുട്ടികളെ—തിരുമേനി അനുസ്മരിക്കുന്നു. മററനേകർ സാമൂഹ്യമായ ചുററുപാടുകൾകൊണ്ടു ഭൗതികവും ധാർമ്മികവുമായ ദുരിതങ്ങൾക്കു്, അവരുടെ കുററത്താലല്ലാതെ, വിധേയരാക്കപ്പെട്ടിരിക്കുന്നു. ഇത്തരം സ്ഥിതിഗതികൾക്കു പരിഹാരമുണ്ടാക്കേണ്ടതു സർവ്വപ്രധാനമായും മാതാപിതാക്കളുടെ ചുമതലയാകുന്നു. എന്നാൽ പല ദമ്പതിമാർക്കും, മേലിൽ അദ്ധ്യാപകരെന്നനിലയിൽ തങ്ങൾ അഭിമുഖീകരിക്കേണ്ട ചുമതലകളെപ്പററി വളരെ അസ്പഷ്ടമായ ഒരു ബോധം മാത്രമേ, അവർ വിവാഹിതരാകുമ്പോൾ ഉണ്ടായിരിക്കുന്നുള്ളു" എന്ന വസ്തുത തിരുമേനി ഊന്നിപ്പറഞ്ഞിരിക്കുന്നു. എന്നാൽ തങ്ങളുടെ കുട്ടികൾക്കു അത്യന്താപേക്ഷിതമായിരിക്കുന്ന ഭൗതികവസ്തുക്കളും ധാർമ്മികനിയന്ത്രണവും നൽകുന്നതിനു മാതാപിതാക്കന്മാർക്കു്, ഇന്നത്തെ സാമൂഹ്യപരിതസ്ഥിതികളിൽ പലപ്പോഴും വിഷമകരമായിരിക്കുന്നു— ചിലപ്പോൾ അസാദ്ധ്യമായിരിക്കുന്നു —എന്ന വസ്തുത തിരുമേനി എടുത്തുപറയുന്നുണ്ടു്: "അഭയാർത്ഥികളുടെയും കുടിയേററക്കാരുടെയും കുടുംബങ്ങളെയും, തൊഴിലില്ലാത്തവരൊ വേണ്ടത്ര സമ്പാദിക്കാൻ സാധിക്കാത്തവരോ ആയ പിതാക്കന്മാരും, ഭവനത്തിനു പുറത്തുപോയി വേലചെയ്യുവാൻ നിർബന്ധിതരായ മാതാക്കളുമുള്ള കുടുംബങ്ങളെയും" തിരുമേനി അനുസ്മരിക്കുകയുണ്ടായി. ഇററലിയിലെ ഒരു സാമൂഹ്യസംഘത്തിനു് അയച്ചിരിക്കുന്നതാണു് ഈ സന്ദേശമെങ്കിലും ഇതിൻെറ ഉള്ളടക്കം പൊതുവായിട്ടുള്ളതും ലോകത്തിലെങ്ങുമുള്ള ജനങ്ങളെ ബാധിക്കുന്നതുമാണെന്നു വ്യക്തമാണല്ലോ. യൂറോപ്പിലുണ്ടായിട്ടുള്ളതുപോലെയുള്ള മഹായുദ്ധങ്ങളൊ ആഭ്യന്തരസമരങ്ങളൊ തജ്ജന്യമായ അഭയാർത്ഥിപ്രവാഹങ്ങളോ ഉണ്ടായിട്ടില്ലെങ്കിൽതന്നെയും, കുട്ടികളുടെ സംരക്ഷണം സംബന്ധിച്ച ഈ പ്രശ്നം നമ്മുടെ കേരളത്തിലും ഗുരുതരമാണെന്നു സമ്മതിക്കാതെ തരമില്ല. സാമൂഹ്യപരിതസ്ഥിതികളും, കുടിയേററങ്ങളും അധാർമ്മികപ്രവണതകളും ഈ പ്രശ്നത്തെ രൂക്ഷമാക്കിക്കൊണ്ടിരിക്കുകയാണു്. പട്ടണങ്ങളിലും തൊഴിലാളികേന്ദ്രങ്ങളിലും പരിശുദ്ധപിതാവു് അനുസ്മരിക്കുന്ന ഒരു ദുരവസ്ഥ വർദ്ധിച്ചുവരുന്നുണ്ടു്. മാതാപിതാക്കന്മാർ, പ്രത്യേകിച്ചു മാതാക്കൾ, ഉപജീവനത്തിനുവേണ്ടി വീട്ടിനു പുറത്തുപോയി ഫാക്ടറികളിലും തൊഴിൽശാലകളിലും ജോലിചെയ്യുവാൻ നിർബന്ധിതരായിത്തീരുന്നുവെന്നതാണതു്. തന്മൂലം കുട്ടികളുടെ കാതോലികമായ വളർത്തൽ ഒരു കുഴഞ്ഞ പ്രശ്നമായിരിക്കുകയാണു്. മാതാപിതാക്കന്മാർക്കു തങ്ങളുടെ മക്കളുടെ വളർത്തലിൽ കാര്യമായ ശ്രദ്ധചെലുത്തുവാനോ, അവർക്കു വേണ്ട മാതൃക നൽകുവാനോ സാധിക്കാതെവരുന്നു. ദൈവാലയത്തിലേക്കോ വേദപാഠക്ലാസുകളിലേക്കോ പുറപ്പെടുന്ന കുട്ടികൾ അവിടെയെത്താതെ കളിസ്ഥലത്തോ സിനിമാശാലകളിലോ ചുററിത്തിരിയുന്ന അനുഭവങ്ങളും പട്ടണങ്ങളിൽ അപൂർവ്വമായിരിക്കുകയില്ല. അടുത്തകാലത്തായി ഗ്രാമപ്രദേശങ്ങളിലും ഈ അപകടം തലപൊക്കിത്തുടങ്ങിയിട്ടുണ്ടു്. ആദായകരമായ കൃഷിക്കായോ കുടിപ്പാർപ്പിനായോ സ്വന്തം വീടുവിട്ടു് കിഴക്കൻ മലകളിലേക്കോ മലബാറിലേക്കോ പുറപ്പെട്ടുപോയിട്ടുള്ള കുടുംബങ്ങൾ അനേകമുണ്ടു്. ഇങ്ങനെയുള്ളവരുടെ കുട്ടികൾക്കും—അവർ മാതാപിതാക്കന്മാരോടുകൂടെ പോയിരുന്നാലും, പോകാതെ ജന്മഗൃഹത്തിൽതന്നെ നിന്നാലും—പലപ്പോഴും ശരിയായ ശിക്ഷണം ലഭിക്കുന്നതിനുള്ള സന്ദർഭങ്ങൾ കുറഞ്ഞാണുവരുന്നതു്. ജീവിതവ്യഗ്രരായ ഈ മാതാപിതാക്കന്മാർക്കു തങ്ങളുടെ കുട്ടികളുടെ മേൽ ആരോഗ്യകരമായ സ്വാധീനം ചെലുത്തുവാൻ സന്ദർഭം കുറഞ്ഞുവരുന്നതാണു് ഇതിനു കാരണം. അതേസമയം ബാഹ്യമായ മറെറാരു വിപത്തും വർദ്ധിച്ചുതന്നെ വരുന്നുണ്ടു്. അധാർമ്മികപ്രവണതകളെ പ്രോത്സാഹിപ്പിക്കുന്ന സിനിമാകളുടെയും കലാപരിപാടികളുടെയും പ്രസിദ്ധീകരണങ്ങളുടെയും പ്രചാരമാണതു്. കുട്ടികൾ സ്വതേ ഉല്ലാസപ്രിയരും കളിവിനോദങ്ങളിൽ ഏർപ്പെടുവാൻ ആഗ്രഹമുള്ളവരുമാണു്. കുട്ടികളുടെ ഈ സ്വഭാവത്തെ ഇരുട്ടിൻെറ മക്കൾ അവർക്കു സഹജമായ ബുദ്ധിവൈഭവത്തോടുകൂടി ചൂഷണം ചെയ്യുന്നു. ഇന്നു നമ്മുടെ നാട്ടിൽ പ്രചരിക്കുന്ന പല സിനിമാകളും പ്രസിദ്ധീകരണങ്ങളും പലേടത്തും പ്രകടിപ്പിക്കപ്പെടുന്ന കലാപരിപാടികളും കുട്ടികളെ വഴിപിഴപ്പിക്കുന്നതിനും ധാർമ്മികമൂല്യങ്ങളെ അവരിൽനിന്നു നീക്കംചെയ്യുന്നതിനും പര്യാപ്തമായിട്ടുള്ളതാണെന്നുള്ളതു നിഷേധിച്ചുകൂടാത്ത ഒരു വസ്തുതയാണു്. ആഭാസങ്ങളായ സിനിമാച്ചിത്രങ്ങളെയും പ്രസിദ്ധീകരണങ്ങളെയും തടയുന്നതിനു് കേന്ദ്രഗവർമ്മെൻറു നടപടികളെടുക്കുന്നുണ്ടെങ്കിലും പ്രയോഗത്തിൽ അതൊരു വിജയമായിത്തീർന്നിട്ടില്ലെന്നു പറയാതെ തരമില്ല. അമേരിക്കയിൽ 1930 നേത്തുടന്നു ഇങ്ങനെയൊരു പരിതസ്ഥിതി സംജാതമായപ്പോൾ കത്തോലിക്കർതന്നെ യോജിച്ചു് "ലീജിയൻ ഓഫ് ഡീസൻസി" എന്നൊരു സംഘടന സ്ഥാപിച്ചു. ലീജിയൻ ഓഫ് ഡീസൻസി അംഗീകരിക്കാത്ത യാതൊരു സിനിമാച്ചിത്രങ്ങളും കാണുന്നതല്ലെന്നു അംഗങ്ങൾ പ്രതിജ്ഞചെയ്തു. അവരുടെ ഈ പ്രസ്ഥാനം ശക്തിപ്പെട്ടപ്പോൾ സിനിമാനിർമ്മാതാക്കൾതന്നെ ആഭാസചിത്രങ്ങൾ പുറപ്പെടുവിക്കുകയില്ലെന്നു തീരുമാനിക്കേണ്ടതായിവന്നു. പലപ്പോഴും ചിത്രങ്ങൾ പുറത്തേക്കയയ്ക്കുന്നതിനു മുൻപു ലീജിയൻ ഓഫ് ഡീസൻസി പ്രവർത്തകരെ വിളിച്ചു കാണിച്ചു് അവരുടെ അംഗീകരണം സമ്പാദിക്കുവാൻ സിനിമാനിർമ്മാതാക്കൾ നിർബന്ധരായി. ഇന്നും ലീജിയൻ ഓഫ് ഡീസൻസി അമേരിക്കയിൽ ഊർജ്ജസ്വലമായി പ്രവർത്തിക്കുന്നുണ്ടു്. ഇത്തരമൊരു സംരംഭം നമ്മുടെ നാട്ടിലും നടപ്പിൽ വരുത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അസാന്മാർഗ്ഗികങ്ങളോ, ആഭാസങ്ങളോ ആയ ചിത്രങ്ങൾ കാണുന്നതിനോ പ്രസിദ്ധീകരണങ്ങൾ വായിക്കുന്നതിനോ കുട്ടികൾക്കു സന്ദർഭം ഉണ്ടാകാതിരിക്കണം; അതുമാത്രം പോരാ, സഭ്യങ്ങളായ ഉല്ലാസങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം അവർക്കു ഉണ്ടാക്കിക്കൊടുക്കുകയും വേണം. മറെറാരു വിപത്തു കുട്ടികൾക്കു നേരിട്ടുകൊണ്ടിരിക്കുന്നതു രാഷ്ട്രീയനേതാക്കന്മാരിൽനിന്നാണു്. ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിക്കുവേണ്ടി നടത്തപ്പെട്ട സമരവേളയിൽ നേതാക്കന്മാർ കുട്ടികളോടു വിദ്യാലയം വിട്ടിറങ്ങുവാൻ ആഹ്വാനം നൽകി. സ്വാതന്ത്ര്യലബ്ധിയിലുള്ള ആവേശത്താൽ അന്നാരും അതിൻെറ ഗൗരവമോ ഗുണാഗുണങ്ങളോ ചിന്തിച്ചിരുന്നില്ല. എന്നാൽ സ്വാതന്ത്ര്യം ലഭിക്കുകയും, ജനങ്ങളുടേതായ ഗവർമ്മെൻറു സംസ്ഥാപിതമാകുകയും ചെയ്തിട്ടു 10 കൊല്ലം കഴിഞ്ഞിരിക്കുന്ന ഇന്നും നിസ്സാരങ്ങളായ കാരണങ്ങൾക്കു വിദ്യാലയബഹിഷ്കരണം നടത്തുവാൻ രാഷ്ട്രീയനേതാക്കന്മാർ വിദ്യാർത്ഥികളെ ആഹ്വാനം ചെയ്യുന്നുണ്ടു്. രാഷ്ട്രത്തിൻെറ സുസ്ഥാപിതമായ പുരോഗതിക്കു വിലങ്ങുതടി വലിച്ചിടുന്ന പ്രതിഷേധാർഹമായ ഒരു പ്രവൃത്തിയാണിതു്. കൗമാരസഹജമായ ആവേശത്തോടും വിവേചനാരാഹിത്യത്തോടും കൂടിയ വിദ്യാർത്ഥികൾ അച്ചടക്കരഹിതമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാനും അങ്ങനെ നിയമത്തോടു ബഹുമാനമില്ലാത്തവരായിത്തീരുവാനും അനുവദിക്കുന്നതു വളർന്നുവരുന്ന തലമുറയോടു മാത്രമല്ല, രാജ്യത്തോടുതന്നെയും ചെയ്യുന്ന ഒരു ദ്രോഹമായിരിക്കുന്നു. ഈ വിപത്തിൽനിന്നും കുട്ടികളെ രക്ഷിക്കേണ്ടതു് രാജ്യസ്നേഹവും ദൈവഭയവുമുള്ള ഓരോ പൗരൻെറയും ചുമതലയായിരിക്കുന്നു. "കുട്ടികളുടെ ആത്മാവുകളെ ക്ഷതപ്പെടുത്താതിരിക്കുവാൻ ജനങ്ങൾ കൂടുതൽ ശ്രദ്ധ കാണിക്കുമെങ്കിൽ ലോകം ജീവിക്കുന്നതിനു കൂടുതൽ മെച്ചമായ ഒരു സ്ഥലം ആയിരിക്കുമായിരുന്നു"വെന്ന പരിശുദ്ധപിതാവിൻെറ ഉദ്ബോധനത്തിൻെറ പ്രാധാന്യവും ഗൗരവവും നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇററലിയിലേപ്പോലെ കുട്ടികളുടെ സംരക്ഷണത്തിനായുള്ള പ്രത്യേക സംഘടനകളില്ലെങ്കിൽതന്നെ നമ്മുടെ ഇടവകകളിലെ കത്തോലിക്കാസംഘടനകൾക്കു ഇക്കാര്യത്തിൽ ഫലപ്രദമായി പലതും ചെയ്യുവാൻ സാധിക്കും. പ്രവർത്തനത്തിനു തക്ക പരിപാടികളില്ലാതെ ഇതികർത്തവ്യതാമൂഢരായി കഴിയുന്ന ഇടവകസംഘടനകൾ ഇത്തരം സേവനങ്ങളിലേർപ്പെടുന്നതു ബുദ്ധിപൂർവ്വമായ ഒരു നയമായിരിക്കും. അച്ചടക്കരഹിതമായ പ്രവർത്തനങ്ങളിൽ ഏർപ്പെടാതിരിക്കുവാനും, അധാർമ്മികപ്രവണതകൾക്കു വശംവദരാകാതിരിക്കുവാനും അവർക്കു വേണ്ട ഉപദേശങ്ങൾ നൽകുകയും. അതിനു അവർ വിധേയരാകുന്നില്ലെന്നു കാണുമ്പോൾ യഥാകാലം മാതാപിതാക്കന്മാരെയും മററധികാരികളെയും വിവരമറിയിക്കുകയും ചെയ്യുന്നതു മഹത്തായ ഒരു സമുദായസേവനമായിരിക്കുന്നു. "ഒരു സമുദായത്തിലെ എല്ലാ അംഗങ്ങൾക്കും കുട്ടികളെ രക്ഷിക്കുവാൻ ചുമതലയുണ്ടു്" എന്നുള്ള പരിശുദ്ധപിതാവിൻെറ ഉദ്ബോധനം നമ്മളോരോരുത്തരെയും ലക്ഷീകരിച്ചുള്ളതാണു്. ആ ചുമതലയിൽനിന്നു് ഒഴിഞ്ഞുമാറുന്നതു സമുദായത്തിനു പൊതുവിൽ ദോഷഭൂയിഷ്ഠമായ ഒരു അനുഭവത്തിനു വഴിതെളിക്കുകയായിരിക്കുമെന്നുള്ളതും നാം മറക്കരുതു്.

## പ്രസാധകക്കുറിപ്പുകൾ

### ലോകസമാധാനം

ഒരു രാഷ്ട്രത്തിൻെറ അഥവാ തർക്കത്തിലേർപ്പെട്ടിരിക്കുന്ന ഒന്നിലധികം രാഷ്ട്രങ്ങളുടെ ആഭ്യന്തരകാര്യങ്ങളിൽ—"സ്വകാര്യസംഗതികളിൽ"—ഇടപെടാതിരിക്കുകയെന്നതായിരുന്നു 19-ാം നൂററാണ്ടിൽ അംഗീകൃതമായിരുന്ന നയം. എന്നാൽ ആധുനികകാലത്തു ഈ നയത്തിനു വലിയ മാററം വന്നിരിക്കുന്നുവെന്നാണു് സൂയസ് പ്രദേശത്തേക്കു ഐക്യരാഷ്ട്രസമിതി ഒരു പോലീസുസേനയെ അയച്ചതിൽനിന്നു വ്യക്തമാകുന്നതു്. ഈ പോലീസുസേന സ്ഥിരമായ ഒരേർപ്പാടായിരിക്കണമെന്നു ലോകത്തിലെങ്ങുമുള്ള ജനത ആഗ്രഹിക്കുന്നുമുണ്ടു്. 19-ാംനൂററാണ്ടിലെ ഈ "ഇടപെടാതിരിക്കൽ"നയത്തെ 1864-ൽ ഒൻപതാം പീയൂസ് മാർപ്പാപ്പാ അതിശക്തിയായി അപലപിച്ചിരുന്നുവെന്നവസ്തുത ഇവിടെ സ്മർത്തവ്യമാണു്. പക്ഷെ അന്നത്തെ രാജ്യതന്ത്രജ്ഞന്മാരുടെ ലിബറാലിസമനസ്ഥിതി ആ നയത്തെ പിന്താങ്ങിക്കൊണ്ടിരുന്നു. തന്മൂലം ഗവർമെൻറുകൾതന്നെ നിയമം ലംഘിച്ചാൽ ആർക്കും ചോദിക്കുവാൻ അവകാശമില്ലെന്ന ഒരു നില വരികയും, വലുതും ചെറുതുമായ അനേകം യുദ്ധങ്ങൾക്കു അതു വഴി തെളിക്കുകയുംചെയ്തു. 19-ാം നൂററാണ്ടിലെ ഈ ഇടപെടാതിരിക്കൽനയമാണു് ഇരുപതാംനൂററാണ്ടിൻെറ ആരംഭത്തിൽ സർവ്വാധിപത്യഭരണമായി രൂപംപ്രാപിച്ചതു്. എന്നാൽ ഇന്നു് ഈ മനസ്ഥിതിക്കെല്ലാം മാററം വന്നിട്ടുണ്ടു്. ഈ അടുത്തകാലത്തു് വത്തിക്കാൻ റേഡിയോ ഒരുപ്രക്ഷേപണത്തിൽ പ്രസ്താവിച്ചതുപോലെ രാഷ്ട്രങ്ങളുടെ പരിപൂർണ്ണപരമാധിപത്യസിദ്ധാന്തവും, ഇടപെടാതിരിക്കൽനയവും ഇന്നു് ഏതാണ്ടു മൃതപ്രായങ്ങളായിരിക്കുകയാണു്. ലോകത്തിൽ അരാജകത്വം വളർത്തുവാൻ അവയെ അനുവദിച്ചുകൂടെന്ന ചിന്താഗതിക്കു് ഇന്നു പ്രാധാന്യം ലഭിച്ചുവരുന്നുണ്ടു്. ഐക്യരാഷ്ട്രജനറൽഅസംബ്ളിയുടെ ഒരു മുൻപ്രസിഡണ്ടും ബെൽജിയത്തിലെ ഒരു സോഷ്യലിസ്റ്റ്നേതാവുമായ മി. സ്പാക്ക് ഈയിടെ പറയുകയുണ്ടായി, മറെറാരു മഹായുദ്ധത്തെ ഐക്യരാഷ്ട്രസമിതി തടഞ്ഞുവെങ്കിൽ നീതി നടപ്പിൽവരുത്തുവാനും അതിനു ചുമതലയുണ്ടു് എന്നു്. "സമാധാനം നിലനില്ക്കണമെങ്കിൽ നീതി അത്യന്താപേക്ഷിതമാകുന്നു. എന്തെന്നാൽ സമാധാനം നീതിയുടെ ഫലമാകുന്നു" എന്നാണദ്ദേഹം പറഞ്ഞതു്. ഇതിൽ ഒടുവിലത്തെ വാചകം വളരെ പ്രാധാന്യമർഹിക്കുന്നതാണു്. എന്തെന്നാൽ അതു്—നീതിയുടെ ഫലം സമാധാനം എന്നതു്—ആണു് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പായുടെ മുദ്രാവാക്യം. നീതിയിൽ അധിഷ്ഠിതമായ സമാധാനമേ നിലനില്ക്കുകയുള്ളുവെന്നതാണു് എക്കാലത്തും കത്തോലിക്കാസഭ പഠിപ്പിച്ചിട്ടുള്ളതു്. സമാധാനത്തോടൊപ്പം നീതിയെപ്പററിയും ലോകരാഷ്ട്രങ്ങൾ ചിന്തിക്കുവാൻ തുടങ്ങിയെന്നതു് ഒരു ശുഭലക്ഷണമായി കണക്കാക്കേണ്ടിയിരിക്കുന്നു.

x x x

### ബുദ്ധിപരമായ പാപ്പരത്തം

ഇന്ത്യൻ പ്രധാനമന്ത്രി നെഹ്റു ഈയിടെ ബോംബയിൽ ചൗപ്പത്തിമൈതാനത്തു ചെയ്ത ഒരുപ്രസംഗത്തിൽ "കമ്മ്യൂണിസ്റ്റു പാർട്ടിക്കു ബുദ്ധിപരമായ പാപ്പരത്തമുണ്ടെന്നും, രാജ്യത്തിൽ വിദ്വേഷവും ശിഥിലീകരണവും കുഴപ്പവുമുണ്ടാക്കുന്നതിലാണു് അവരുടെ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നതെന്നും" ചൂണ്ടിക്കാണിക്കുകയുണ്ടായി. "കർഷകത്തൊഴിലാളിവർഗ്ഗത്തിൻെറതായ ഏകാധിപത്യത്തെക്കുറിച്ചുള്ള കമ്മ്യൂണിസ്റ്റുകാരുടെ ജല്പനം വെറും വിഡ്ഢിത്തവും കേവലം പിത്തലാട്ടവുംമാത്രമാണു്. കമ്മ്യൂണിസ്റ്റുകൾ പറയുന്ന ഈ കർഷകത്തൊഴിലാളിസർവ്വാധിപത്യം സ്ഥാപിക്കുവാൻ സാദ്ധ്യമല്ലെന്നു ഞാൻ ഉറപ്പിച്ചുപ്രഖ്യാപിക്കുന്നു. ആ കർഷകത്തൊഴിലാളിവർഗ്ഗസർവ്വാധിപത്യം ലോകത്തൊരിടത്തുംതന്നെ സാദ്ധ്യമല്ലെന്നും ഞാൻ വ്യക്തമായി പ്രഖ്യാപിക്കുന്നു" എന്നദ്ദേഹം ഊന്നിപ്പറഞ്ഞു. ഇന്ത്യൻ കമ്മ്യൂണിസ്റ്റുകളെപ്പററി അദ്ദേഹം പ്രസ്താവിച്ചതു്, അവരുടെ മാർഗ്ഗം വിജയിച്ചിരുന്നെങ്കിൽ ജനങ്ങളുടെ ഇടയിൽ ആഭ്യന്തരകലാപങ്ങളും കുഴപ്പങ്ങളും പൊട്ടിപ്പുറപ്പെടുകയും തൽഫലമായി രാജ്യം തകർന്നുതരിപ്പണമാകുകയും ചെയ്യുമായിരുന്നുവെന്നാണു്. അദ്ദേഹം തുടർന്നു: "കമ്മ്യൂണിസ്റ്റുകാർ പാർലമെൻററിഭരണത്തിൽ വിശ്വസിക്കുന്നവരല്ല; എന്നാലും അവർക്കു രാജ്യത്തെ തെരഞ്ഞെടുപ്പിൽ മത്സരിക്കണം. അതിനു പിന്നിൽ ഒരു പ്രത്യേകോദ്ദേശ്യമുണ്ടു്. ജനങ്ങളെ വഴിതെററിക്കുകയെന്നുള്ളതാണു് ആ ഉദ്ദേശ്യം. കമ്മ്യൂണിസ്റ്റുകാർ ആഗ്രഹിക്കുന്നതു രാജ്യത്തു കലാപവും കുഴപ്പവും സൃഷ്ടിക്കണമെന്നാണു്. കള്ളമോ കൊള്ളകളോ തുടങ്ങി ഏതു് അക്രമത്തിൽ കൂടിയായാലും വേണ്ടില്ല അവർക്കു അധികാരം പിടിച്ചുപററണമെന്നേയുള്ളു." അഞ്ചുലക്ഷത്തിൽപരം ജനങ്ങൾ തടിച്ചുകൂടിയിരുന്ന ഒരു മഹായോഗത്തിൽ നെഹ്റു പ്രസംഗിക്കുകയായിരുന്നു. കമ്മ്യൂണിസ്റ്റുകളെപ്പററിയുള്ള യഥാർത്ഥമായ ഒരു ചിത്രംതന്നെ അദ്ദേഹം നൽകുകയുണ്ടായി. ആട്ടിൻതോൽ ധരിച്ചാലും ചെന്നായ്ക്കളാണു് അവരെന്നുള്ള വസ്തുത അനുസ്മരിക്കുവാനും അതനുസരിച്ചു് അവരോടു വർത്തിക്കുവാനുമാണു് പ്രധാനമന്ത്രി ആഹ്വാനംനൽകിയിരിക്കുന്നതു്. പൊതുതിരഞ്ഞെടുപ്പു് അടുത്തിരിക്കുന്ന ഈ ഘട്ടത്തിൽ എല്ലാവരും ഇതു് അനുസ്മരിക്കുന്നതു നന്നായിരിക്കും.

—o—

# വിവിധവൃത്താന്തങ്ങൾ

## ഹംഗറിയിലും മതപഠനം?

വിദ്യാലയങ്ങളിൽ മതപഠനം നൽകിക്കൊള്ളണമെന്നു സെക്കണ്ടറിസ്കൂളുകളുടെയും ഗ്രാമർസ്കൂളുടെയും മാനേജർമാക്കു ഹംഗറിയിലെ വിദ്യാഭ്യാസമന്ത്രി ആജ്ഞനൽകിയിരിക്കുന്നു. ഹംഗറിയിൽ ഗിയോറിലെ മെത്രാൻ അത്തരം മതപഠനത്തിൻെറ മേലന്വേഷണം വഹിക്കുവാൻ വൈദികരെ നിയമിച്ചിട്ടുള്ളതായി വീയെന്നായിൽനിന്നുള്ള ഒരു റിപ്പോർട്ടിലും കാണുന്നു. രാഷ്ട്രീയകേന്ദ്രങ്ങളിൽനിന്നും എന്തുതന്നെ സമ്മർദ്ദമുണ്ടായാലും സഭയുടെ പഠനങ്ങളെ യാതൊരു തരത്തിലും ഭേദപ്പെടുത്തിക്കൂടെന്നു അദ്ധ്യാപകന്മാക്കു അദ്ദേഹം കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ടു്. "മതാദ്ധ്യാപനം പാവനമായ ഒരു കർത്തവ്യമാണു്; ആവശ്യമെന്നു വന്നാൽ ധീരോചിതമായി, ക്രിസ്തീയചൈതന്യത്തിൽതന്നെ അതു നിവ്വഹിക്കപ്പെടേണ്ടതുമാകുന്നു" എന്നാണു് അദ്ദേഹം ഉദ്ബോധിപ്പിച്ചിരിക്കുന്നതു്.

## മാർപ്പാപ്പാ അദ്ധ്യാപകരോടു്

ബ്രിട്ടനിലെ കാത്തലിക് ടീച്ചേഴ്സ് ഫെഡറേഷൻ "സഭയോടു പ്രദർശിപ്പിക്കുന്ന വിശ്വസ്തതയേയും ഭക്തിയേയും", "വിദ്യാഭ്യാസപുരോഗതിക്കു വേണ്ടി ചെയ്തുകൊണ്ടിരിക്കുന്ന അമൂല്യമായ ജോലിയേയും" അഭിനന്ദിച്ചുകൊണ്ടു മാർപ്പാപ്പാ തിരുമേനി അതിൻെറ ചെയർമനു നേരിട്ടൊരു സന്ദേശം അയച്ചിരിക്കുന്നു. മാൻചെസ്റ്ററിൽവെച്ചു കൂടിയ ഫെഡറേഷൻെറ വജ്രജൂബിലി അവസരത്തിലാണു പരിശുദ്ധപിതാവു് ഈ സന്ദേശമയച്ചതു്. അന്നുതന്നെ തിരുമേനി വത്തിക്കാനിൽവെച്ചു മ്യൂനിച്ചിൽനിന്നുവന്ന ഒരു ഗണം അദ്ധ്യാപകരോടായി ഒരു പ്രഭാഷണംചെയ്യുകയുണ്ടായി. കത്തോലിക്കാ കുടുംബങ്ങളുടെയും കുട്ടികളുടെയും സുരക്ഷിതത്വം പാലിച്ചുകൊണ്ടുപോകുന്നതിനുവേണ്ടി കത്തോലിക്കാ വിദ്യാലയങ്ങൾക്കും കത്തോലിക്കാ അദ്ധ്യാപകപരിശീലനത്തിനും സഭ അവസാനംവരെ പോരാടുമെന്നു തിരുമേനി തദവസരത്തിൽ പ്രഖ്യാപിച്ചു.

## നല്ല പൗരന്മാർ

യുവാക്കന്മാരെ നല്ല പൗരന്മാരാക്കിത്തീർക്കുന്നതിൽ കത്തോലിക്കാവിദ്യാലയങ്ങൾക്കുള്ള സ്വാധീനശക്തിയെ, മ്യൂനിച്ച് അദ്ധ്യാപകന്മാരോടുള്ള പ്രഭാഷണത്തിൽ തിരുമേനി ചൂണ്ടിക്കാണിച്ചു: "നിങ്ങളുടെരാജ്യത്തെത്തന്നെ നോക്കുക. 1914-നു ശേഷം ഭയങ്കരമായ കഷ്ടതകളും ദുരവസ്ഥകളും അതിനെ ബാധിച്ചുവല്ലോ. തങ്ങളുടെ ചുമതലാനിവ്വഹണത്തിൽ കത്തോലിക്കർ എന്നെങ്കിലും പരാജിതരായിക്കണ്ടിട്ടുണ്ടോ? നേരേമറിച്ചു്, പൊതുനന്മയ്ക്കുവേണ്ടി തങ്ങളുടെ രാജ്യത്തിനും, ജനതയ്ക്കും യോഗ്യന്മാരായ ആളുകളെ നൽകുകയും, അത്യന്തം വിപൽഘട്ടങ്ങളിൽ അവർ അമൂല്യങ്ങളായ സേവനങ്ങളനുഷ്ഠിക്കുകയും ചെയ്തിരിക്കുന്നു" എന്നു തിരുമേനി പ്രസ്താവിച്ചു.

## മാർപ്പാപ്പാ തിരുമേനി ഗാലപ്പുപോളിൽ

അമേരിക്കയിലെ ഡോക്ടർ ജോർജ് ഗാലപ്പ് "ലോകത്തിലെ അതിപ്രശസ്തരായ പത്തു വ്യക്തികളെ"പ്പറ്റി ഒരു സർവ്വേ നടത്തിയതിൽ, തിരഞ്ഞെടുക്കപ്പെട്ട പത്തുപേരിൽ ഒരാൾ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടാണു്. തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന പത്തുപേർ താഴെ പറയുന്നവരാണു്. 1. പ്രസിഡൻറു് ഐസൻഹോവർ 2. ഇംഗ്ലണ്ടിലെ സർ വിൻസ്റ്റൺ ചർച്ചിൽ 3. ബിഷപ്പു ഫുൾട്ടൻ ഷീൻ 4. ഡോ. ആൽബർട്ടു് ഷ്വീററ്സർ (ഒരു പ്രസിദ്ധ വൈദ്യവിദഗ്ദ്ധൻ) 5. അഡ്ലൈ ഇ. സ്റ്റീവൻസൺ 6. ജനറൽ ഡഗ്ലസ് മക്ആർതർ 7. പന്ത്രണ്ടാംപീയൂസു മാർപ്പാപ്പാ 8. ഡാഗ്ഗ് ഹാമർഷീൽഡ് (യു. എൻ. ഒ. സിക്രട്ടറി ജനറൽ) 9. ബില്ലി ഗ്രഹാം 10. ഡോക്ടർ ജോനാസ് സാൽക്കു്. ഇവരിൽ അമേരിക്കക്കാരല്ലാത്തവർ ചർച്ചിൽ പന്ത്രണ്ടാംപീയൂസ്, ഹാമർഷോൽഡ ഇവർ മാത്രമാണു്.

## നെഹ്റു മാർപ്പാപ്പായെപ്പറ്റി

മാർപ്പാപ്പാ തിരുമനസ്സിലെ ക്രിസ്തുമസ് സന്ദേശത്തെ സോവ്യററു മേധാവികൾ രൂക്ഷമായി വിമർശിക്കുകയുണ്ടായല്ലോ. അതു ലോകസമാധാനത്തെ താറുമാറാക്കുന്ന തരത്തിലുള്ളതാണെന്നായിരുന്നു അവരുടെ ആക്ഷേപം. ഇൻഡ്യൻ പ്രധാനമന്ത്രി നെഹ്റു അമേരിക്കയിൽനിന്നുള്ള പ്രത്യാഗമനത്തിൽ റോമയിലെത്തിയപ്പോൾ, പരിശുദ്ധപിതാവിൻെറ ക്രിസ്തുമസ് സന്ദേശത്തെപ്പറ്റിയുള്ള അദ്ദേഹത്തിൻെറ അഭിപ്രായം പത്രപ്രതിനിധികൾ ആരായുകയുണ്ടായി. മാർപ്പാപ്പാ തിരുമനസ്സിലെ സന്ദേശം, സമാധാന സംസ്ഥാപനത്തിനു് വലിയ ഒരു സേവനമാണു ചെയ്തിരിക്കുന്നതെന്നാണു തൻെറ അഭിപ്രായം എന്നാണു് അദ്ദേഹം പ്രസ്താവിച്ചതു്.

## ഈശോസഭാ സമ്മേളനം

ഈശോസഭയുടെ ഒരു പൊതുസമ്മേളനം അടുത്ത സെപ്റ്റംബർമാസത്തിൽ റോമയിൽവെച്ചു കൂടുമ്പോൾ അതിൻെറ ഘടനയിൽ ചില മാററങ്ങൾ ഉണ്ടാകുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. ഫാദർ ജനറലിനെ തിരഞ്ഞെടുക്കുന്നതിനോ പ്രത്യേകപ്രാധാന്യമുള്ള വിഷയങ്ങൾ ചർച്ചചെയ്യേണ്ടിവരുമ്പോഴോ ആണു് പൊതുസമ്മേളനം കൂടുന്നതു്. അടുത്ത സെപ്റ്റംബറിലേതു് 30-ാമത്തെ പൊതുസമ്മേളനമായിരിക്കും. 29-ാംസമ്മേളനം ഇപ്പോഴത്തെ ഫാദർ ജനറലായ ഫാ. ജോൺ ബാപ്റ്റിസ്റ്റ് ജാൻസെൻസിനെ തിരഞ്ഞെടുക്കുവാൻ 1946-ൽ കൂടിയതാണു്. 30,000-ത്തിലധികം അംഗങ്ങളുള്ള ഈശോസഭയാണു കത്തോലിക്കാസഭയിലെ ഏററവും വലിയ സന്യാസസമൂഹം. അതിൻെറ അംഗങ്ങളിൽ ആറിലൊന്നു മിഷ്യൻരംഗങ്ങളിൽ സേവനത്തിലേർപ്പെട്ടിരിക്കുന്നു.

## ഏലക്ട്രോണിക്കു് ഇൻഡക്സിങ്ങ്

വിശുദ്ധ തോമ്മസ് അക്വിനാസിൻെറ കൃതികളിലുള്ള പ്രധാനവാക്കുകളെയും വിഷയങ്ങളെയും അക്ഷരമാലക്രമത്തിനു ക്രമീകരിച്ചു് ഒരു പട്ടിക തയാറാക്കുവാൻ എലക്ട്രോണിക്കു് യന്ത്രങ്ങൾ ഉപയോഗിക്കുവാൻ മിലാനിലെ എലക്ട്രോണിക്കു് ഇൻഡക്സിങ്ങ് സെൻറർ തീരുമാനിച്ചിരിക്കുന്നു. 16,00,000 വാക്കുകൾ ഇങ്ങനെ ക്രമീകരിച്ചു പട്ടിക തയാറാക്കുന്നതിനു 3 പേർ 20,000 മണിക്കൂർ പണിയെടുക്കണം. എന്നാൽ എലക്ട്രോണിക് യന്ത്രം ഉപയോഗിച്ചാൽ ഒരാൾ 60 മണിക്കൂർ ബുദ്ധിമുട്ടിയാൽ മതി. മിലാൻ സെൻററിൻെറ ഡയറക്ടരായ ഫാദർ റോബർട്ടു ബുസാ എസ്. ജെ. യും ഇൻറർനാഷനൽ ബിസിനസ് മെഷീൻ വേൾഡ് ട്രേഡ് കോർപൊറേഷനിലെ മി. പോൾ ടാസ്മനുംകൂടിയാണു് ഈ പദ്ധതി കണ്ടുപിടിച്ചതു്. ഈ സെൻററിലെ ഉപകരണങ്ങൾ ഉപയോഗിച്ചു ചാവുകടൽ തുകൽച്ചുരുളുകളിൽ ചിലതിനെ അപഗ്രഥിക്കുവാൻ വത്തിക്കാൻ തീരുമാനിച്ചിരിക്കുകയാണു്.

## For Favours Received



Mrs. Thressiamma John

## മനോഹരമായ കാഴ്ച

ഇംഗ്ലണ്ടിലെ "ആൾ നൈററു് വിജിൽ ഗ്രൂപ്പ്" എന്ന സംഘടനയിലെ അംഗങ്ങൾ ഇക്കൊല്ലവും ഡിസംബർ 31-ാംതീയതി രാത്രി ഉറക്കമിളച്ചിരുന്നു പ്രാർത്ഥനയിൽ ചെലവഴിക്കുകയുണ്ടായി. അവരിൽ ഒരുഗണമാളുകൾ അർദ്ധരാത്രിക്കു ഫാത്തിമാമാതാവിൻെറ ഒരു തിരുസ്വരൂപവും വഹിച്ചുകൊണ്ടു വാർവിക്കു സ്ക്വീറിൽനിന്നു ഡൗണിങ്ങു സ്ക്വീററിലേക്കു ഒരു പ്രദക്ഷിണം നടത്തുകയും, ഡൗണിങ്ങു സ്ക്വീററിൽ പ്രധാനമന്ത്രിയുടെ വസതിയുടെ മുൻവശത്തു സ്വരൂപം സ്ഥാപിച്ചു ജപമാലചൊല്ലുകയും ചെയ്തു. ആ സ്ക്വീററു മുഴുവൻ അന്ധകാരത്തിലും നിശ്ശബ്ദതയിലുമാണ്ടിരുന്നു. ഒരൊററവിളക്കുപോലും പ്രകാശിച്ചിരുന്നില്ല. താമസിച്ചുവന്ന രണ്ടു ധനികതീർത്ഥകരെ ആ സ്ഥലത്തേക്കു കൊണ്ടുവന്ന ഒരു കാർ ഡ്രൈവർ മാത്രം നിശ്ശബ്ദനായി ഈ രംഗം വീക്ഷിച്ചുകൊണ്ടിരുന്നു. ആയാൾ പിന്നീടു പറഞ്ഞു: "അതു ഞാൻ കണ്ടിട്ടുള്ളതിലേക്കും മനോഹരമായ കാഴ്ചയായിരുന്നു."

## യുവജനസർവ്വേ

ഇംഗ്ലണ്ടിലെ വൈ. സി. ഡബ്ളിയു. സംഘടനയിലെ ആയിരത്തോളം അംഗങ്ങൾ, 15-നും 24-നും മദ്ധ്യേ പ്രായമുള്ള യുവാക്കന്മാരെ സമീപിച്ചു് അവർ ഞായറാഴ്ച ദിവസം എങ്ങനെ ചെലവഴിക്കുന്നു, എത്ര അംഗങ്ങളുള്ള കുടുംബത്തെയാണു ഒരു മാതൃകാകുടുംബമായി അവർ പരിഗണിക്കുന്നതു മുതലായ സംഗതികളെപ്പററി ഒരു സർവ്വേ നടത്തിവരുന്നു. ഇംഗ്ലണ്ടിലെ 80 പ്രധാന നഗരങ്ങളിലുള്ള പതിനായിരത്തിൽപരം ചെറുപ്പക്കാരെ അവർ ഇങ്ങനെ സമീപിച്ചു വിവരം ശേഖരിക്കുന്നതാണു്. കത്തോലിക്കരും അകത്തോലിക്കരുമായ യുവാക്കന്മാരുടെ പ്രവണതകളെ പ്രത്യേകിച്ചു മതത്തോടുള്ള അവരുടെ മനോഭാവത്തെക്കുറിച്ചുള്ള ഈ വിവരങ്ങൾ ശേഖരിച്ചു മാർപ്പാപ്പാ തിരുമനസ്സിലേക്കു സമർപ്പിക്കുകയെന്നുള്ളതാണു് അവരുടെ ലക്ഷ്യം. വൈ. സി. ഡബ്ളിയു വിൻെറ റോമയിലേക്കുള്ള അന്താരാഷ്ട്രീയതീർത്ഥയാത്രയ്ക്കു മുൻപു് ഈ സർവ്വേ പൂർത്തിയാക്കപ്പെടുന്നതാണു്.

## സിസ്റ്റയിൻചാപ്പൽ ഗായകനേതാവു്

സെൻറു് പീറേറഴ്സ് ബസ്സിലിക്കായിലുള്ള സിസ്റ്റയിൻ ചാപ്പലിലെ ഗായകസംഘത്തിൻെറയും ഓർക്കസ്ട്രായുടെയും കണ്ടക്ടരായി മോൺ: ഡോമനിക്കോ ബാർത്തൊലക്കിയെ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് നിയമിച്ചിരിക്കുന്നു. 39 വയസ്സുള്ള ഇദ്ദേഹം ആയുരന്തം ഈ ഉദ്യോഗം വഹിക്കുന്നതാണു്. ഏതാനും മാസങ്ങൾക്കുമുൻപു് നിര്യാതനായ മോൺ: ലോറൻസോ പെറോസിയുടെ സ്ഥാനത്താണു് ഇദ്ദേഹം നിയമിതനായിരിക്കുന്നതു്. മോൺ: പെറോസി 58 വർഷക്കാലം ഈ ഉദ്യോഗം വഹിച്ചിരുന്നതാണു്. ഫ്ളോറൻസിനടുത്തു ബോർഗോയിൽ ജാതനായ മോൺ: ബാർത്തൊലക്കി ഒരു ഗായകനും ഗാനനിർമ്മാതാവുമെന്ന നിലയിൽ ലോകപ്രസിദ്ധിയാർജ്ജിച്ചിട്ടുള്ളയാളാണു്. സ്വർഗ്ഗാരോഹണത്തെപ്പററി ഇയ്യിടെ അദ്ദേഹം രചിച്ചിട്ടുള്ള ഗാനം അടുത്തുതന്നെ ഇററാല്യൻറേഡിയോ പ്രക്ഷേപണം ചെയ്യുന്നതാണു്. 1951 മുതൽ അദ്ദേഹം സിസ്റ്റയിൻചാപ്പലിലെ വൈസ്-കൺണ്ടക്ടരായിരിക്കുകയാണു്.

## യൂദന്മാരുടെ കൃതജ്ഞതാപ്രകടനം

ഇററലിയിലെ യഹൂദസമുദായം റോമയിലെ സന്യാസാശ്രമങ്ങളോടും കന്യകാമഠങ്ങളോടുമുള്ള തങ്ങളുടെ കൃതജ്ഞത പ്രവൃത്തിമൂലം പ്രകടിപ്പിച്ചിരിക്കുന്നു. നാസിരഹസ്യപ്പോലീസിൻെറ പിടിയിൽനിന്നും യഹൂദന്മാരെ രക്ഷിച്ചുവെന്നതാണു് ഈ സന്യാസാശ്രമങ്ങളും കന്യകാമഠങ്ങളും ചെയ്ത സേവനം. ഇററലിയിലെ യഹൂദന്മാരുടെ നേതാവായ സിഞ്ഞോർ ഓഡോ ഗാഗ്ലിയുടേയും റോമയിലെ പ്രധാന റബ്ബിയായ എലിയോ ടോഫിൻെറയും നേതൃത്വത്തിൽ ഒരു നിവേദകസംഘം യൂദന്മാരെ സംരക്ഷിച്ചിരുന്ന സന്യാസാശ്രമങ്ങളിലെത്തി അവയ്ക്കു് ഓരോ സ്വർണ്ണമെഡൽ പ്രദാനംചെയ്തിരിക്കുന്നു. ഇങ്ങനെ മെഡൽകിട്ടിയ സ്ഥാപനങ്ങളിലൊന്നാണു് ടിബേർണിയാദ്വീപിലുള്ള ആശുപത്രി. അനേകം യഹൂദന്മാർ അവിടെ ഒളിച്ചുതാമസിച്ചിട്ടുണ്ടു്. 1943-ൽ 110 റാത്തൽ സ്വർണ്ണം ശേഖരിച്ചു് 200 യഹൂദകുടുംബനായകന്മാരെ നഷ്ടപരിഹാരം കൊടുത്തു വീണ്ടെടുത്ത റോമൻപൗരന്മാരേയും നിവേദകസംഘം വിസ്മരിച്ചില്ല. സ്വർണ്ണമെഡൽ ദാനം ചെയ്യുന്നതിലേക്കു കാപ്പിറേറാലിൽ കൂടിയ മഹായോഗത്തിൽ സിഞ്ഞോർ ഓഡോ ചെയ്ത പ്രസംഗത്തിൽ ഈ വസ്തുത അനുസ്മരിക്കുകയുണ്ടായി.

## യുനെസ്കോചെയർമൻ

ഇയ്യിടെ ന്യൂഡൽഹിയിൽ കൂടിയ യുനെസ്കോ (ഐക്യരാഷ്ട്ര വിദ്യാഭ്യാസ-ശാസ്ത്രീയ-സാംസ്കാരികസംഘടന) യുടെ സമ്മേളനം അതിൻെറ എക്സിക്യൂട്ടീവു് കൗൺസിലിൻെറ ചെയർമനായി തിരഞ്ഞെടുത്തിരിക്കുന്ന ഡോക്ടർ വിക്ടോറിനോ വെറോനെസി ഇൻറർനാഷനൽ കോൺഗ്രസ് ഓഫ് ലെ അപ്പോസ്തോലെററു് എന്ന അന്താരാഷ്ട്രീയ കത്തോലിക്കാസംഘടനയുടെ സ്ഥിരംകമ്മിററിയുടെ സിക്രട്ടറികൂടിയാണു്.

## ഡോക്കു് ജോലിക്കാരുടെ പ്രതിഷേധം

രഷ്യൻതുറമുഖങ്ങളിലേക്കുള്ള ചരക്കുകൾ കപ്പലിൽ കയററാതെ ലിവർപൂളിലെ ഡോക്കുതൊഴിലാളികൾ സോവ്യററുനയത്തോടുള്ള പ്രതിഷേധം തുടർന്നുകൊണ്ടിരിക്കുകയാണു്. രഷ്യൻസേന ഹംഗറിയിൽ പ്രവേശിച്ചു് ആക്രമണമാരംഭിച്ചപ്പോൾ തുടങ്ങിയതാണു് ഈ ബോയിക്കോട്ടു്. രഷ്യാ വാങ്ങിയിട്ടുള്ള 5000 ടൺ റബർ കയററിക്കൊണ്ടുപോകുന്നതിനായി സ്റ്റാനിസ്ലാവ്സ്കി എന്ന രഷ്യൻകപ്പൽ ലിവർപൂളിൽ അടുത്തു വളരെ സാഹസം പറഞ്ഞുവെങ്കിലും ഡോക്കുജോലിക്കാർ ചരക്കുകയററാൻ വിസമ്മതിച്ചു. പിന്നീടു് ഒരു ഡാനിഷ്കപ്പൽ ഈ ചരക്കു കയററുന്നതിനു വന്നുവെങ്കിലും രഷ്യയിലേക്കു കൊണ്ടുപോകാനാണെന്നറിഞ്ഞപ്പോൾ ജോലിക്കാർ വിസമ്മതം പ്രകടിപ്പിച്ചു. ലിവർപൂളും ലണ്ടനും മോസ്കോയും തമ്മിൽ വളരെ കൂടിയാലോചനകൾ നടന്നെങ്കിലും ഒരൊററ ജോലിക്കാരൻപോലും ചരക്കു കപ്പലിൽ കയററാൻ കൂട്ടാക്കുന്നില്ല. തന്മൂലം ആ കപ്പലുകൾ ചരക്കുകയററാതെ മടങ്ങിപ്പോയി. ഇയ്യിടെ ജോലിക്കാരുടെ വക്താവു പറയുകയുണ്ടായി: "ഹംഗറിയിലെ സ്ഥിതിഗതികൾക്കു ഒരു മാററംവരുന്നതുവരെ ഒരൊററ രഷ്യൻകപ്പലിൽപോലും ഞങ്ങൾ ചരക്കു കയററുന്നതല്ല. അവിടെ സംഗതികൾ ശരിപ്പെടുന്നതുവരെ ഞങ്ങൾ ഈ നയം തുടരുന്നതാണു്."

Chakolas SILK HOUSE
TRICHUR-ERNAKULAM
കല്യാണ സാരികൾ
ആവശ്യത്തിനും, അവസരത്തിനും അനുസരിച്ചുള്ള വിവിധ ജവുളിത്തരങ്ങൾ ധാരാളം സ്റ്റോക്കുണ്ടു്.
EP

## പത്രപ്രവർത്തകർക്കു വേണ്ടി

തങ്ങളുടെ തൊഴിലിൽ വ്യാപൃതരായിരിക്കവെ നിര്യാതരായ 15 പത്രപ്രവത്തകക്കുവേണ്ടി ഇയ്യിടെ പാരീസിലെ സെൻറു് യൂസ്റ്റാഷെ ദേവാലയത്തിൽവച്ചു ദിവ്യപൂജ സമർപ്പിക്കപ്പെട്ടിരിക്കുന്നു. ഇവരിൽ 14 പേർ ഫ്രഞ്ചുകാരും ഒരാൾ അമേരിക്കനുമാണു്. സൂയസ്കനാൽതീരത്തുനിന്നു ചില യുദ്ധചിത്രങ്ങൾ എടുക്കവെയാണു് അമേരിക്കൻ വധിക്കപ്പെട്ടതു്. ഹംഗറിയിലെ സോവ്യററു് ആക്രമണവേളയിൽ ഫോട്ടോ എടുക്കവെ വെടിയേററുവീണതാണു് ഒരാൾ; രണ്ടുപേർ മൊറോക്കയിൽവച്ചു വധിക്കപ്പെട്ടു. രണ്ടു ഫോട്ടോഗ്രാഫർമാർ ഇൻഡോചൈനായിൽവച്ചു ഹതരായി. കപ്പലപകടത്തിൽപെട്ടും വിമാനാപകടത്തിൽനിന്നും മൃതിയടഞ്ഞവരും ഇക്കൂട്ടത്തിലുണ്ടു്. മരിച്ചവക്കുവേണ്ടി നടത്തപ്പെട്ട ഈ ദിവ്യപൂജയിൽ ഗവർമ്മെൻറുപ്രതിനിധികളും പത്രപ്രതിനിധികളും പത്രാധിപന്മാരും പത്രഉടമകളും മററു റിപ്പോർട്ടർമാരും സംബന്ധിച്ചിരുന്നു.

## ഈജിപ്തിനു സഹായം

അമേരിക്കയിലെ നാഷനൽ കത്തലിക്ക് വെൽഫയർ കോൺഫറൻസിൻെറ റിലീഫ് സർവ്വീസസ് വിഭാഗമാണ് യുദ്ധംമൂലം ഈജിപ്തിൽ ദുരിതമനുഭവിക്കുന്ന ജനങ്ങളുടെ സഹായത്തിന് ആദ്യമെത്തിയതു്. എമർജൻസികമ്മിററിയുടെ ചെയർമനായ മി. റസൽ സ്റ്റീവൻസൺ പോർട്ട് സെയിദ്, അലക്സാണ്ഡ്റിയാ, കെയിറോ, സൂയസ്പ്രദേശം മുതലായവ സന്ദർശിച്ച് സ്ഥിതിഗതികൾ നേരിട്ടു മനസ്സിലാക്കി. റിലീഫ്‌സർവ്വീസുകാർ ആദ്യം തന്നെ പതിനായിരം ഡോളറിനു മരുന്നുകളും അത്രയുംതന്നെ തുകക്കു വസ്ത്രങ്ങളും കമ്പിളികളും 5000 ഡോളർ പണമായും അയച്ചുകൊടുത്തു. ക്രിസ്തുമസ് ആയപ്പോഴേക്കു 171676 ഡോളറിൻെറ സഹായം അയച്ചുകൊടുക്കുവാൻ സാധിച്ചു. യുദ്ധംമൂലം ദുരിതമനുഭവിക്കുന്നവരുടെ ആവശ്യത്തിനു 10 ലക്ഷം പവൻെറ വസ്തുങ്ങൾതന്നെ വേണ്ടിവരുമെന്നാണ് മി. സ്റ്റീവൻസൻെറ അഭിപ്രായം.

## ലീജിയൻ പ്രതിനിധി

1944-ൽ ആഫ്രിക്കയിൽ നൈറോബിയിൽവച്ചു നിര്യാതനായ എഡൽക്വിനെ സിദ്ധയെന്നു പേരുവിളിക്കുന്നതിനുള്ള നടപടികളാരംഭിക്കുന്നതിലേക്കു അവരുടെ ജീവിതവിശുദ്ധിയെപ്പററി അന്വേഷണംനടത്തുവാൻ നൈറോബിയിലെ മെത്രാപ്പോലീത്താ ഒരു കോടതിയെ നിയമിച്ചിരിക്കുന്നു. അയർലൻഡിൽ ജാതയായ എഡൽക്വിൻ വളരെനാൾ അവിടെ ലീജിയൻ ഓഫ് മേരി പ്രവർത്തനം നടത്തിയശേഷം 1936 ലാണ് ലീജിയൻ പ്രതിനിധിയായി നൈറോബിയിലെത്തിയതു്. കെനിയാ, നയാസാലാൻഡ്, ടാങ്കനിക്കാ, ഉഗാണ്ടാ, സാൻസിബാർ, മൗരീഷ്യസ് എന്നീ രാജ്യങ്ങളിൽ ലീജിയൻസംഘടന പ്രചരിപ്പിക്കുന്നതിനു അവർക്കു സാധിച്ചു.

## എം. സി. എസ്. എൽ. വാർഷികം

### വിദ്യാർത്ഥി സെക്രട്ടറി സ്ഥാനാർത്ഥികൾ

1. എം. ഇ. കുര്യൻ സ്റ്റാൻഡേർഡ് X, സെൻറ് എഫ്രേംസ് ഹൈസ്കൂൾ, മാന്നാനം.
2. ടി. ടി. സിറിയക്ക് സ്റ്റാൻ. X, സി. സി. മെമ്മോറിയൽ ഹൈസ്കൂൾ, കറിക്കാട്ടൂർ.
3. എ. എം. ജോസഫ് സ്റ്റാൻ. X, സെൻറ് പീറേറഴ്സ് ഹൈസ്കൂൾ, ഇലഞ്ഞി.
4. ജോസ് ററി. തോമസ്, സ്റ്റാൻ. X സെൻറ് ബർക്കുമാൻസ് ഹൈസ്കൂൾ, ചങ്ങനാശ്ശേരി
5. എൻ.എസ്സ്.കുര്യൻ, സ്റ്റാൻ. X ലെയോ തേർട്ടീന്ത് ഹൈസ്കൂൾ ആലപ്പുഴ,
6. കെ. എം. ജോസഫ് സ്റ്റാൻ. X, എസ് എച്ച് ഹൈസ്കൂൾ തേവര

### വിദ്യാർത്ഥിനി സെക്രട്ടറി സ്ഥാനാർത്ഥികൾ

1. സിസിലി തോമസ്, സ്റ്റാൻ. X സെൻറ് ആൻസ് ഹൈസ്കൂൾ കോട്ടയം
2. പി. എസ്. ത്രേസ്യാമ്മ സ്റ്റാൻ. X സെൻറ് മേരീസ് ഹൈസ്കൂൾ, അതിരമ്പുഴ
3. കെ. ജെ. കുഞ്ഞമ്മ, സ്റ്റാൻ. X സെൻറ് ആൻറണീസ് ഹൈസ്കൂൾ, ആലപ്പുഴ

തെരഞ്ഞെടുപ്പ് ഫെബ്രുവരി 10-ാം തീയതി തേവരവെച്ചു കൂടുന്ന പ്രതിനിധി സമ്മേളനത്തിൽ നടക്കുന്നതായിരിക്കും.

### അംഗങ്ങളുടെ ശ്രദ്ധയ്ക്ക്

തേവര എസ്. എച്ച്. കോളേജ് ഹൈസ്കൂളിൽ വച്ച് ഫെബ്രുവരി 9, 10 തീയതികളിൽ ആഘോഷിക്കപ്പെടുന്ന എം. സി. എസ്. എൽ. വാർഷികച്ചടങ്ങുകളിൽ കേരളത്തിലെ എല്ലാ കത്തോലിക്ക വിദ്യാർത്ഥികളും, ഗുരുജനങ്ങളും സംബന്ധിക്കണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

എല്ലാ സ്കൂളുകളിൽനിന്നും പ്രസ്തുത ദിവസങ്ങളിൽ എറണാകുളത്തേക്ക് ഓരോ വിനോദയാത്ര സംഘടിപ്പിച്ചാൽ അതു് അവസരോചിതമായിരിക്കും. വിദ്യാർത്ഥികൾക്ക് തേവര കോളേജിലും വിദ്യാർത്ഥിനികൾക്ക് പെരുമാനൂർ മഠത്തോടനുബന്ധിച്ചുള്ള ഗേൾസ് സ്കൂളിലും താമസത്തിന് സൗകര്യങ്ങൾ ശരിപ്പെടുത്താം. കൂടാതെ നാവികസങ്കേതം, വിമാനത്താവളം, തുറമുഖം മുതലായവ സന്ദർശിക്കുന്നതിനുള്ള സൗകര്യങ്ങളും ഏർപ്പാടുചെയ്യുന്നുണ്ട്.

എറണാകുളത്തേക്ക് തീവണ്ടിമാർഗ്ഗം വരുന്ന വിദ്യാർത്ഥികൾക്ക് സൗജന്യം ലഭിക്കുന്നതിനും സാദ്ധ്യതയുണ്ട്. അതിലേക്കായി ഓരോ സ്കൂളിൽനിന്നും ഹെഡ്മാസ്റ്റർമാർ "ഡിവിഷനൽ സൂപ്രണ്ട് സതേൺ റെയിൽവേ, പോത്തനൂർ" എന്ന വിലാസത്തിൽ അപേക്ഷിച്ചാൽ ആവശ്യമായ കൺസഷൻ ഫാറങ്ങൾ 100-ന് 1 ക. 4ണ. നിരക്കിൽ ഏററവും അടുത്ത റെയിൽവേ സ്റ്റേഷൻ മുഖേന ലഭിക്കുന്നതാണ്. ഉടനെതന്നെ ആയതിലേക്ക് എഴുതി വേണ്ട സൗജന്യങ്ങൾ സമ്പാദിക്കണമെന്ന് ലീഗംഗങ്ങൾ എവരേയും അനുസ്മരിപ്പിച്ചുകൊള്ളുന്നു

തേവരയിലെ താമസസൗകര്യങ്ങൾ, ഭക്ഷണം മുതലായവയുടെ വിശദവിവരങ്ങൾക്ക് റവ. ഫാദർ ഓസ്‌വാൾഡ് സി. ഡി (തേവര) അവർകൾക്കോ പ്രൊഫസർ പി. ററി. തോമസ് (സെൻറ് ആൽബർട്ട്സ് കോളേജ്, എറണാകുളം) അവർകൾക്കോ എഴുതിയാൽ മതിയാകും. വാർഷികചടങ്ങുകളുടെ വിജയത്തിനുവേണ്ടി പ്രാർത്ഥിക്കുകയും സഹായിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു. സെക്രട്ടറി

### കൃതജ്ഞത

വി. കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥതാലും സിസ്റ്റർ അൽഫോൻസായുടെ സഹായത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിന്.

വി. ജെ. സ്കറിയാ



ഉദ്ദിഷ്ടകാര്യം സാധിച്ചതിന് കൃതജ്ഞത.

A. P. Mary



ഹങ്കറിയിൽ ബുഡാപ്പെസ്റ്റിലെ തെരുവീഥിയിൽ അപ്പത്തിനുവേണ്ടി ക്യൂ നിൽക്കുന്ന നിർഭാഗ്യരായ കുട്ടികളിലൊന്ന്. റെഡ്ക്രോസ് സൊസൈററിയിൽ നിന്നു കിട്ടിയ ഒരു അപ്പവും ഒരു പാത്രം സൂപ്പുമാണ് അവൻെറ കൈയിൽ.

## ഇൻഡ്യാ വാർത്തകൾ

—ഇന്ത്യയിൽ 22 പുതിയ കടലാസുമില്ലുകൾ സ്ഥാപിക്കുവാൻ ഇന്ത്യാ ഗവമ്മെൻറ് അനുമതി നൽകിയിട്ടുള്ളതായി വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു. രണ്ടാം പദ്ധതിയുടെ അവസാനത്തോടെ കടലാസിൻെറയും കട്ടിക്കടലാസിൻെറയും ഉല്പാദനം 5.4 ലക്ഷം ടണ്ണായിത്തീരുന്നതാണ്.

—ഇന്ത്യയുടെ ഒന്നാമത്തെ ഫ്രിസർഷിപ്പായ "എം. വി ആദിത്യ" ജനുവരി 23-ാം തീയതി കടലിൽ ഇറക്കിയിരിക്കുന്നു.

—ഇന്ത്യൻ സയൻസു കോൺഗ്രസ് അസോസ്യേഷൻെറ ജനറൽ പ്രസിഡൻറായി മദ്രാസ് സർവ്വകലാശാലാ വൈസ് ചാൻസലർ ഡോക്ടർ എ ലക്ഷ്മണ സ്വാമി മുതലിയാർ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

—മൂന്നാമത്തെ കോമൺവെൽത്തു സ്റ്റുഡൻസ് സമ്മേളനം ന്യൂഡൽഹിയിൽ വെച്ചു നടന്നിരിക്കുന്നു.

—പ്രധാനമന്ത്രി നെഹ്റുവുമായി സംഭാഷണം നടത്തുന്നതിനു സിലോൺ പ്രധാനമന്ത്രി മി. ഭണ്ഡാരനായക് അടുത്തുതന്നെ ന്യൂഡൽഹി സന്ദർശിക്കുന്നതാണ്.

—ലണ്ടനിലെ ഇമ്പീരിയൽ ഇൻസ്റ്റിററ്യൂട്ടിൽ നടത്തിവരുന്ന ഒരു പ്രദർശനത്തിൽ ഇന്ത്യൻ ശില്പികൾ വരച്ച എണ്ണച്ചായപ്പടങ്ങളും പെൻസിൽചിത്രങ്ങളും പ്രദർശിപ്പിച്ചു വരുന്നു.

## വിദേശവാർത്തകൾ

—സിലോൺ സന്ദർശിക്കുന്ന ചൈനീസ് പ്രധാനമന്ത്രി മി. ചൗ എൻ ലായിക്കു ഒരു സ്വീകരണം നൽകേണ്ടെന്നു കൊളമ്പു മുനിസിപ്പൽ കൗൺസിൽ തീരുമാനിച്ചിരിക്കുന്നു.

—മദ്ധ്യപൂർവ്വദേശത്തു "സമാധാനം നിലനിർത്തുന്നതിനും ജനങ്ങളുടെ സാമ്പത്തികക്ഷേമം പുലർത്തുന്നതിനും" ഐസൻഹോവർ ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയെ ഇറാൻ, ഇറാക്ക്, പാക്കിസ്ഥാൻ, ടർക്കി, എന്നീ മുസ്ലീം രാഷ്ട്രങ്ങൾ അനുകൂലിച്ചിരിക്കുന്നു.

ഇററലിയിൽ പാദുവായിലെ മിസ്സസ് ലിയോണി ദെ ബാത്തോ എന്ന വനിതയ്ക്കു സലേഷ്യൻ സുപ്പീരിയർ ജനറൽ ഒരു സ്വർണ്ണമെഡൽ നൽകിയിരിക്കുന്നു. അവരുടെ 6 പെൺമക്കൾ സലേഷ്യൻകന്യാസ്ത്രീകളും രണ്ടു പുത്രന്മാർ സലേഷ്യൻ വൈദികരുമാണ്. മറെറാരു മകൻ ഒബ്ലേററ്സ് ഓഫ് മേരി ഇമ്മാക്കുലേററ് എന്ന സന്യാസസഭയിലെ ഒരു വൈദികനാണ്.

—കൊളോൺ രൂപതയിലെ ഇക്കൊല്ലത്തെ ക്രിസ്തുമസ്പിരിവ് ജപ്പാനിലെ ടോക്കിയോരൂപതയ്ക്കു പ്രദാനംചെയ്തിരിക്കുന്നു. അവിടെ മിഷനറിപ്രവർത്തനം നടത്തുന്നതിനും ടോക്കിയോ കത്തോലിക്കാ സർവ്വകലാശാല വിപുലീകരിക്കുന്നതിനും ഈ സംഖ്യ വിനിയോഗിക്കുന്നതാണ്.

—സ്പെയിനിലെ നാഷനൽ ട്രേഡ്‌യൂണിയൻകാർ അവരുടെ ഇക്കൊല്ലത്തെ "വർക്കേഴ്സ് മെഡലി"നു അർഹനായി തിരഞ്ഞെടുത്തിരിക്കുന്നതു സ്പെയിനിലെ പ്രൈമററായ കർദ്ദിനാൾ ഡെനീൽ തിരുമേനിയെയാണ്. 80 വയസ്സായ തിരുമേനി, ഒരൊററദിവസംപോലും അവധിയെടുക്കാതെ ഇപ്പോഴും പ്രതിദിനം 12 മണിക്കൂർ ജോലിചെയ്തുവരുന്നു.

—വിശുദ്ധ ഫ്രാൻസിസ് സേവ്യരുടെ ജന്മഗൃഹമായ സേവ്യർ കാസ്സിൽ ഗവമ്മെൻറുചെലവിൽ നന്നാക്കി സൂക്ഷിക്കുന്നതിനു സ്പാനിഷ്ഗവമ്മെൻറു തീരുമാനിച്ചിരിക്കുന്നു.

—ബ്രസീലിൽ കുടിയേറിപ്പാർത്തിരിക്കുന്ന 40,000 റഷ്യാക്കാരുടെ ഇടയിൽ സേവനം അനുഷ്ഠിക്കുവാനായി ഫോർഡ്ഹാംസർവ്വകലാശാലയിലെ ഫാദർ ഫീയൊഡോർ വിൽകോക്സ് എസ്. ജെ. ബ്രസീലിൽ എത്തിയിരിക്കുന്നു.

—വിശുദ്ധ അഗസ്തിൻെറ വീടിരുന്ന സ്ഥലത്തു സ്ഥാപിതമായിരിക്കുന്ന കപ്പർണിക്കാ കോളെജിൻെറ 500-ാം വത്സരപൂർത്തി അവസരത്തിൽ അതിൻെറ പ്രശസ്തനായ ഒരു പൂർവ്വവിദ്യാർത്ഥി ആ സ്ഥാപനം സന്ദർശിക്കുന്നതാണെന്നു ഇപ്പോൾ അറിവായിരിക്കുന്നു. ആ പൂർവ്വവിദ്യാർത്ഥി പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമേനിയാണ്.

—ഫ്രാൻസിലെ 9 വയസ്സുള്ള ഒരു കവയിത്രിയായ മിനോ ഡ്രുവേ ഈയിടെ വത്തിക്കാനിലെത്തി പരിശുദ്ധ പിതാവു തിരുമേനിയെ സന്ദർശിച്ചിരിക്കുന്നു. അവൾ സ്വന്തം ചില കവിതകൾ തിരുമേനിയെ ചൊല്ലിക്കേൾപ്പിക്കുകയുണ്ടായി.

—ഇററലിയിലെ മാസെറാത്താ നഗരം ബുദ്ധിശക്തിയിലും പാചകകലയിലും ഒന്നാംസ്ഥാനത്തുനില്ക്കുന്ന ഒരു മാതൃകാവനിതയെ—19 വയസ്സുള്ള മരിയാ പൗളാ കാർലെററി—തിരഞ്ഞെടുത്തിരിക്കുന്നു. പരിശുദ്ധ പിതാവു ആ യുവതിക്ക് ഒരു സന്ദർശനമനുവദിക്കുകയും തൻെറ അനുഗ്രഹം പ്രദാനംചെയ്യുകയും ചെയ്തിരിക്കുന്നു.

ബ: അൽഫോൻസാമ്മയുടെ സഹായത്താൽ എൻെറ സഹോദരിയുടെ സുഖക്കേടു ഭേദമായതിനു കൃതജ്ഞത.

എം. ഡി. വർക്കി, പാറപ്പള്ളി, പാലാ

—ലിസ്ബനിൽ 300 വിദ്യാർത്ഥികൾ ഒരു വലിയ മരക്കുരിശും വഹിച്ചുകൊണ്ടു് 105 മൈൽ കാൽനടയായി യാത്രചെയ്തു ഫാത്തിമായിലേക്ക് ഒരു തീർത്ഥയാത്ര കഴിച്ചിരിക്കുന്നു. സമാധാനത്തിനും സ്വാതന്ത്ര്യത്തിനുംവേണ്ടി പ്രാർത്ഥിക്കുകയെന്നതായിരുന്നു അവരുടെ ലക്ഷ്യം.

—ഹംഗേറിയൻ ദുരിതനിവാരണഫണ്ടിലേക്കു ഇംഗ്ലണ്ടിലെ ലിവർപൂൾരൂപത 135000 ക. സംഭാവനനൽകിയിരിക്കുന്നു.

—വടക്കുപടിഞ്ഞാറൻ ബൾഗേറിയായിൽ കമ്മ്യൂണിസ്റ്റു ഭരണത്തിനെതിരായി 100 സൈനികഓഫീസറന്മാരുടെ നേതൃത്വത്തിൽ ഒരു സായുധവിപ്ലവം പൊട്ടിപ്പുറപ്പെട്ടിരിക്കുന്നതായി റോയിട്ടർ റിപ്പോർട്ടുചെയ്യുന്നു.

—ഹംഗറിയിലെ പ്രതിവിപ്ലവപ്രവർത്തനങ്ങളെ നേരിടാൻ കാദർഗവമ്മെൻറു പ്രത്യേകകോടതികൾ ഏർപ്പെടുത്തിയിരിക്കുന്നു. സാധാരണമരണശിക്ഷയോ 15 കൊല്ലത്തെ കഠിനതടവോ നൽകാൻ ഈ കോടതികൾക്കധികാരം നൽകിയിട്ടുണ്ടു്.

—ഈജിപ്തിലെ ബ്രിട്ടീഷ്-ഫ്രഞ്ച് ബാങ്കുകൾ ഈജിപ്ത് ദേശവത്കരിച്ചിരിക്കുന്നു.

—പാക്കിസ്ഥാൻ കാശ്മീർപ്രശ്നം സെക്യൂരിററികൗൺസിലിൽ ഉന്നയിച്ചിരിക്കുന്നു.

—ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള തർക്കത്തെപ്പററി സെക്യൂരിററികൗൺസിൽ ചർച്ച തുടർന്നിടത്തോളംകാലം, കാശ്മീരിൻെറ ഇന്നത്തെ നില തുടരണമെന്നാവശ്യപ്പെടുന്ന ഒരു പ്രമേയം സെക്യൂരിററികൗൺസിൽ പാസാക്കിയിരിക്കുന്നു.



(4-ാം പേജ് തുടർച്ച)

ള്ള പ്രതീക്ഷയിലുമുള്ള യുദ്ധം നിയമവിരുദ്ധമല്ലാതായിത്തീരുകയും ചെയ്യുന്ന ഒരു സന്ദർഭം ഇന്നത്തെ ചുററുപാടുകളിൽ ഒരു രാഷ്ട്രത്തിനുണ്ടാകാമെന്നുള്ളതു വ്യക്തമാകുന്നു.

"ആകയാൽ ജനങ്ങളുടെയും ഗവർമ്മെൻറിൻെറയും പ്രാതിനിധ്യം വഹിക്കുന്ന ഒരു സംഘം—രണ്ടും സ്വാതന്ത്ര്യവോട്ടുമൂലം തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതു്—ഏററവും വിപൽക്കരമായ ഒരു ഘട്ടത്തിൽ, ആഭ്യന്തരവും ബാഹ്യവുമായ നയത്തിൻെറ വ്യവസ്ഥാപിതമായ അധികാരമുപയോഗിച്ച്, പ്രതിരോധപരമായ നടപടികളെടുക്കുവാൻ തീരുമാനിക്കുകയും, ആവശ്യമെന്നു അവക്കു തോന്നുന്ന പദ്ധതികൾ നടപ്പിൽ വരുത്തുകയും ചെയ്യുമ്പോൾ അവർ അധാർമ്മികമായി പ്രവർത്തിക്കുന്നില്ല. തന്മൂലം, നിയമം അനുശാസിക്കുന്ന ആ ചുമതലകൾ നിർവ്വഹിക്കുകയും സേവനമനുഷ്ഠിക്കുകയും ചെയ്യാതിരിക്കുവാൻ ഒരു കത്തോലിക്കാ പൗരനു സ്വന്തമനസ്സാക്ഷിയെ മാനദണ്ഡമാക്കിക്കൂടാത്തതാകുന്നു.

"ഈ സംഗതിയിൽ, ആ കർത്തവ്യത്തെ ഒരിക്കലും നിഷേധിച്ചിട്ടില്ലാത്ത—പ്രത്യുത നിരങ്കുശമായ ആയുധസജ്ജീകരണമത്സരത്തെയും പാളയജീവിതത്തോടനുബന്ധിച്ച ധാർമ്മികവിപത്തിനെയുംപററി വിലപിക്കുകയും, നാം ചെയ്യുന്നതുപോലെ ഫലപ്രദമായ ഒരു പ്രതിവിധിയെന്ന നിലയിൽ പൊതുവായ നിരായുധീകരണത്തിനുവേണ്ടി ഉദ്ബോധിപ്പിക്കുകയും ചെയ്ത, നമ്മുടെ പുരോഗാമികളായ പതിമൂന്നാം ലെയോയോടും പതിനഞ്ചാംബെനദിക്തോസിനോടും നാം പരിപൂർണ്ണമായി യോജിക്കുകയാണെന്നു നമുക്കു ബോദ്ധ്യമായിരിക്കുന്നു."

ഇതിൽനിന്നു ചോദ്യത്തിനുള്ള ഉത്തരം വ്യക്തമാണല്ലോ. എല്ലാ യുദ്ധങ്ങളും അധാർമ്മികങ്ങളല്ല. സ്വയരക്ഷണത്തിനുവേണ്ടി യുദ്ധത്തിലേർപ്പെടുവാൻ ഒരു രാജ്യത്തിനു് അവകാശമുണ്ടു്. അങ്ങനെയുള്ള ഒരു യുദ്ധത്തിൽ പങ്കെടുക്കുന്നതു് ഒരുവിധത്തിലും അധാർമ്മികമല്ല. അങ്ങനെ യുദ്ധം ചെയ്യുന്നതുമൂലം ആരെയെങ്കിലും വധിക്കുവാൻ ഇടയാകുന്നതു് ഒരു പാപമല്ല. പട്ടാളത്തിൽ ചേർന്നുവെന്നു കരുതി, കൊല്ലുന്നതിലുള്ള രസത്തിനുവേണ്ടി ആരെയും കൊല്ലരുതു്. ഹൃദയം കാണുന്ന ദൈവമാണു വിധിയാളനെന്നുള്ളതു വിസ്മരിക്കരുതു്.

69. ചോ: തിരുസഭയിൽ പുരുഷന്മാരെപ്പോലെ തുല്യാവകാശം സ്ത്രീകൾക്കുമുണ്ടോ? ഉണ്ടെങ്കിൽ എന്തുകൊണ്ടാണു് അവരെ പട്ടത്തിനു പഠിപ്പിക്കാത്തതു്?

(പി. ഐ. വി. കുനംമൂച്ചി)

ഉ: അനശ്വരമായ ആത്മാവുകളോടുകൂടിയ വ്യക്തികളെന്ന നിലയിൽ സ്ത്രീക്കും പുരുഷനും തുല്യസ്ഥാനമാണു സഭയിലുള്ളതു്. ഒരേ നിയമങ്ങൾ അനുസരിക്കുകയും ഒരേ കൂദാശകൾ സ്വീകരിക്കുകയും ചെയ്യുന്നു. എന്നാൽ "അവകാശ"ങ്ങളെപ്പററിയാണെങ്കിൽ, അവകാശങ്ങളും ചുമതലകളും പരസ്പരബദ്ധങ്ങളാണു്. സ്ത്രീക്കും പുരുഷനും ഒരേതരത്തിലുള്ള ചുമതലകളല്ലാ സമുദായത്തിലുള്ളതു്. തന്മൂലം സ്ത്രീയുടെ ചുമതലകൾക്കനുസൃതമായ അവകാശങ്ങൾക്കു സ്ത്രീക്കും, പുരുഷൻെറ ചുമതലകൾക്കനുസൃതമായ അവകാശങ്ങൾക്കു പുരുഷനും അർഹതയുണ്ടു്. ഈ അവകാശങ്ങൾ സമാനങ്ങളായിരിക്കണമെന്നില്ല.

ഇനിപട്ടത്വത്തെപ്പററിയാണെങ്കിൽ, അതു് ആരുടെയും—സ്ത്രീയുടെയാകട്ടെ, പുരുഷൻെറയാകട്ടെ—"അവകാശ"ത്തിൽ പെട്ടതല്ല. അതിനാൽ അവകാശം നിഷേധിക്കുന്നുവെന്ന ഒരു പ്രശ്നമേ ഉദിക്കുന്നില്ല. ഇനി സ്ത്രീകളെ എന്തുകൊണ്ടു പട്ടത്തിനു പഠിപ്പിക്കുന്നില്ലായെന്നാണെങ്കിൽ, അതു വേദപുസ്തകത്തിൽനിന്നു വ്യക്തമാകുന്നതുപോലെ, ദൈവത്തിൻെറ ഇഷ്ടം വിരുദ്ധമായതുകൊണ്ടാണു്. നമ്മുടെ കർത്താവു 12 പുരുഷന്മാരെയാണു ശ്ലീഹന്മാരായി തിരഞ്ഞെടുത്തതു്. അവരും പുരുഷന്മാരെയാണു് തങ്ങളുടെ അനന്തരഗാമികളായി അവരോധിച്ചതു്. "സ്ത്രീ മൗനത്തിൽ മുഴുവനായ അനുസരണത്തോടുകൂടി പഠിക്കട്ടെ. പഠിപ്പിക്കുവാൻ... സ്ത്രീയെ ഞാൻ അനുവദിക്കുന്നില്ല. (1 തിമോ: II, 11, 12). നിങ്ങളുടെ സ്ത്രീകൾ സഭയിൽ (ദേവാലയത്തിൽ) മിണ്ടാതിരിക്കട്ടെ... സംസാരിക്കുവാൻ അവക്കു അനുവാദമില്ല... സ്ത്രീകൾ സഭയിൽ സംസാരിക്കുന്നതു ലജ്ജാവഹമാകുന്നു" (I കോറി: XIV. 34.35) എന്നുള്ള വി. പൗലോസിൻെറ ഉദ്ബോധനം ഇവിടെ സ്മർത്തവ്യമാകുന്നു.

# ചെറുകഥ

## കൽക്കുനയിലെ കരിങ്കൽകുരിശ്ശു്

(വക്കി ടി. എം.)

ദക്ഷിണ കാനറായുടെ വടക്കുകിഴക്കൻ മലഞ്ചെരിവിലുള്ള ഒരു പരിഷ്കൃത ഗ്രാമത്തിൻെറ "ഗ്രാമസേവക്" ആയിട്ടാണു് ഞാൻ ആദ്യമായി നിയമിതനായതു്. ആധുനിക പരിഷ്കാരങ്ങളുടെ നിഴൽപോലുമേശാത്ത ആ ഗ്രാമം ബാഹ്യലോകത്തിൽനിന്നും അകന്നു് സ്വച്ഛമായി പരിലസിക്കുന്നു. മനുഷ്യർ ഇടതൂർന്നു് അധിവസിക്കുന്ന പട്ടണങ്ങളിൽനിന്നും അകന്നു് സ്ഥിതിചെയ്യുന്ന ആ ഗ്രാമത്തിലെ ജനങ്ങൾ പരിഷ്കാരത്തിൽ തുലോം പിന്നോക്കമാണു്. പുരാതന ഹൈന്ദവാചാരമര്യാദകളിൽ ആ മണ്ണിൻെറ മക്കൾ ദൃഢചിത്തരാണു്. പ്രഭാതം മുതൽ പ്രദോഷംവരെ മണ്ണിൽ പണിയെടുക്കും; രാത്രിയിൽ സുഖനിദ്രയിൽ ലയിക്കും. വിജ്ഞാനത്തിനോ ആനന്ദത്തിനോ അവരുടെ ഇടയിൽ സ്ഥാനമില്ല. ആലസ്യത്തിനു് അവരുടെ ജീവിതനിഘണ്ടുവിൽ അർത്ഥമില്ല. താന്താങ്ങളുടെ ഗ്രാമാതിർത്തിക്കുള്ളിൽ ഒതുങ്ങിയതാണു് അവരുടെ അറിവിൻെറ പരമാവധി. ഒരുവിധത്തിൽ പറഞ്ഞാൽ ജീവിതമെന്ന മൂന്നക്ഷരത്തിൻെറ മാഹാത്മ്യമെന്തെന്നറിയാതെ അവരും ജീവിക്കുന്നു.

പുതുതായി ലഭിച്ച എൻെറ ജോലിയിൽ ഞാൻ പുളകംകൊണ്ടു. ഗ്രാമത്തിൻെറ പ്രശാന്തത എന്നെ സന്തോഷചിത്തനാക്കി. പുതുമയുടെ ആയിരമായിരം നവാശയങ്ങളുമായി ഞാൻ എൻെറ ജോലിയിൽ പ്രവേശിച്ചു. അപരിഷ്കൃതരായ അന്നാട്ടുകാരെ സംസ്കാരസമ്പന്നരും പരിഷ്കാരപ്രേമികളും ആക്കിത്തീർക്കണമെന്നുള്ള വ്യാമോഹം എൻെറ അപക്വമായ ബുദ്ധിയിൽ ഞാൻ വളർത്തിയെടുത്തു. അനേകം ആശയങ്ങൾ അനുനിമിഷം എൻെറ മനസ്സിൽക്കൂടികടന്നു പൊയ്ക്കൊണ്ടിരുന്നു അവയെല്ലാം രൂപം കൊടുക്കുക സാദ്ധ്യമല്ല എന്നു ചിന്തിക്കുകതന്നെ എന്നാൽ അസാദ്ധ്യമായിരുന്നു.

പഞ്ചവത്സരപദ്ധതിയിലെ ആശയങ്ങളെ പ്രാവർത്തികമാക്കി, ഭാരതത്തെ ഔന്നത്യത്തിലേക്കു നയിക്കുവാനുള്ള കടത്തുവഞ്ചിയായി പ്രവർത്തിക്കുവാൻ കടപ്പെട്ടിരുന്ന ഞാൻ, എൻെറ അധികാരസീമയിൽപെട്ട സ്ഥലങ്ങൾ ഓരോന്നും സന്ദർശിച്ചു. എൻെറ പരിമിതമായ കർണ്ണാടകഭാഷാജ്ഞാനഭണ്ഡാഗാരത്തെ തുറന്നു് കഴിയുന്നതും ലളിതമായി സംസാരിക്കുന്നതിനും, വാത്സല്യപൂർവ്വം പെരുമാറുന്നതിനും ഞാൻ ശ്രദ്ധിച്ചിരുന്നു. ഗ്രാമത്തിലെ പല കർഷകരും എനിക്കു് ഹൃദ്യമായ സ്വീകരണം നൽകി. അവക്കു് ഞാനൊരു പുതുമതന്നെയായിരുന്നു. ചിലർ എൻെറ പക്കൽ വരുന്നതും സംസാരിക്കുന്നതുതന്നേയും പകപ്പോടെ ആയിരുന്നു. എങ്കിലും അവക്കെല്ലാം ഒരു പരിചിതനാകുവാൻ ഞാൻ ശ്രമിച്ചു. എൻെറ ശ്രമം സഫലമായി എന്ന ചാരിതാർത്ഥ്യത്തോടെയാണു് ഞാൻ മററൊരു ഗ്രാമത്തിലേക്കു് തിരിക്കുന്നതു്.

ആ ഗ്രാമത്തിൻെറമദ്ധ്യത്തിലായുണ്ടായിരുന്ന ഒരു പഴയ കെട്ടിടത്തിലായിരുന്നു എൻെറ താമസം. രാത്രിതാമസത്തിനുമാത്രം സ്ഥലത്തെത്തിയിരുന്ന ഞാൻ ആ ജീർണ്ണിച്ച കെട്ടിടംകൊണ്ടു് സംതൃപ്തിയടഞ്ഞു. വൈകുന്നേരം പതിവിലും നേരത്തേ ജോലികഴിഞ്ഞു സ്ഥലത്തെത്തുവാൻ സാധിക്കുന്നുവെങ്കിൽ ഞാൻ മുറിക്കുള്ളിലിരിക്കുക പതിവില്ലായിരുന്നു. സമീപത്തായുള്ള നെൽപാടത്തിൻെറ കരയിൽ നില്ക്കുന്ന ഒരു പ്ലാവിൻ ചുവടായിരുന്നു അപ്പോഴത്തെ എൻെറ ഇരിപ്പിടം.

അസ്തമനസൂര്യൻെറ അന്തിമസന്ദേശവുമായി ഓടിയെത്തുന്ന മന്ദമാരുതൻ വൻമരങ്ങളിൽ തട്ടിയുണ്ടാക്കുന്ന മർമ്മരശബ്ദമായിരുന്നു റേഡിയോ സംഗീതത്തിൽ തഴമ്പിച്ചിരുന്ന എന്നെ അപ്പോഴെല്ലാം ആനന്ദിപ്പിച്ചിരുന്നതു്. കുളിർകാററേററു് തലയാട്ടി കളിക്കുന്ന നെല്ലോലകൾ അലയടിക്കുന്ന സമുദ്രത്തിൻെറ പ്രതീതി ഉളവാക്കിയിരുന്നു. ഗ്രാമീണസംഗീതങ്ങളുമാലപിച്ചു് പുൽമേടുകളിൽനിന്നും തിരിച്ചെത്തുന്ന ഗോപാലന്മാരുടെ പററം പററമായുള്ള ആഗമനം സായംസന്ധ്യയെ വിളിച്ചറിയിച്ചിരുന്നു. അന്തിച്ചുകപ്പേററ ആ പ്രകൃതിരമണീയമായ ഗ്രാമത്തിൻെറ ഹൃദയത്തിൽ നിലകൊള്ളുന്ന കൂററൻ പ്ലാവിൻെറ പന്തലിൻകീഴുള്ള എൻെറ ഇരിപ്പു്, ആ ഏകാന്തതയിലും എനിക്കു് ആനന്ദം നൽകിയിരുന്നു.

എൻെറ അയൽവാസി ഒരു "കുടുംബിയൻ" ആയിരുന്നു. വെങ്കിടൻ, അതായിരുന്നു അയാളുടെ നാമം. തുടർച്ചയായുള്ള ഞങ്ങളുടെ കൂടിക്കാഴ്ച അയാളെ എൻെറ ഒരു സ്നേഹിതനാക്കിത്തീർത്തു.

ഒരു വെള്ളിയാഴ്ച പതിവിലും നേരത്തെ ജോലിയെല്ലാം തീർത്തു് ഞാൻ ആ പ്ലാവിൻെറ ചുവട്ടിൽ സ്ഥലമുറപ്പിച്ചു. പരിസരങ്ങളുടെ രാമണീയകതയെആസ്വദിച്ചുകൊണ്ടിരിക്കുമ്പോൾ വെങ്കിടൻെറ രൂപം എൻെറ ദൃഷ്ടിയിൽ പതിഞ്ഞു. അയാൾ സമീപത്തായി നിന്നിരുന്ന ഒരരയാലിൻെറ ചുവട്ടിൽ ഇരുന്നു് എന്തോ കർമ്മങ്ങൾ കഴിക്കുന്നു. ഞാൻ സൂക്ഷിച്ചുനോക്കി. ഒരു കൽക്കുനയുടെ മുമ്പിൽ ഇരുന്നു് അയാൾ സൗരഭ്യമേറുന്ന ഇലഞ്ഞിപ്പൂക്കൾകൊണ്ടു് ഒരു പൂമാല ചമയ്ക്കുന്നു. പടുകിളവൻ പൂമാല കെട്ടുന്നു—അതും ഒരു വിജനസ്ഥലത്തിരുന്നു്. അയാളുടെ ആ പ്രവൃത്തിയിൽ എനിക്കു് ഉൽകണ്ഠ വർദ്ധിച്ചു. വൃദ്ധൻെറ ദൃഷ്ടിയിൽ പെടാത്ത രീതിയിൽ സമീപത്തുള്ള ഒരു കുററിച്ചെടിയുടെ മറവിൽ ഞാൻ ചെന്നുനിന്നു.

എൻെറ കണ്ണുകളെ എനിക്കു വിശ്വസിക്കുവാൻ കഴിഞ്ഞില്ല. ആൽച്ചുവട്ടിൽ നിലകൊള്ളുന്ന ഒരു പഴയ കൽക്കുനയ്ക്കു മുകളിൽ ഒരു കുരിശ്ശു്. കരിങ്കല്ലിൽ കൊത്തിയെടുത്ത ആ ക്രൂശിതരൂപം ആശ്രിതർക്കാലംബമരുളികൊണ്ടു് ആ കൽക്കൂമ്പാരത്തിനു മുകളിൽ നിലകൊള്ളുന്നു. ഞാൻ അത്ഭുതസ്തബ്ധനായി നിന്നുപോയി ആ കാഴ്ചയിൽ. ക്രിസ്തുവിനേയും ക്രൈസ്തവസമുദായത്തേയുംപററി യാതൊന്നും അറിവില്ലാത്ത ആ നാട്ടിൽ അത്തരത്തിൽ ഒരു ക്രൂശിതരൂപം തികച്ചും ഒരു പുതുമതന്നെയായി എനിക്കു തോന്നി.

അക്ഷരജ്ഞാനം പോലുമില്ലാത്ത ഈ പടുകിഴവൻ ഈ ക്രൂശിതരൂപത്തെ വണങ്ങുന്നതിനു പിൻപിലുള്ള രഹസ്യം അറിയുന്നതിനു ഞാൻ ഉൽസുകനായി. മെല്ലിച്ച ആ വൃദ്ധകരങ്ങൾ ഒരു യന്ത്രമെന്നപോലെ അവയുടെ പ്രവൃത്തിയിൽ വ്യാപൃതമായിരുന്നു. പാടവമേറിയ ഒരു കലാകാരനെപ്പോലെ അയാൾ ആ മാലതീർത്തു.

ഞാൻ നിർന്നിമേഷനായിനിന്നു് അയാളുടെ പ്രവർത്തനങ്ങൾക്കു നിശ്ശബ്ദസാക്ഷ്യം വഹിച്ചു. തികഞ്ഞ ഭക്തിയോടെ വൃദ്ധൻ തൻെറ പൂമാലയെ ആ ക്രൂശിൽ ചാർത്തി, മുകുളിതപാണിയായി നിശ്ചലനായിരുന്നു. കൊഴിഞ്ഞു തുടങ്ങിയ കണ്പീലികൾ നിശ്ചലമായി. അല്പസമയം ആ നിലയിൽ ഇരുന്നതിൻെറശേഷം അയാൾ സമീപത്തിരുന്ന വടിയും തലപ്പാവും എടുത്തു് നടക്കുവാൻ ഭാവിച്ചു.

കുഴിഞ്ഞൊട്ടിയ കവിൾത്തടങ്ങളെ അതിക്രമിച്ചു് വളർന്നുനില്ക്കുന്ന വെള്ളിക്കമ്പികൾപോലുള്ള മേൽമീശ ആ ഇരുണ്ടമുഖത്തെ ഗൗരവത്തിനു മാററുകൂട്ടി. ചുളിവീണ നെററിത്തടത്തിൽ കാലമാകുന്ന കലാകാരൻെറ പാടവത്തെ വിളിച്ചറിയിക്കുന്ന ചാലുകൾ വ്യക്തമായിരുന്നു. പിന്നിൽ കോതിത്തിരുകിയിരുന്ന വളർന്ന കേശഭാരം. അവയ്ക്കു മുകളിൽ ഹിമവൽപർവ്വതംപോൽ ഇരിക്കുന്ന തലപ്പാവു്. മുഷിഞ്ഞതും കീറിത്തുടങ്ങിയതുമായിരുന്നു ധരിച്ചിരുന്ന കാക്കിഷർട്ടു്. ക്ഷീണിച്ചതെങ്കിലും ബലിഷ്ഠമായിരുന്നു ആ കരങ്ങൾ. എൺപതോടടുത്തുവരുന്ന പ്രായം. ആകപ്പാടെ വെങ്കിടൻ എന്ന പേരു് അയാൾക്കനുയോജ്യമായ ഒന്നുതന്നെയായിരുന്നു. ഊന്നുവടിയുടെ സഹായത്താൽ അയാൾ മന്ദംമന്ദം നീങ്ങിത്തുടങ്ങി.

ഇത്രയുംസമയം ഒരു പ്രതിമയെപ്പോലെ നിന്നിരുന്ന ഞാൻ ആ നിശ്ശബ്ദതയ്ക്കൊരു വിരാമമിടുവാൻ നിശ്ചയിച്ചു. ആ കൽക്കുനയ്ക്കു മുകളിലുള്ള ക്രൂശിതരൂപത്തിൻെറ പിന്നിലുള്ള ചരിത്രം എന്തെന്നറിയേണ്ടതായിരുന്നു എൻെറ ആവശ്യം. എൻെറ കൃത്രിമച്ചുമയുടെ ശബ്ദം വെങ്കിടൻെറ ശ്രദ്ധയെ എൻെറ പക്കലേക്കാകർഷിച്ചു. ആദരപൂർവ്വം അയാൾ ഉച്ചരിച്ചു, "നമസ്കാരം സ്വാമീ". ഞാൻ പ്രത്യുപചരിച്ചുകൊണ്ടു് അയാളെ സമീപത്തേക്കു വിളിച്ചു. അയാൾ ആശങ്കയോടെ എൻെറ സമീപത്തെത്തി. കഴിയുന്നതും ലളിതമായ ഗ്രാമീണഭാഷയിൽ ഞാൻ ആരാഞ്ഞു: "ഇന്നു വെള്ളിയാഴ്ചയല്ലയോ? എന്തെല്ലാമാകുന്നു വിശേഷങ്ങൾ വെങ്കിടാ?"

പല്ലുകൾ കൊഴിഞ്ഞ ആ മോണകൾ വെളിയിൽ കാണത്തക്കവിധത്തിൽ പുഞ്ചിരിച്ചുകൊണ്ടയാൾ. പറഞ്ഞു: "വിശേഷമെന്തു സ്വാമി; ഇന്നൊരു പൂജയുണ്ടായിരുന്നു."

ആ കൽക്കൂട്ടത്തിൻെറ സമീപത്തേക്കു നീങ്ങിക്കൊണ്ടു് ഞാൻ ചോദിച്ചു: "എന്തു പൂജയായിരുന്നു വെങ്കിടാ?"

"പാവപ്പെട്ട അടിയങ്ങളുടെ പൂജയിൽ നിങ്ങൾക്കു വിശ്വാസം കാണുകയില്ലായിരിക്കാം."

ഞാൻ അല്പം വിഷണ്ണനായി. ആ കൽക്കുനയ്ക്കു സമീപത്തായി ഇരുന്നുകൊണ്ടു് വെങ്കിടനോടു് ഇരിക്കുവാൻ ഞാൻ ആംഗ്യംകാണിച്ചു. അല്പമൊരു വിഷമത്തോടെയെങ്കിലും അയാൾ അകലെ മാറിയിരുന്നു. സവർണ്ണരും അവർണ്ണരും തമ്മിൽ അത്ര ഐകമത്യമായി പെരുമാറുന്നതു് സമുദായത്തിൻെറ തുറിച്ച കണ്ണുകൾക്കു നൊമ്പരം ജനിപ്പിക്കുന്നതായിരുന്നു. ഞാൻ വീണ്ടും വിഷയത്തിലേക്കു പ്രവേശിച്ചു.

"ഞാൻ നിങ്ങളുടെ അയൽക്കാരനായിരിക്കുന്ന സ്ഥിതിക്കു് പൂജകൾ എന്നെക്കൂടി അറിയിക്കാതെ നടത്തുന്നതു് ഉചിതമാണോ?" അയാൾ അത്ഭുതസ്തബ്ധനായി എൻെറ മുഖത്തേക്കുതന്നെ തുറിച്ചുനോക്കി. കുടുംബിയരെപ്പോലെ താഴ്ന്ന ഒരു വർഗ്ഗക്കാരൻെറ പൂജകളിൽ ഒരു സവർണ്ണൻ ജിജ്ഞാസപ്രകടിപ്പിക്കുമെന്നു് അയാൾക്കു് വിശ്വസിക്കുവാൻ കഴിഞ്ഞില്ല.

അയാൾ പറഞ്ഞു: "ക്ഷമിക്കണം സ്വാമി. അതു് അത്ര വലിയ പൂജയൊന്നുമല്ല. വീട്ടിൽ നടത്തിയതുമല്ല."

ഞാൻ അല്പമൊന്നു പുഞ്ചിരിച്ചുകൊണ്ടു് ആരാഞ്ഞു: "അങ്ങനെയോ? കൊള്ളാം. എന്താണു്, ഈ പ്രായത്തിൽതന്നെ ഇനിയും വളരെനാൾ ജീവിച്ചിരിക്കുന്നതിനുവേണ്ടിയുള്ള വല്ല പൂജയുമായിരിക്കും, അല്ലേ?"

"ഒരിക്കലുമല്ല സ്വാമി. കഴിയുന്നതും വേഗം പരമാത്മാവിൽ എത്തിച്ചേരണമെന്നേയുള്ളു ആഗ്രഹം."

ഞാൻ വിഷയത്തെ കൂടുതൽ മുറുകിപ്പിടിച്ചു. "പിന്നെ എന്തു പൂജയാ? പറയരുതോ?" ഞാൻ ആ ക്രൂശിതരൂപത്തെ ചൂണ്ടിക്കാണിച്ചുകൊണ്ടു ചോദിച്ചു: "ഈ കാണുന്നതെന്താകുന്നു?"

ഞാൻ ഒരു ഹൈന്ദവനെന്നു



# അനുകരണീയം

## ഡൽഹിയിലെ കത്തോലിക്കരുടെ മാതൃക

(ജോർജ്ജ് വലിയതാഴത്ത്)

ന്യൂഡൽഹിയിലെ തിരുഹൃദയഭദ്രാസനദേവാലയത്തിൽ പതിവുപോലെ ഉച്ചക്കുർബാനയാരംഭിച്ചു. സുവിശേഷവായനയുടെ ഭാഗം കഴിഞ്ഞപ്പോൾ, വികാരി ജനറൽ മോൺ: ബെക്ക് പ്രസംഗപീഠത്തിൽ പ്രത്യക്ഷപ്പെട്ടു. അടുത്തയാഴ്ചത്തേക്കുള്ള കാര്യപരിപാടികൾ വായിച്ചശേഷം അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു:-

"വിൻസെൻറ് ഡി പോൾ സംഘത്തിനുവേണ്ടി കഴിഞ്ഞ ഞായറാഴ്ച പള്ളിയിൽ നടത്തിയ വാർഷികപണപ്പിരിവിൽ ആകെ ലഭിച്ച തുക ആയിരത്തിമുന്നൂററിമുപ്പത്തിമൂന്നുരൂപ. അതായതു് കഴിഞ്ഞകൊല്ലത്തെ പിരിവിനെക്കാൾ ഇരുന്നൂറുരൂപാ കുറവ്."

ഈ പ്രസ്താവനകേട്ട് ഞാൻ അത്ഭുതപ്പെട്ടുപോയി. കാർഷികവിഭവങ്ങളോ ഇതരവസ്തുക്കളോ ഒന്നും സംഭാവന സ്വീകരിച്ച് കൂടിയതുകയ്ക്കു ലേലംചെയ്തുണ്ടാക്കിയ കാശൊന്നും ഇതിലില്ല. കുർബാനസമയത്തു പണമായിത്തന്നെ പിരിഞ്ഞുകിട്ടിയ തുകയാണതു്! നാട്ടിലെ നമ്മുടെ ചില ദേവാലയങ്ങളിൽ നടത്താറുള്ള ഞായറാഴ്ചപ്പിരിവിൻെറ ഒരു ചിത്രം പെട്ടെന്നെൻെറ മനസ്സിൽ പ്രതിഫലിച്ചു. ആകെ എട്ടണപോലും കിട്ടാത്ത ഞായറാഴ്ചപ്പിരിവുണ്ട് ചിലപ്പോൾ!

വിൻസെൻറ് ഡി പോൾ സംഘത്തിനുവേണ്ടി പണപ്പിരിവുണ്ടെന്നു മുൻകൂട്ടി അറിയിച്ചശേഷം സാധുക്കൾക്കുവേണ്ടിയുള്ള ആ കാശിനായി കത്താവിൻെറ ദൂതൻ വിശ്വാസികളുടെയെല്ലാംനേരെ പാത്രംവച്ചു നീട്ടുന്നു. എന്നാൽ ആ പാത്രത്തിലേക്ക് എന്തെങ്കിലുമൊരു ദാനത്തിൻെറ കൈ നീട്ടുന്നവർ എത്ര വിരളം. അഥവാ കൊടുത്താലോ? ഒന്നോ രണ്ടോ അണ! വിശ്വാസികൾക്കു ദാനത്തിലുള്ള ഈ അനാസ്ഥ, പണംപിരിക്കുവാൻ ചുററിനടക്കുന്നവരെപ്പോലും ഭഗ്നാശരാക്കുന്നതുപോലെ തോന്നിയിട്ടുണ്ട്. അതുകൊണ്ടായിരിക്കണം നാട്ടിൽ പള്ളിയിലെ പണപ്പിരിവിനായി പാത്രവുംകൊണ്ടു നടക്കാൻ ചിലർ വൈമുഖ്യം പ്രകടിപ്പിക്കുന്നതു്.

കേരളത്തിനു വെളിയിൽ ഞാൻ കണ്ടിട്ടുള്ള പല ദേവാലയങ്ങളിലുമെന്നതുപോലെതന്നെ ന്യൂഡൽഹിയിലെ ഭദ്രാസനപ്പള്ളിയിലും ഞായറാഴ്ചപ്പിരിവിനു ഒരേ സമയത്തു രണ്ടുപേരാണ് പാത്രവുമായി നടക്കുന്നതു്! എങ്കിലേ തക്കസമയത്തു എല്ലാവരുടേയും സംഭാവനകൾ സ്വീകരിച്ചുതീർക്കാൻ കഴിയൂ. ഇതു് വിശേഷാൽപ്പിരിവൊന്നുമില്ലാത്ത സാധാരണഞായറാഴ്ചത്തെ കാര്യമാണെന്നോർക്കണം. ഈ ജോലി നമ്മുടെ നാട്ടിലെ ചില "പരിഷ്കാരികളായ മിടുക്ക"ന്മാർക്കു ഒരപമാനം പോലെയാണ്. "ഓ! കപ്യാരുടെ ജോലി! എനിക്കു വയ്യ!" എന്നു ചിലർ പറയുന്നതു കേട്ടിട്ടുണ്ട്.

എന്നാൽ ഇവിടെ അങ്ങനെയല്ല. വിലയും നിലയുമുള്ള ആളുകൾ അക്കാര്യം സ്വയം ഏറെറടുക്കുന്നു. കേന്ദ്രഗവമ്മെൻറിലെ സിക്രട്ടറിസ്ഥാനം വഹിക്കുന്ന ചില നല്ല കത്തോലിക്കരാണ് ഈ ദേവാലയത്തിൽ അതിനായി സാധാരണ മുന്നോട്ടുവന്നു കാണുന്നതു്.

മേൽപ്പറയപ്പെട്ട പിരിവുനടത്തിയ ഞായറാഴ്ച ഒരു കുർബാനയുടെ സമയത്തു് രണ്ടുപ്രാവശ്യം പണശേഖരം നടത്തുകയുണ്ടായി. പാത്രത്തിൽ പണമിടാത്തവർ ആരെങ്കിലും ഉണ്ടായിരുന്നെന്നു തോന്നുന്നില്ല. വലിയ തുക സംഭാവനയിടുവാൻ അധികമാക്കും അത്രമടിയും കണ്ടില്ല. അന്നു പള്ളിയിൽ വന്നിരുന്നവർ എല്ലാവരും വലിയ പണക്കാരായിട്ടല്ല; അങ്ങനെയുള്ള കാര്യങ്ങൾക്കുവേണ്ടി കൈഅയച്ച് സംഭാവനചെയ്യുവാൻമനഃസ്ഥിതിയുള്ളവരായിട്ടാണ്.

ഡൽഹിയിൽ എല്ലാം ഉദ്യോഗസ്ഥന്മാരാണ്; നാട്ടിലെപ്പോലെ വെറും കൃഷിക്കാരല്ല എന്നു ചിലർ പറഞ്ഞേക്കും. ശരിയാണതു്. ഡൽഹിയിൽ ഉദ്യോഗസ്ഥന്മാരാണധികവും. അതുകൊണ്ടുതന്നെ ജീവിക്കുന്നവരുമാണവർ. അതിനാൽ നാട്ടിലെ കൃഷിക്കാർക്കുള്ള പല സൗകര്യങ്ങളും ഡൽഹിയിലെ ഉദ്യോഗസ്ഥന്മാർക്കില്ല എന്നൊരു ദൃഷ്യമുണ്ട്. പ്രതിമാസം നൂററമ്പതും ഇരുന്നൂറുമൊക്കെ ശമ്പളത്തിൽനിന്നു് വീട്ടുവാടക കൊടുക്കേണ്ടവരാണവർ. സകല സാധനങ്ങളും "തീപിടിച്ചവില"യ്ക്കു് മാക്കററിൽനിന്നു് തൂക്കിവാങ്ങി ഉപയോഗിക്കണം. വിറകും വെള്ളവും വെളിച്ചവുമെല്ലാം അളന്നും തൂക്കിയും വിലയിരുത്തിയാണവർ ഉപയോഗിക്കുന്നതു്. ഇപ്പോഴത്തെപ്പോലെ തണുപ്പുകാലമായിക്കഴിഞ്ഞാൽ ഏതു ദരിദ്രനും കമ്പിളിഉടുപ്പുകൾ കൂടാതെ ജീവിക്കാൻ സാദ്ധ്യമല്ല. ഇതെല്ലാം കഴിച്ചാൽ കാര്യമായി ഒന്നും കൈയിൽ തങ്ങാത്തവരും കത്താവിനുവേണ്ടി കാശുകൊടുക്കുന്നതിൽ "കുശുമ്പു"കാണിക്കാറില്ല.

നാട്ടിലെ കർഷകർക്കും ഉദ്യോഗസ്ഥന്മാർക്കും ഈദൃശ ദാനധർമ്മങ്ങൾക്കു കൂടുതൽ സൗകര്യമുണ്ടായിട്ടുകൂടി പലരും അക്കാര്യത്തിൽ അല്പം വിമുഖരല്ലേ? അങ്ങനെയുള്ളൊരു ദാനശീലം അവരിൽ പലരും കണ്ടുപഠിച്ചിട്ടില്ലെന്നു തോന്നുന്നു.

മറെറാരു സംഗതി. ഇവിടത്തെ ഭദ്രാസനദേവാലയത്തിൽ വിൻസെൻറ് ഡി പോൾ സംഘത്തിൻെറ രണ്ടു കോൺഫറൻസുകൾ പ്രവത്തിക്കുന്നുണ്ട്. ഇതു കേൾക്കുമ്പോൾ ഒരു മലയാളി ധരിക്കുന്നതെന്തെന്നു എനിക്കറിയാം—ഒന്നിൽനിന്നു പിണങ്ങിപ്പിരിഞ്ഞ് അതിനെ എതിക്കാൻ ഉണ്ടാക്കിയ മറെറാരു കോൺഫറൻസ് എന്നല്ലേ? സാധാരണ മലയാളികൾ അവരുടെ വ്യക്തിത്വം കാണിക്കുന്ന തങ്ങിനെയാണ്. ആ ദൂഷിച്ച സ്വഭാവം മലയാളിയുടെ അഭിവൃദ്ധിയെ വളരെ തടയുന്നുമുണ്ട്. എന്നാൽ അതല്ല ഡൽഹിയിലെ കത്തോലിക്കരുടെ സ്ഥിതി. പഴയ ഡൽഹിയിലും പുതിയ ഡൽഹിയിലുമായി സംഘത്തിനു വളരെയധികം പ്രവത്തിക്കാനുണ്ട്. ഒരു കോൺഫറൻസിനുതന്നെ അതെല്ലാം സാദ്ധ്യമല്ലാത്തതിനാൽ, രണ്ടു കോൺഫറൻസ് ഏപ്പെടുത്തിയിരിക്കയാണ്. തികഞ്ഞ സഹകരണത്തോടും ഐക്യത്തോടുംകൂടി ആ രണ്ടുകോൺഫറൻസുകൾ ഇവിടെ നടത്തുന്ന മഹത്തായ സേവനങ്ങൾ അനേകരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭവിച്ചിരിക്കുന്നു

ഈവക കാര്യങ്ങളെല്ലാം കേരള കത്തോലിക്കർ വിമർശനബുദ്ധ്യാ വീക്ഷിക്കാതെ യഥാവിധി ഗ്രഹിച്ച് ഡൽഹിയിലെ കത്തോലിക്കരെ വേണ്ടപോലെ അനുകരിച്ചാൽ തരക്കേടില്ലെന്നു തോന്നുന്നു.

---

ധരിച്ചിരുന്ന അയാൾ എൻെറ ഇത്തരമൊരു ചോദ്യം പ്രതീക്ഷിച്ചിരുന്നില്ല. മറുപടി പറയാതെ അയാൾ മിഴിച്ച കണ്ണുകളോടെ എൻെറ മുഖത്തേക്കുതന്നെ ഉററുനോക്കി. ആ കണ്ണുകളിൽ ആശങ്കയുടേയും ജിജ്ഞാസയുടേയും നിഴലുകൾ തെളിഞ്ഞുനിന്നിരുന്നു.

(തുടരും)

---

തിരുക്കുടുംബത്തിൻെറ അനുഗ്രഹത്താലും വി. കൊച്ചുത്രേസ്യാ, വി. അന്തോണീസ്, വി. റീത്ത, വി. പത്താം പീയൂസ് എന്നിവരുടെ മാദ്ധ്യസ്ഥത്താലും ബ: അൽഫോൻസാമ്മയുടെ സഹായത്താലും ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിനു ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമായാചനം ചെയ്യുന്നു.

D. J. Palayoor, Arimpur

---

ആദ്ധ്യാത്മികവീഥി

# ദൈവമാതൃഭക്തി

(തുടർച്ച)

ദൈവത്തിൻെറ വത്സലമക്കളേ,

നാം ദിവസേന ചെയ്യുന്ന അനേകം പ്രവൃത്തികളെ സംബന്ധിച്ചു ഉറങ്ങാൻ പോകുന്നതിനു മുൻപു ശരിയായ ഒരു പരിശോധന കഴിച്ചു നോക്കിയാൽ കാണാം അവയിൽ ഒരു നല്ല ശതമാനം ചെയ്യാതെയിരിക്കുകയായിരുന്നു നല്ലതെന്നു്. ചെയ്യേണ്ടിയിരുന്നവതന്നെയും വേണ്ടവണ്ണമല്ല ചെയ്തിട്ടുള്ളതെന്നും നമുക്കു മനസ്സിലാകും. ഇത്രവലിയ അബദ്ധത്തിൽ പെടാൻ ഇടയാകുന്നതു എന്തുകൊണ്ടാണ്? എന്തെങ്കിലും ചെയ്യുന്നതിനു മുൻപു നാം വേണ്ടവണ്ണം ആലോചിക്കുകയോ മററുള്ളവരുടെ അഭിപ്രായം ആരായുകയോ ചെയ്യുന്നില്ല. അപ്പപ്പോഴുള്ള തോന്നലനുസരിച്ച് ഏററവും പ്രയാസം കുറഞ്ഞതും രസം തോന്നുന്നതുമായവ ചെയ്യുന്നു.

ഈ അബദ്ധം ഉണ്ടാകാതിരിക്കുന്നതിനുള്ള ഒരുത്തമമാർഗ്ഗമാണ് വലുതും ചെറുതുമായ സകല കാര്യങ്ങളും ചെയ്യുന്നതിനു മുൻപ് മാതാവിനോട് ആലോചന ചോദിക്കുന്നതു്. സ്കൂൾഫൈനൽ പരീക്ഷ കഴിഞ്ഞിരിക്കുന്ന യുവതീയുവാക്കന്മാർ ഇനി എന്താണ് ചെയ്യേണ്ടതെന്നു് ഗൗരവമായി ആലോചിക്കുന്നുണ്ടാവും. അവർ മാതാവിൻെറ പക്കൽ അടുത്തു് ഇങ്ങനെ പ്രാത്ഥിക്കട്ടെ: "എൻെറ അമ്മേ, എൻെറ ഇഹത്തിലേയും പരത്തിലേയും സമാധാനവും സൗഭാഗ്യവും ദൈവതിരുമനസ്സു അന്യൂനം നിറവേററുന്നതിലാണ് അടങ്ങിയിരിക്കുന്നതെന്നു അവിടുത്തേക്കു അറിയാമല്ലോ. എന്നെ സംബന്ധിച്ചുള്ള ദൈവഹിതം എന്താണെന്നു് എന്നെ അറിയിക്കേണമേ. ഞാൻ ലൗകികമായ സകലവും ഉപേക്ഷിച്ചു ദൈവശുശ്രൂഷയ്ക്കായി എന്നെ മുഴുവനും പ്രതിഷ്ഠിക്കണമെന്നാണ് അവിടുത്തെ തിരുമനസ്സെങ്കിൽ അതിനുള്ള മാർഗ്ഗം എനിക്കു തുറന്നു തരേണമെ. അല്ല, കുടുംബജീവിതം നയിച്ചുകൊണ്ടു ദൈവശുശ്രൂഷ നടത്തണമെന്നാണ് എന്നെക്കുറിച്ചുള്ള നിശ്ചയമെങ്കിൽ ദൈവമഹത്വത്തിനും എൻെറ ആത്മരക്ഷയ്ക്കും ഏററവും ഉപകരിക്കത്തക്കവണ്ണം ഒരു വധുവിനെ (അല്ലെങ്കിൽ വരനെ) എനിക്കു നൽകണമേ."

ഇത്രവലിയ സംഗതികളിൽ മാത്രമല്ല, സാധാരണ പ്രതിദിനം ചെയ്യേണ്ട കാര്യങ്ങളിലും ആലോചനചോദിക്കാം. ഇന്നു കറിക്കു എന്തെല്ലാമാണു വാങ്ങേണ്ടതു്? ഉടുപ്പിനു ഏതുതരം തുണി തിരഞ്ഞെടുക്കണം? എങ്ങനെയുള്ള ബ്ളൗസാണു തയ്പിക്കേണ്ടതു്? ഇന്നു സർക്കസ്സു കാണാൻ പോകണമോ? എന്തു പുസ്തകമാണ് ലൈബ്രറിയിൽനിന്നും എടുക്കേണ്ടതു്? ഇന്ന സ്നേഹിതൻെറ കൂടെ മേലാൽ നടക്കുന്നതു ശരിയാണോ? ഇന്നയാൾ വീട്ടിൽ വരാൻ അനുവദിക്കാമോ? ഇന്ന വേലക്കാരൻ അല്ലെങ്കിൽ വേലക്കാരിയെ വീട്ടിൽ താമസിപ്പിക്കുന്നതു അപകടകരമല്ലേ? ഇന്ന ജോലിയിൽ പ്രവേശിക്കുന്നതു നല്ലതാണോ?

ഇങ്ങനെ ഒരായിരം കാര്യങ്ങളിൽ സംശയനിവൃത്തി വരുത്താനുണ്ടാകും. അപ്പോഴെല്ലാം പ്രാത്ഥനാപൂർവ്വം നല്ലഗുണദോഷത്തിൻെറ മാതാവിനെ സമീപിച്ചാൽ വേണ്ടസദുപദേശം നേരിട്ടു നമ്മുടെ മനസ്സിൽ തോന്നിപ്പിക്കയോ മററുള്ളവർവഴി നമുക്കു തരുകയോ ചെയ്യും.

എന്നു് പ്രാത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവു്.

---

(12-ാം പേജ് തുടർച്ച)

ണ്ടു് അല്പം സംസാരിച്ചു. തൊട്ടടുത്തു് മൂന്നു് കർമ്മലീത്താ വൈദികർ താമസിക്കുന്നുണ്ടെന്നു് അദ്ദേഹം പറഞ്ഞു. അവർ 'തിരുവനന്തപുരം ആശ്രമത്തിൽനിന്നും വന്നവരായ മലയാളികളാണെന്നു മനസ്സിലാക്കിയപ്പോൾ എനിക്കു സന്തോഷമുണ്ടായി. മലയാളി അച്ചന്മാരെ കാണാനുള്ള ആഗ്രഹംമൂലം ഉടനെ ഞാൻ അവരുടെ സ്ഥലത്തേക്കു് പോയി. മൂന്നു് അച്ചന്മാരും ഒരു സഹോദരനുമാണ് അവിടെയുള്ളതു്. ഞാൻ കൂടുതൽ പരിചയപ്പെട്ടതു് ഫാദർ ബെർണർഡിൻ ഒ. സി. ഡി. ആയിട്ടാണ്. സത്യദീപം അവിടെ തപാൽമാർഗ്ഗം വരുന്നുണ്ടെന്നു അദ്ദേഹം പറഞ്ഞു. ഇക്കഴിഞ്ഞ നോമ്പുകാലത്തു് സത്യദീപത്തിൽ "നോമ്പുകാലചിന്തകൾ" എന്ന ശീർഷകത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന അഞ്ചു ലേഖനങ്ങളുടെ കർത്താവായ ഫാദർ ബെർണർഡിൻ ആയി പരിചയപ്പെടുവാൻ ഇടവന്നതിൽ എനിക്കു് അതിയായ സന്തോഷമുണ്ടായി. ഞാൻ സത്യദീപത്തിൽ എഴുതിയ "ശ്മശാനസന്ദേശം" എന്ന ചെറുകഥ വളരെ നന്നായി എന്നുപറഞ്ഞു് അദ്ദേഹം എന്നെ അല്പം പുകഴ്ത്തി. കൂടാതെ അദ്ദേഹം എഴുതിയ "പീഡകളുടെ മനുഷ്യൻ" എന്ന പുസ്തകവും മററു പടങ്ങളും കുരിശുരൂപവും മററും എനിക്കു് സമ്മാനിച്ചു. ഞാൻ അവിടെനിന്നു് വീണ്ടും താമസിക്കുന്നിടത്തേക്കു് പോയി. വഴിമദ്ധ്യേ കണ്ട അതിദയനീയമായൊരു രംഗം ഇപ്പോഴും ഞാൻ ഓക്കുകയാണ്. റോഡിന്നരികെ ജോലിയില്ലാതെ അലഞ്ഞു തിരിഞ്ഞ ഒരു യുവാവു് യഥാത്ഥത്തിൽ വിശന്നുപൊരിയുന്ന വയറോടുകൂടി കരയുന്ന കാഴ്ചയ[illegible]ന്നു അതു്. ഞാൻ ആ [illegible]ഷ്യനോടു സംസാരിക്കാൻ [illegible]ിച്ചു. പക്ഷെ ഭാഷ എന്നെ [illegible]തിനനുവദിച്ചില്ല.

(തുടരും)

---

"രക്ഷാമാർഗ്ഗം"

ചികിത്സിച്ചു് ചികിത്സിച്ചു് നിരാശരായി തീർന്നിട്ടുള്ളവക്കു് രക്ഷാമാർഗ്ഗം കാണിച്ചുകൊടുത്തുകൊണ്ടിരിക്കുന്ന

സാക്ഷാൽ "കാളൻ"

സ്ഥാപനത്തിലേക്കുള്ള രോഗവിവരക്കത്തുകളും മററും അയക്കേണ്ട വിലാസം:

കാളൻ,
നെല്ലായി (S. India)

---



ബ്രിട്ടൻ പുതുതായി നിമ്മിച്ചിരിക്കുന്ന "ഡേവിഡ് ബ്രൗൺ-900" എന്ന ഇനത്തിൽപ്പെട്ട ട്രാക്ടർ. കൂടുതൽ കാര്യക്ഷമതയിലും വേഗതയിലും ഇതുകൊണ്ടു ജോലിചെയ്യാം.



"ഫെർഗ്ഗുസൺ 35" എന്ന ഇനത്തിൽപെട്ട ഒരു പുതിയ ട്രാക്ടർ. 40 ലക്ഷം പവൻ ചെലവാക്കി നിമ്മിച്ചിരിക്കുന്ന ഒരു ബ്രിട്ടീഷ് ഫാക്ടറിയാണ് ഈ ട്രാക്ടർ ഉണ്ടാക്കിയിരിക്കുന്നതു്. കൊല്ലത്തിൽ ഒരു ലക്ഷം ട്രാക്ടർ അവിടെ ഉണ്ടാക്കാൻ സാധിക്കും.

# എത്യോപ്യൻസഭയും യാക്കോബായസഭയും

## ഇവ തമ്മിലുള്ള ഐക്യം അഭിലഷണീയമോ?

(ഫാദർ തോമസ് വടശ്ശേരി എൽ. ഡി.)

(തുടർച്ച)

യാക്കോബായസഭയിൽ ഇതുവരെ ഉണ്ടായിട്ടുള്ള സമാധാനപരിശ്രമങ്ങളേയും, പീസുലീഗുകാർ പണ്ടു രൂപവൽക്കരിച്ച് കേരളത്തിലെ രണ്ടു കക്ഷിയിലെയും മേല്പട്ടക്കാർ സ്വീകരിച്ച് ഒപ്പുവച്ച സ്വീകരണപരിപാടികളേയുംപററി പര്യാലോചിച്ചാൽ രണ്ടുകൂട്ടർക്കും അഭിമാനക്ഷയം വരാതിരിക്കത്തക്കവണ്ണം സമാധാനവ്യവസ്ഥകൾ രൂപവൽക്കരിക്കണമെന്നു തീവ്രമായ ആഗ്രഹം എല്ലാവർക്കുമുള്ളതായി കാണാം. പരേതനായ ശ്രീമാൻ ഇ. ജോൺ പീലിപ്പോസ് "മലങ്കരസഭാസമാധാനത്തിന്റെ അടിസ്ഥാനതത്വങ്ങൾ" എന്ന പേരിൽ എഴുതിയ ഒരു ലേഖനത്തിൽ പറയുന്നു:- "സ്വീകരണം പരസ്പരവും ഒരു കൂട്ടരുടേയും വിശ്വാസത്തിനും അഭിമാനത്തിനും ക്ഷതം വരുത്താതെയും ആയിരിക്കണം" (മനോരമ. 130 ചിങ്ങം 25) കേസിൽ വാദിക്കും പ്രതിക്കും ഒരുപോലെ ജയം കിട്ടണമെന്നു ശഠിച്ചാൽ അതു സാദ്ധ്യമാകയില്ലല്ലോ. യാക്കോബായസഭയിലെ വസ്തു സംബന്ധിച്ചുള്ള വ്യവഹാരങ്ങൾ ഇരുകൂട്ടർക്കും തൃപ്തികരമായി ഇനി ഒരുകാലത്തു തീരുമാനിക്കപ്പെട്ടാലും ആദ്ധ്യാത്മികകാര്യങ്ങളിലുള്ള തർക്കങ്ങൾ ഇരുകൂട്ടർക്കും അഭിമാനകരമായി തീരുമാനിക്കുക ഒരിക്കലും സാദ്ധ്യമല്ല. അന്ത്യോക്യാപാത്രിയർക്കീസ് ഓർത്തഡോക്സ് കക്ഷിയിലെ മേല്പട്ടക്കാർക്കും പട്ടക്കാർക്കും ശരിയായ പട്ടമില്ലെന്നും അവർ വെറും അൽമായക്കാരാണെന്നും ഔദ്യോഗികമായി പ്രഖ്യാപനം ചെയ്യുകയും വാദിക്കയും ചെയ്തിട്ട നാല്പത്തിനാലു വർഷമായി. സമാധാനമുണ്ടാകണമെങ്കിൽ ഇവരെല്ലാം രണ്ടാമതു പട്ടം ഏല്ക്കണമെന്നാണ് പാത്രിയർക്കീസിന്റെ നിർബന്ധം. ഓർത്തഡോക്സ് കക്ഷിക്കാരാവട്ടെ തങ്ങളുടെ മേല്പട്ടക്കാർക്കും പട്ടക്കാർക്കും ശരിയായ പട്ടമുണ്ടെന്നും, തന്നിമിത്തം ഒരുകാലത്തും അവർ രണ്ടാമതു പട്ടം ഏൽക്കയില്ലെന്നും നിർബന്ധം പിടിക്കുന്നു. ആരെങ്കിലും ഒരുകൂട്ടർ ഈ വിഷയത്തിൽ വിട്ടുവീഴ്ചചെയ്യാതെ കാര്യം എങ്ങനെ സമാധാനത്തിൽ കലാശിക്കും? "പട്ടം ഉണ്ട്", "പട്ടം ഇല്ല" എന്നീ പദങ്ങളെ രമ്യപ്പെടുത്താൻവേണ്ടി ഒരു മദ്ധ്യസ്ഥൻ പട്ടത്തിന്റെ ശരാശരി എടുത്തു "ഓർത്തഡോക്സ് കക്ഷിക്കു അരപ്പട്ടമുണ്ട്, ആകയാൽ പാത്രിയർക്കീസ് കക്ഷി അരപ്പട്ടം കൊടുത്താൽമതി" എന്നു തീരുമാനിച്ചാൽ കേസു തീരുമോ? പട്ടം പണവും വസ്തുവകകളുംപോലെ പങ്കിടാവുന്ന ഒന്നല്ല. പട്ടമുണ്ടെങ്കിൽ മുഴുവനായി ഉണ്ട്; ഇല്ലെങ്കിൽ ഒട്ടുമില്ല. രണ്ടുകൂട്ടർക്കും ഒരുപോലെ സംതൃപ്തിയുണ്ടാകയും, അഭിമാനം പാലിക്കയും ചെയ്യത്തക്കവണ്ണം ഇക്കാര്യത്തിൽ സർവ്വശക്തനായ ദൈവംതന്നെ നേരിട്ടു ഇറങ്ങിവന്ന് ഇടപെട്ടാലും ഒരു തീരുമാനംചെയ്ത് സമാധാനം ഉണ്ടാക്കാൻ സാധിക്കയില്ല. പിന്നെ എങ്ങനെയാണ് സമുദായനേതാക്കന്മാർക്കും, പീററർ രാജകുമാരനും, എത്യോപ്യൻ ചക്രവർത്തിക്കും മററും ഇതു സാധിക്കുന്നതു? ഇക്കാര്യത്തിൽ എന്തെങ്കിലും ഒരു തീരുമാനമുണ്ടാകുമ്പോൾ ഒരുകക്ഷി പൂർണ്ണമായി ജയിക്കും; മററകക്ഷി പൂർണ്ണമായി പരാജയമടയും. ഇങ്ങനെ രണ്ടുകൂട്ടർക്കും ഒരുപോലെ അഭിമാനം വരത്തക്കവണ്ണം ഈ കേസു അവസാനിപ്പിക്കുക ആരാലും ഒരിക്കലും സാദ്ധ്യമല്ലെങ്കിൽ യാക്കോബായസഭയിൽ എങ്ങനെ സമാധാനമുണ്ടാകും?

വിദേശത്തെ യാക്കോബായസഭ 451-ൽ കൽക്കദോനിയാസൂനഹദോസിനാൽ ശപിക്കപ്പെട്ട ഏകസ്വഭാവവാദികളിൽനിന്നു രൂപവൽകൃതമായ ഒന്നാകയാൽ മലങ്കരഓർത്തഡോക്സ്സഭ പാത്രിയർക്കീസുകക്ഷിയോടു യോജിക്കുന്നതുകൊണ്ട് യഥാർത്ഥവും ശാശ്വതവുമായ സമാധാനം ഉണ്ടാകയില്ല. യാക്കോബായ പാത്രിയർക്കീസിന്റെ നിലതന്നെ നിയമാനുസരണവും ഉറപ്പുള്ളതുമല്ലാതിരിക്കെ, അദ്ദേഹത്തെ ആശ്രയിക്കുന്നവരുടെ നില എങ്ങനെ ഉറയ്ക്കും? പഴുത്ത കവളൻമടലേൽ തൂങ്ങിനില്ക്കുന്ന ഒരാളുടെ കാലേൽ തൂങ്ങുന്നതു കൂടുതൽ അപകടകരവും ബലക്ഷയകാരണവുമല്ലേ? ആകയാൽ വിദേശത്തെ യാക്കോബായസഭയും കേരളത്തിലെ ഓർത്തഡോക്സ് കക്ഷി ഉൾപ്പെട്ട യാക്കോബായസഭയും മാതൃസഭയായ കത്തോലിക്കാസഭയോടു യോജിക്കുക എന്നുള്ളതാണ് യാക്കോബായസഭയിലെ കുഴപ്പങ്ങൾക്കെല്ലാമുള്ള ഏക പരിഹാരമാർഗ്ഗം.

1930-ൽ മാർ ഈവാനിയോസ്, മാർ തിയോഫിലോസ് എന്നീ അഭിവന്ദ്യതിരുമേനിമാരുടെ കത്തോലിക്കാസഭാപ്രവേശത്തോടുകൂടി വെട്ടിത്തുറന്ന "പുനരൈക്യപ്രസ്ഥാനം" എന്ന ഈ രാജകീയപാത ഉണ്ടായിട്ടും കേരളത്തിലെ വിവിധ അകത്തോലിക്കാസഭകളിൽനിന്നു ഇരുപത്തഞ്ചുകൊല്ലത്തിനിടയ്ക്കു നാലു മേല്പട്ടക്കാർ ഉൾപ്പെടെ എണ്പതിനായിരത്തിലധികംപേർ കത്തോലിക്കാസഭയിൽ പ്രവേശിച്ച് പരിപൂർണ്ണമായ ആത്മസമാധാനവും സംതൃപ്തിയും അനുഭവിച്ചിട്ടും, യാക്കോബായസഭാനേതാക്കന്മാർ കത്തോലിക്കാസഭയോടു യോജിക്കുന്നകാര്യം അശേഷം ചിന്താവിഷയമാക്കാതെ മാർത്തോമ്മാ, പ്രോട്ടസ്റ്റൻറ്, റഷ്യൻ, എത്യോപ്യൻ ആദിയായ പാഷണ്ഡസഭകളോടു യോജിക്കുന്നതിനു ആലോചിച്ചുവരുന്നതു എത്ര പരിതാപകരം എത്ര ലജ്ജാവഹം! കത്തോലിക്കാസഭയിൽ ആളുകൾ ചേരാതിരിക്കുന്നതിനുവേണ്ടി എന്തെല്ലാം ആക്ഷേപശരങ്ങളാണ് ഈ നേതാക്കന്മാർ ആ സഭയുടെമേൽ സദാ കോരിച്ചൊരിയുന്നതു! "ക്രിസ്തു ഇപ്പോഴും ശുദ്ധീകരസ്ഥലത്തിൽ കിടന്നു പീഡകൾ സഹിക്കുന്നുണ്ടെന്നു കത്തോലിക്കർ വിശ്വസിക്കുന്നു; കത്തോലിക്കർ തുപ്പൽകൊണ്ടു മാമ്മോദീസാ മുക്കുന്നു; വി. കുർബാനയ്ക്കുള്ള അപ്പത്തിൽ മുട്ടയുടെ വെള്ള ചേർക്കുന്നു; കത്തോലിക്കാ പട്ടക്കാർ വി. കുർബാനയിൽ ജനങ്ങൾക്കു കർത്താവിന്റെ ശവശരീരമാണ് കൊടുക്കുന്നതു; കത്തോലിക്കാസഭയിലെ കൂദാശകളൊന്നും ശരിയല്ല; മഹമ്മദുമതത്തിൽ ചേർന്നാലും ക്രിസ്ത്യാനികളാരും കത്തോലിക്കാസഭയിൽ ചേരരുതു; പുറജാതികളുടെ [illegible] യിലും ഇല്ലാത്തതരത്തിൽ കത്തോലിക്കരുടെ ഇടയിൽ ഭയങ്കരമായ വിഗ്രഹാരാധന നടക്കുന്നു; കത്തോലിക്കർ മഹാ വേദവിപരീതികളാണു; മാർപ്പാപ്പാ ദൈവമാണെന്നു അവർ വിശ്വസിക്കുന്നു; ഒരു പെൺപാപ്പാ റോമ്മാസിംഹാസനത്തിൽ മാർപ്പാപ്പായായി വാണിട്ടുണ്ട്, അവൾ ഒന്നല്ല, രണ്ടല്ല, അഞ്ചു പ്രസവിച്ചു; കർത്താവു ജെരുസലേമിൽവച്ചു കയറിയ കഴുതയെ കത്തോലിക്കർ വിശുദ്ധനായി പരിഗണിച്ച് ആ കഴുതപ്പുണ്യവാന്റെ തിരുനാൾ ആണ്ടുതോറും ഘോഷിച്ച് അതിന്റെ മാദ്ധ്യസ്ഥം യാചിക്കുന്നു; മാർ ഈവാനിയോസ് തിരുമേനിയും മററും യാക്കോബായസഭയെ പണത്തിനുവേണ്ടി ഒററിക്കൊടുത്ത യൂദസ്കറിയോത്താമാരാണു; പണ്ടു മെനേസിസ് മെത്രാപ്പോലീത്താ കൊഴുക്കട്ടയിൽ തങ്കക്കാശുവച്ചു യാക്കോബായക്കാരെ കത്തോലിക്കരാക്കിയതുപോലെ കത്തോലിക്കർ ഇപ്പോഴും പണംകൊടുത്താണു അന്യസഭക്കാരെ കത്തോലിക്കാസഭയിൽ ചേർക്കുന്നതു" എന്നിങ്ങനെ പച്ചക്കള്ളങ്ങളും ദുർവ്യാഖ്യാനങ്ങളും ആക്ഷേപങ്ങളും നിറഞ്ഞ എന്തെല്ലാം ആശയങ്ങളാണ് യാക്കോബായസഭയിലെ മേല്പട്ടക്കാർ, റമ്പാന്മാർ, പട്ടക്കാർ, വിദ്യാസമ്പന്നരായ അൽമായക്കാർ ആദിയായി സ്ഥാനവും മാനവുമുള്ളവരും ഉന്നതസ്ഥാനങ്ങളെ അലങ്കരിക്കുന്നവരുമായവർപോലും പ്രസംഗങ്ങൾ, കല്പനകൾ, ലഘുലേഖകൾ മുതലായവയാൽ ജനതാമദ്ധ്യേ നിർല്ലജ്ജം പ്രചരിപ്പിച്ചുവരുന്നതു! ഇവയെല്ലാം കഷ്ടാൽ കഷ്ടതരമെന്നല്ലാതെ എന്തു പറയേണ്ടു!

നമ്മുടെ കർത്താവു പറയുന്നു; "ഞാൻ നല്ല ഇടയനാകുന്നു. നല്ല ഇടയൻ തന്റെ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നു. ഇടയനല്ലാതുള്ളവനും ആടുകൾ തന്റേതല്ലാത്തവനുമായ കൂലിക്കാരനോ ചെന്നായ് വരുന്നതു കാണുമ്പോൾ ആടുകളെ വിട്ടു ഓടിപ്പോകുന്നു; ചെന്നായ് വന്ന് ആടുകളെ പിടിച്ച് അവയെ ചിതറിച്ചുകളയുകയും ചെയ്യുന്നു. കൂലിക്കാരൻ ഓടിപ്പോകുന്നതോ അവൻ കൂലിക്കാരൻ ആകകൊണ്ടും ആടുകളെപ്പററി അവനു വിചാരമില്ലാത്തതുകൊണ്ടുമാകുന്നു" (യോഹ 10, 11—13) വെറും സന്ദർശകന്മാരായിമാത്രം കേരളത്തിൽ വന്ന റഷ്യൻ വൈദികരേയും, എത്യോപ്യൻ ചക്രവർത്തിയേയും, യാക്കോബായസഭയോടു ഒരിക്കലും യോജിക്കാൻ സാധിക്കയില്ലെന്നു വിശ്വസിച്ചു കഴിയുന്ന കേരളത്തിലെ പ്രോട്ടസ്റ്റൻറുകാരേയും മാർത്തോമ്മാക്കാരേയും യാക്കോബായസഭാനേതാക്കന്മാർ സ്നേഹഭാവം നടിച്ചും ബന്ധംപിടിച്ചും ക്ഷണിച്ചുവരുത്തി യാക്കോബായ ആടുകളെയെല്ലാം സന്തോഷപൂർവ്വം അവർക്കു സമർപ്പിക്കാമെന്നു പറയുമ്പോൾ ചെന്നായെ ഭയന്നു ഓടുന്ന വെറും കൂലിക്കാരനെക്കാൾ നിർഭയമായിട്ടും ബുദ്ധിശൂന്യമായിട്ടുമല്ലേ ഇവർ പെരുമാറുന്നതു? ഇതിൽ കൂടിയ ഒരു കടുംകൈ തങ്ങളുടെ ഭരണത്തിലും നേതൃത്വത്തിലുമിരിക്കുന്ന നിർദ്ദോഷികളായ ജനങ്ങളോടു ഈ നേതാക്കന്മാർക്കു ചെയ്യാനുണ്ടോ? കത്തോലിക്കാസഭയിൽ ചേർന്നു രക്ഷപെടാൻ ശ്രമിക്കുന്ന അനേകം ആടുകളെപ്പോലും ഇവർ വഴിതെററിച്ച് ആപത്തിൽ കുടുക്കുന്നതല്ലേ ഇതിലും ഭയങ്കരം! "കപടഭക്തരായ നിയമജ്ഞരേ! പ്രീശരേ! നിങ്ങൾക്കു ഹാ! കഷ്ടം! എന്തുകൊണ്ടെന്നാൽ നിങ്ങൾ മനുഷ്യരുടെ മുമ്പിൽ സ്വർഗ്ഗരാജ്യം അടച്ചുകളയുന്നു. എന്തെന്നാൽ നിങ്ങൾ പ്രവേശിക്കുന്നുമില്ല, പ്രവേശിക്കുവാൻ പോകുന്നവർ പ്രവേശിക്കുവാൻ നിങ്ങൾ സമ്മതിക്കുന്നുമില്ല" (മത്താ. 23, 14) എന്നിങ്ങനെ നമ്മുടെ കർത്താവ് അരുളിച്ചെയ്തവാക്യം കത്തോലിക്കാസഭയിൽ ചേരുവാൻ ഉദ്ദേശിക്കുന്നവരെപ്പോലും നീതിരഹിതമായി പിന്തിരിപ്പിച്ച് എല്ലാവരേയും എത്യോപ്യൻസഭയിലേക്കും മററും കൊണ്ടുപോയി നശിപ്പിക്കുവാൻ ഉദ്യമിക്കുന്ന യാക്കോബായമേല്പട്ടക്കാരും നേതാക്കന്മാരും നിരന്തരം ചിന്താവിഷയമാക്കിയിരുന്നെങ്കിൽ!

(ഈ ലേഖനപരമ്പര അവസാനിച്ചു)

---

(2-ാംപേജ് തുടർച്ച)

ടാതെയും ഒരിക്കലും സംഭവിച്ചിട്ടില്ലാത്തവയും സംഭവിച്ചവയും കൂട്ടിക്കുഴച്ചു ജനതാമദ്ധ്യത്തിൽ പ്രചരിപ്പിച്ച സരാംബികയുടെ കീർത്തിധാവള്യത്തിനു ഭംഗംവരുത്തുവാനുള്ള യത്നം ഇന്നോ ഇന്നലെയോ തുടങ്ങിയതല്ലെന്നു ധരിക്കുന്നതു നന്നായിരിക്കും. ഇത്രയും സംഗതികൾ മുമ്പിൽവെച്ചുകൊണ്ട് നടന്ന ചില സംഗതികൾ നമുക്കു വിചിന്തനം ചെയ്യാം.

പ്രഥമവീക്ഷണത്തിൽതന്നെ ഒരു വ്യത്യാസം സ്പഷ്ടമാകും. ക്രൂസായും കൊപ്പർണിക്കസും തങ്ങളുടെ അഭിപ്രായത്തെ പ്രകടിപ്പിച്ചതു ഗലീലേയോയെപ്പോലെ ആവേശഭരിതരായിട്ടല്ല. അവർ ഇരുവരും വേദപുസ്തകത്തോടോ, വിശ്വാസസംഹിതയോടോ അതിനെ യാതൊരു തരത്തിലും ഘടിപ്പിച്ചതുമില്ല. ഈ സംഗതികളിലെല്ലാം ഗലീലേയാ അതിരുകടന്നു പ്രവർത്തിച്ചു അദ്ദേഹത്തിനു യുക്തിപൂർവ്വം സ്ഥാപിക്കുവാൻ കഴിയാത്ത അഭിപ്രായത്തെ തെളിയിക്കപ്പെട്ട ഒരു വാസ്തവമായി സ്വീകരിക്കേണ്ടതാണെന്നു ശഠിക്കുകയും അങ്ങനെ ചെയ്യാത്തവരെ ഭോഷന്മാരെന്നു താറടിക്കുകയുംചെയ്തു.

സംശയരഹിതമായി ഈ അഭിപ്രായത്തെ സ്ഥാപിച്ചിട്ടുണ്ടോ? അങ്ങനെ സ്ഥാപിക്കുവാൻ അവർക്കു കഴിയുമായിരുന്നുവോ? ഇല്ലെന്നു വൃഥാ പറയുന്നതുകൊണ്ട് മതിയാകുകയില്ലല്ലോ. ആധുനികശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം; വെളിച്ചത്തിന്റെ ഗതിവേഗവും അതിന്റെ വ്യതിയാനനിയമവും, ഭൂമിയുടെ ഘനാകർഷണനിയമവും കൊപ്പർണിക്കൻസിദ്ധാന്തം ശാസ്ത്രീയമായി സ്ഥാപിക്കുവാൻ അവശ്യം ആവശ്യമാണെന്നത്രെ. എന്നാൽ ഇവ കണ്ടുപിടിച്ച റേമർ, ബ്രാഡ്‌ലി, ന്യൂട്ടൻ എന്നിവർ ഭൂമുഖത്തു പ്രത്യക്ഷപ്പെടുവാൻ വളരെ ആണ്ടുകൾ പിന്നെയും കഴിയേണ്ടിയിരുന്നു. ആകയാൽ ശരിയായി തെളിയിക്കപ്പെട്ട ഒന്നായി ആദിത്യകേന്ദ്രസിദ്ധാന്തത്തെ എടുത്തുകാണിക്കുവാൻ ഗലീലേയോയ്ക്കു അസാദ്ധ്യമായിരുന്നു. ഒരാൾ തന്റെ ബുദ്ധിനിപുണതയാൽ അനുമാനിക്കുന്നവ സ്വീകരിക്കുവാൻ, കാരണസഹിതം സ്പഷ്ടമാക്കാത്ത കാലത്തോളം നാം കടപ്പെടുന്നില്ല. അങ്ങനെ ചെയ്യുന്നതു യുക്തിഭംഗവുമാണല്ലോ.

തന്റെ നിലയെ സാധൂകരിക്കുന്നതിനും തന്നെ ആദരിക്കുന്നതിനുമായി ഗലീലിയോ ആദ്യം റോമിൽ പോയി. അന്നു ഗലീലിയോയെ ആദരിക്കുവാൻ വളരെപേരുണ്ടായിരുന്നു. സഭയിൽ ഉയർന്ന സ്ഥാനം അലങ്കരിച്ചിരുന്നവരിൽ പലരുടെയും ആദരവ് അദ്ദേഹത്തിനു ലഭിച്ചു. പരിശോധകന്മാരായ ജോതിശ്ശാസ്ത്രജ്ഞന്മാർ പറഞ്ഞു: "ഗലീലിയോയുടെ ഗവേഷണങ്ങൾ അനിഷേദ്ധ്യങ്ങളാണു. എങ്കിലും അവ ഈ പുതിയ സിദ്ധാന്തത്തെ സംശയരഹിതമായി സ്ഥാപിക്കുവാൻ പര്യാപ്തങ്ങളല്ല." പോൾ പഞ്ചമൻ മാർപ്പാപ്പയുടെ ആശിസ്സും വാങ്ങി ഗലീലിയോ സ്വരാജ്യത്തേക്കു മടങ്ങി.

വി. ലിഖിതത്തിൽനിന്നു തന്റെ സിദ്ധാന്തത്തെ തെളിയിക്കുവാനായിരുന്നു അദ്ദേഹത്തിന്റെ അനന്തരശ്രമം. ഈ സിദ്ധാന്തം സ്വീകരിക്കാതെ വി. ലിഖിതത്തിന്റെ ചില ഭാഗങ്ങൾ ശരിയായി വ്യാഖ്യാനിക്കുവാൻ കഴികയില്ലെന്നുകൂടെ അദ്ദേഹം ശഠിച്ചു. അദ്ദേഹത്തിനു വിരോധമായി പലരും എഴുതി. പിന്നീടു ഉർബാനോസ് ഷഷ്ഠമനായ കർദ്ദിനാൾ അദ്ദേഹത്തെ അറിയിച്ചു: "നിങ്ങളുടേതല്ലാത്ത രംഗത്തിൽ നിങ്ങൾ പ്രവേശിക്കാതിരിക്കുക. നിങ്ങൾക്കു യാതൊരു വിഷമത്തിനും ഇടവരാതെ സൂക്ഷിച്ചുകൊള്ളാം." എന്നാൽ ഗലീലിയോ ശാഠ്യമായി നിന്നു. കാര്യം ന്യായാന്വേഷണക്കോടതിയിൽ പോയി. എങ്കിലും "സംശയരഹിതമായി ഈ സിദ്ധാന്തം തെളിയിക്കുന്നതുവരെ തെളിയിക്കപ്പെട്ട ഒരു സത്യമായി ഈ അഭിപ്രായം പഠിപ്പിച്ചുകൂടാ" എന്നു വിലക്കുക മാത്രമാണ് ചെയ്തതു. രണ്ടാം പ്രാവശ്യം ഗലീലിയോ റോമാ വിട്ടുപോന്നതു കല്പനപ്രകാരം ചെയ്തുകൊള്ളാമെന്നുള്ള വാഗ്ദാനത്തോടുകൂടെയാണ്.

ഏഴുവർഷം കഴിഞ്ഞു. അദ്ദേഹത്തിന്റെ തത്വം സ്ഥാപിക്കുന്നതിലേക്കു ഒരു ഹാസ്യസംഭാഷണം രചിച്ചു പ്രസിദ്ധപ്പെടുത്തി. വാഗ്ദാനം ലംഘിച്ചുവെന്നുള്ള ഒരു പുതിയ കുററവുംകൂടെ ചുമത്തപ്പെട്ടവനായിട്ടാണ് 1632-ൽ ഗലീലേയാ റോമിൽ പോയതു. വിസ്താരം സുദീർഘമായിരുന്നു. അക്കാലത്തു ന്യായാന്വേഷണക്കോടതി ആഫീസിലും ഒരു സ്ഥാനപതിയുടെ മന്ദിരത്തിലും ചില മാന്യസുഹൃത്തുക്കളോടു കൂടെയും ആണ് അദ്ദേഹം കഴിച്ചുകൂട്ടിയതു. അവസാനവിധി, "തെളിയിക്കപ്പെട്ട സത്യമായി തന്റെ അഭിപ്രായം പഠിപ്പിച്ചുകൂടാ. മൂന്നു വർഷത്തേക്കു ആഴ്ചയിൽ ഒരിക്കൽ ഏഴു അനുതാപസങ്കീർത്തനം ജപിക്കണം" എന്നിങ്ങനെയായിരുന്നു. ഈ വിധിക്കും അദ്ദേഹം യാതൊരു പ്രതിഷേധവും പുറപ്പെടുവിച്ചതായി കാണുന്നില്ല.

സ്വരാജ്യത്തേക്കു മടങ്ങി 1642-ൽ ദേഹവിയോഗം ചെയ്യുതുവരെ അവിടെ താമസിച്ചു. അടുത്തുള്ള ഒരു മഠത്തിൽ അദ്ദേഹത്തിന്റെ ഏഴുപുത്രിമാർ കന്യാസ്ത്രീകളായിട്ടുണ്ടായിരുന്നു. അവരെ കണ്ടു സംഭാഷണം നടത്തി സമാധാനം അനുഭവിക്കുന്നതിനു അനുവാദവും സൗകര്യവും അദ്ദേഹത്തിനു ലഭിച്ചു. 1637-ൽ അദ്ദേഹത്തിനു കാഴ്ച നിശ്ശേഷം നഷ്ടപ്പെട്ടു. അതു ആരും കണ്ണുകുത്തിയതുകൊണ്ടല്ല. ഇത്തരം സംഭവങ്ങളെ കൂട്ടിക്കുഴച്ചു തെററിദ്ധാരണകൾ ഉണ്ടാക്കുവാൻ ചിലർ യത്നിച്ചിട്ടുണ്ട്. ഇന്നും യത്നിച്ചുവരുന്നതായി കാണാം. അദ്ദേഹത്തിനു ഒരു സ്മാരകം പണിയുവാൻ അന്നത്തെ മാർപ്പാപ്പാ വിസമ്മതിച്ചു. എന്നാൽ പള്ളിസംസ്കാരം നിഷേധിച്ചിട്ടില്ല. മാത്രമല്ല മാർപ്പാപ്പയുടെ ആശിസ്സുകൾകൊണ്ടു ആ വയോവൃദ്ധനെ പരിശുദ്ധ പിതാവു ആശ്വസിപ്പിച്ചു എന്നതും വിസ്മരിക്കാവതല്ല.

---

തയ്യാറായി

ലഘുനിക്ഷേപനിധി

ഇടവകകളിൽ "ലഘുനിക്ഷേപനിധി" ആരംഭിക്കുന്നതിനു ആവശ്യമായ പാസ്സുബുക്കും അപേക്ഷാഫാറവും അടിച്ചു തയ്യാറായിരിക്കുന്നു. ആവശ്യമുള്ളവർ മാർ ളൂയിസ് മെമ്മോറിയൽ പ്രസ്സിലേക്കു എഴുതുക:-

വില ഒന്നിനു 2 ണ.

Wednesday
January 30
1957

# THE SATHYADEEPAM

(ESTD. 1927)
BROADWAY—ERNAKULAM (KERALA STATE)

Reg. No. M. 2293
Vol. 30
No. 24




പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,



വി. തർസീസിയൂസ്

വിശുദ്ധ കുർബാനയെ സംരക്ഷിക്കുന്നതിനുവേണ്ടി രക്തസാക്ഷിത്വം വരിച്ച ഒരു കുഞ്ഞു വിശുദ്ധനായ തർസീസിയൂസിൻെറ ചരിത്രം നാം പഠിക്കുവാൻ ആരംഭിക്കുകയാണല്ലോ. ഈ ബാലൻ ക്രിസ്തുവർഷം നാലാംനൂററാണ്ടിനോടടുത്തു് റോമിൽ ജീവിച്ചിരുന്നു. അന്നു വലേരിയൻ ചക്രവർത്തിയുടെ മതമർദ്ദനം അതിൻെറ ഉച്ചകോടിയിൽ എത്തിയിരിക്കുകയായിരുന്നു. അക്കാലങ്ങളിൽ ക്രിസ്ത്യാനികൾക്കു അവരുടെ വിശ്വാസത്തെ രഹസ്യമായിമാത്രം അനുവർത്തിച്ചു ജീവിക്കുവാനേ സാധിച്ചിരുന്നുള്ളൂ. ഒരാൾ ക്രിസ്ത്യാനിയാണെന്നു പരസ്യമായാൽ അവൻ ഏററവും ദാരുണമായ പീഡനങ്ങൾക്കും നികൃഷ്ടമായ മരണത്തിനും അർഹനായിത്തീരും. അതുകൊണ്ടു് ക്രിസ്ത്യാനികൾ ഒളിവിലാണു് താമസിച്ചിരുന്നതു്. അവരുടെ രക്ഷാകേന്ദ്രങ്ങളായിരുന്നു ഇന്നു റോമിൽ എവിടേയും കാണുന്ന ഭൂഗർഭാലയങ്ങൾ. ഈ ഭൂഗർഭാലയങ്ങളിൽ ഒന്നിച്ചുകൂടി അവർ പ്രാർത്ഥിക്കുകയും മതകർമ്മങ്ങൾ അനുഷ്ഠിക്കുകയും അവരുടെ മരിച്ചവരെ അടക്കുകയും ചെയ്തിരുന്നു. ഭൂഗർഭാലയങ്ങളിലോ അല്ലെങ്കിൽ അതുപോലെ സുരക്ഷിതമായ രഹസ്യഭവനങ്ങളിലോ മാത്രമാണു് ദിവ്യബലി അർപ്പിച്ചിരുന്നതു്. ദിവ്യബലിയിൽ സംബന്ധിക്കുന്നതിനു സാധിക്കാതിരുന്നവർക്കു വിശുദ്ധ കുർബാന വളരെ ഗോപ്യമായി എത്തിച്ചുകൊടുക്കുകയും അവർ ദിവ്യനാഥനെ ഉൾക്കൊള്ളുകയും ചെയ്തിരുന്നു. ഇതിനു സാധാരണ നിയോഗിച്ചിരുന്നതു് വിശ്വാസസ്ഥൈര്യവും തികഞ്ഞ ഭക്തിയുമുള്ള ബാലന്മാരെയായിരുന്നു. ബാലന്മാരെ ശത്രുക്കൾ സംശയിക്കയില്ല എന്നുള്ളതായിരുന്നു അതിനു കാരണം. വിശുദ്ധ തർസീസിയൂസ് ഇപ്രകാരം വിശുദ്ധ കുർബാന വിശ്വാസികൾക്കു കൊണ്ടുപോയി കൊടുക്കുന്നതിനു തിരഞ്ഞെടുക്കപ്പെട്ടിരുന്ന ഒരു ഭക്തബാലനായിരുന്നു.

വല്യേട്ടൻ



1. പീഡനരംഗം! ഒരു ക്രിസ്ത്യാനിയെ ചമ്മട്ടികൊണ്ടും ഗദകൊണ്ടും അടിക്കുന്നു.



2. ക്രിസ്ത്യാനികളെ സിംഹങ്ങൾക്കു എറിഞ്ഞുകൊടുക്കുന്നു.

## 101-ാംനമ്പ്ര് പ്രശ്നത്തിൻെറ ഉത്തരം

| ക | ച്ച | വ | ടം |
|---|---|---|---|

## പ്രശ്നം നമ്പ്ര് 102

(എം. ടി. ജോസഫ്
Reg. No. 83)

പഴയ ഏടുകൾ നോക്കിയാൽ എൻെറ പേരിനു സ്വദേശത്തും വിദേശത്തും പല പകർപ്പുകളും കാണാം. പേരിൽ മാത്രമല്ല ഉടലിലും പല വിഭിന്നതകൾ ഞാൻ സഹിക്കേണ്ടിവന്നിട്ടുണ്ടു്. എന്നാൽ ദൈവഗത്യാ ഇന്നു് ആ കഷ്ടകാലം നീങ്ങിയപോലെ തോന്നുന്നു. എൻെറ മുറിവുകളെല്ലാം ഒരു വിധത്തിൽ പൊറുത്തു ഞാനൊരു കോമളാംഗിയായി. എൻെറ പേരും ഉറച്ചതുപോലെ തോന്നുന്നു. ഞാൻ സന്തോഷിക്കുകയാണു്. എന്നെ അറിയണമോ? എൻെറ പേരിനു മൂന്നക്ഷരം മാത്രം. ആദ്യക്ഷരം കേൾവിയിൽതന്നെയുണ്ടു്. ശ്രവണത്തിൽ ലഭ്യമല്ല. രണ്ടാമത്തെ അക്ഷരം പരസ്പരധാരണയിലുണ്ടു്, അനൈക്യത്തിലില്ല. മൂന്നാമത്തെ അക്ഷരം താളമേളങ്ങളിലുണ്ടു്, സാഹിത്യസംഗീതങ്ങളിലില്ല. എൻെറ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

ചെറുകഥ

## "ദാ, കാണുന്നപ്പാ"

(ജോസഫ് വാരിക്കാട്ട്
Reg. No. 77)

"പിന്നേ്യ, ഒന്നെണീറേറന്നെ" ഉറങ്ങിക്കിടക്കുന്ന ചാക്കോച്ചേട്ടൻെറ തോളിൽ പിടിച്ചുകുലുക്കിക്കൊണ്ടു് ഏലിച്ചേടത്തി പറഞ്ഞു: "വെറുതെ പന്നിപോലെ കിടന്നുറങ്ങിയാൽ കാലത്തെ കാപ്പിക്കു് ഒന്നും ഇല്ലായിരിക്കും. നേരം വെളുക്കാറായി."

"മണി എത്രയായെടീ?" എണീററു കട്ടിലിൽ ഇരുന്നുകൊണ്ടു് ചാക്കോച്ചേട്ടൻ ചോദിച്ചു.

"രണ്ടു മണിയായി" വിളക്കും കൊണ്ടു് മണിയിരിക്കുന്ന മേശയുടെ അടുത്തുചെന്നു നോക്കിയിട്ടു്, ഏലിച്ചേടത്തി പറഞ്ഞു.

"അപ്പച്ചനെ ഒന്നു വിളിച്ചേ!" ചാക്കോച്ചേട്ടൻ എണീററു് തിണ്ണയിലേക്കിറങ്ങിക്കൊണ്ടു പറഞ്ഞു.

"എടാ ചെറുക്കാ, ഒന്നെണീറേറടാ; ചാച്ചൻ വിളിക്കുന്നു." പായിൽനിന്നും ഉരുണ്ടുമാറി മണ്ണിൽ കിടന്നു് ഉറങ്ങുന്ന മകനെ തോളിൽ കുലുക്കിയിട്ടു് ഏലിച്ചേടത്തി പറഞ്ഞു.

"അമ്മയൊന്നു ചുമ്മാതിരിക്കമ്മേ" തല മൂടിപ്പുതച്ചുകൊണ്ടു് അപ്പച്ചൻ പറഞ്ഞു. അവൻെറ ഉറക്കം ഒന്നുമായില്ല. പത്തു വയസ്സുള്ള ഒരു ചെറുക്കനോടു് പാതിരാക്കു എണീക്കാൻ പറഞ്ഞാൽ അവനതു് ഇഷ്ടമാവുമോ? ഉറക്കത്തിൻെറ നല്ലനേരത്താണു് അമ്മയുടെ വിളി.

"അവനെങ്ങും എക്കുകേല." ഏലിച്ചേട്ടത്തി തിണ്ണയിലേക്കിറങ്ങിച്ചെന്നിട്ടു പറഞ്ഞു.

"ഞാൻതന്നെയെങ്ങനാ പോകുന്നതു്. ഒന്നുകൂടി വിളിച്ചേ"

"എൻെറ മോനൊന്നേറെറ, ഇച്ചാച്ചൻ വിളിക്കുന്നു." പിന്നെയും അവനെ ശല്യപ്പെടുത്തുകയാണു് ആ തള്ള.

അവൻ കണ്ണുംതിരുമ്മിയെണീററു. "എന്നാമ്മേ?" അവൻ ചോദിച്ചു.

"ഇച്ചാച്ചനു് ഒരുകാര്യം പറയാനാണു്"

അവൻ എണീററു മുഖം കഴുകിയിട്ടു് അപ്പൻെറ അടുത്തേക്കുചെന്നു. അവൻ മുററത്തേക്കുനോക്കി.

ആകാശമദ്ധ്യത്തിൽ തെളിഞ്ഞുനില്ക്കുന്ന ചന്ദ്രബിംബത്തിൻെറ വെള്ളിവെളിച്ചത്തിൽ കുളിച്ചുനില്ക്കുന്ന വൃക്ഷലതാദികളെ നോക്കിയിട്ടു് അവൻെറ കണ്ണഞ്ചിപ്പോകുന്നതുപോലെ തോന്നി. ആകാശത്തിൻെറ കോണുകളിൽക്കൂടി ഒരു കാർമേഘത്തിൻെറ കഷണംപോലും ഇല്ല. നക്ഷത്രങ്ങൾ അവരെ നോക്കി പുഞ്ചിരിതൂകുന്നു. മിന്നാമിനുങ്ങുകൾ സൈ്വരമായി പാറിനടക്കുന്നു. എല്ലായിടത്തും നിശ്ശബ്ദത. ആ നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ടു് ഒരു വണ്ണാത്തിപ്പുള്ളു് സംഗീതം ആലപിക്കുന്നു. കുന്നിൻചെരുവിൽനിന്നും കുറുനരികൾ കൂവുന്നുണ്ടു്.

"വാടാ ചെറുക്കാ." ഒരു കൈയിൽ കുട്ടിച്ചാക്കും മറെറ കൈയിൽ അരുവാളുമായി മുററത്തേക്കിറങ്ങിക്കൊണ്ടു് ചാക്കോച്ചേട്ടൻ പറഞ്ഞു.

അവർ രണ്ടുപേരുംകൂടി അതിവേഗം നടന്നു. അതു നോക്കിക്കൊണ്ടു് ഏലി തിണ്ണയിൽനിന്നു. നിലാവെളിച്ചത്തിൻെറ സഹായത്തോടെ അവർ അരനാഴിക ദൂരത്തിലെത്തി. ഒരു കപ്പവേലിക്കകത്തെത്തി.

"നീ ഇവിടെനിന്നു് വല്ലവരും വരുന്നുണ്ടോന്നു നോക്കിക്കോ. ഞാൻ ചെന്നു് രണ്ടു ചോടു കപ്പ പറിക്കട്ടെ. വല്ലവരുംകാണുന്നുണ്ടെങ്കിൽ പറഞ്ഞേക്കണം." ചാക്കോച്ചേട്ടൻ കപ്പകളുടെ ഇടയിൽക്കൂടി നടന്നു. അതിലെ നല്ല ചുവടു നോക്കി ഒരു കപ്പയിൽ പിടിച്ചു് ആഞ്ഞുവലിക്കുകയാണു് ചാക്കോച്ചേട്ടൻ. അപ്പച്ചൻ നാലുപാടും നോക്കി. നല്ലനിലാവു്. അങ്ങു് അകലെയായി ഒരു വെളിച്ചം കാണുന്നുണ്ടു്. അവൻ സൂക്ഷിച്ചുനോക്കി. അകലേയുള്ള മാതാവിൻെറ ദേവാലയത്തിൽനിന്നും ജനലിനിടയിൽക്കൂടി വരുന്ന പ്രകാശരശ്മികളാണു് അവൻ കണ്ടതു്.

"അപ്പാ" അവൻ ഉറക്കെ വിളിച്ചു. അവൻെറ കളങ്കമററ ഹൃദയത്തിൽ ഭയത്തിൻെറ കൊള്ളിയാൻ മിന്നി. ആ വിളി അന്തരിക്ഷത്തിൽ മാറെറാലിക്കൊണ്ടു.

"എന്താ മോനെ?" അവൻെറ അരുകിലേക്കു് ഓടിച്ചെന്നുകൊണ്ടു് ചാക്കോച്ചേട്ടൻ ചോദിച്ചു.

"ഈശോ കാണുന്നു അപ്പാ." അവൻ പറഞ്ഞു.

"എന്തേ്യ മോനെ ഈശോ?" അയാൾക്കു പരിഭ്രമമായി.

"ഈശോയെല്ലാടത്തും ഉണ്ടെന്നാണു്, കഴിഞ്ഞ ഞായറാഴ്ച വേദപാഠം പഠിപ്പിച്ചപ്പോൾ നമ്മുടെ കൊച്ചച്ചൻ പറഞ്ഞതു്. കണ്ടോപ്പാ പള്ളിയിൽനിന്നും വെളിച്ചം കാണുന്നതു്. ആ വെളിച്ചം കണ്ടപ്പോഴാണു് ഞാൻ കൊച്ചച്ചൻ പറഞ്ഞകാര്യം ഓർത്തതു്. നമുക്കു് വല്ലവരുടേയും കപ്പ വേണ്ടപ്പാ. കട്ടെടുത്താൽ ഉത്തരിപ്പുകടം ഇല്ലേപ്പാ? നമുക്കു് കപ്പ വിലകൊടുത്തു വാങ്ങാം. പണമില്ലെങ്കിൽ കൂലിവേലയെടുക്കാം അപ്പാ." വെറും 10 വയസ്സു പ്രായമുള്ള ആ ബാലൻെറ കളങ്കമററ ഹൃദയത്തിൽനിന്നും വിരിഞ്ഞ ഓരോ വാക്കുകളും വളരെ വിലയേറിയതാണു് എന്നു ചാക്കോച്ചേട്ടനു തോന്നി. "വാ മോനെ, നമുക്കു പോകാം." ഒരു നിമിഷത്തിനുള്ളിൽ മകനെയെടുത്തു് തോളിൽവച്ചുകൊണ്ടു് ചാക്കോച്ചേട്ടൻ വീട്ടിലേക്കു നടന്നു. അരുവാളും കുട്ടിച്ചാക്കും അവർ എടുത്തില്ല. അതിൽ പിന്നെ ഒരിക്കലും ചാക്കോച്ചേട്ടൻ മോഷ്ടിച്ചിട്ടില്ല.

—o—

യാത്രാവിവരണം

## എൻെറ വിനോദയാത്ര

(അൻറണി വാഴപ്പിള്ളി
Reg. No. 13)

ചിരപ്രതീക്ഷിതമായ ആ ദിവസം വന്നുചേർന്നു. ബാംഗളൂർ യാത്രയ്ക്കുള്ള ദിവസം. 1956 ഡിസം: 26 ബുധനാഴ്ച. കൊച്ചിൻ എക്സ്പ്രസ്സ് കൃത്യം 5-45നു വടക്കാഞ്ചേരി സ്റ്റേഷൻ വിട്ടു. എൻെറ യാത്രയും ആരംഭിച്ചു. അതു തികച്ചും സൗകര്യപ്രദവും ആനന്ദകരവും ആയിരുന്നു. തിരുവനന്തപുരം വിമെൻസ് കോളേജിലെ വിദ്യാർത്ഥിനികൾ അതേ ട്രെയിനിൽതന്നെ യാത്രചെയ്യുന്നുണ്ടായിരുന്നു. അവരുടെ ഗാനങ്ങളും മററും യാത്രക്കാർക്കെല്ലാം ആനന്ദകരമായിരുന്നു. അവർ ബോററ്മിൻറൻ കളിക്കു് കേരളാസ്റ്റേററിൻെറ പ്രതിനിധികളായി പോകുന്നവരാണെന്നു് അന്വേഷണത്തിൽ മനസ്സിലായി. ജൊലാർപെട്ടിൽവെച്ചു് ഞങ്ങളുടെ കംപാർട്ട്മെൻറു് മറെറാരു വണ്ടിയോടു് ഘടിപ്പിച്ചു് നേരേ ബാംഗളൂർക്കുള്ള യാത്രയായി. ഞാൻ ആ രാത്രിയിൽ ഉറങ്ങിയില്ല. പിറെറദിവസം നേരം വെളുത്തുതുടങ്ങി. പ്രകൃതിയെ സ്തുതിക്കുന്ന പല പാട്ടുകളും കോളേജ് വിദ്യാർത്ഥിനികൾ പാടിക്കൊണ്ടിരുന്നു. പ്രകൃതിരമണീയമായ ദിക്കിൽക്കൂടെയായിരുന്നു തീവണ്ടിയുടെ യാത്ര. പാറക്കെട്ടുകൾ, പച്ചക്കുന്നുകൾ, പച്ചപ്പരവതാനി വിരിച്ചപോലെ വിശാലമായി കിടക്കുന്ന മനോഹര മൈതാനങ്ങൾ, പുഷ്പിച്ചു നില്ക്കുന്ന താഴ്വരകൾ—അങ്ങനെ മാറി മാറി പോകുന്നു അവിടത്തെ പ്രകൃതിപ്രഭാവം. രാത്രിയിലെക്ഷീണമെല്ലാം പെട്ടെന്നു ഞങ്ങളെ വിട്ടുമാറി. ഞങ്ങൾക്കു് പുതിയതായ മറെറാരു കാഴ്ച! കനത്ത പുകപോലെയുള്ള മേഘങ്ങൾ പർവ്വതങ്ങൾക്കു് മേലെ സഞ്ചരിക്കുന്നു! മേഘങ്ങൾ മലകളുടെ അഗ്രത്തിൽനിന്നും കുറെ താഴെയാണു് നീങ്ങിക്കൊണ്ടിരിക്കുന്നതു്. അതുപോലെതന്നെ പ്രഭാതസൂര്യകിരണങ്ങൾ പ്രതിഫലിച്ചു് തിളങ്ങുന്ന കൊച്ചുകൊച്ചരുവികൾ താഴോട്ടിറങ്ങുന്നതുപോലെ തോന്നുന്നു. രാവിലെ 8-45നു് ബാംഗളൂർ കൻേറാൺമെൻറു് സ്റ്റേഷനിലെത്തി. അവിടെ എൻെറ ഒരു സ്നേഹിതൻ എന്നെ കാത്തു നില്ക്കുന്നുണ്ടായിരുന്നതിനാൽ ഞാൻ മററുള്ളവരോടു് വിടവാങ്ങി അദ്ദേഹത്തിൻെറകൂടെ പോയി.

ഒരു ക്രിസ്തീയ ദേവാലയമാണു് ബാംഗളൂരിൽ ഞാൻ ആദ്യമായി കണ്ടതു്. എൻെറ സഹോദരി താമസിക്കുന്ന ദിക്കിലേക്കുള്ള ബസ്സിൽ കയറി അവിടെ 9-25 നു് എത്തിച്ചേർന്നു. പട്ടണത്തിലെ ജനബാഹുല്യം കണ്ടു് ഞാൻ നടുങ്ങിപ്പോയി. കെട്ടിടങ്ങൾ കണ്ടു് എൻെറ ഹൃദയം തുടിച്ചു. വിവിധ വേഷഭൂഷാദികളെകണ്ടു് ഞാൻ ആശ്ചര്യപ്പെട്ടു. വാഹനങ്ങളുടെ ഓട്ടം എന്നെ ഭയപ്പെടുത്തി. പലതരം ഭാഷ എൻെറ കർണ്ണപുടങ്ങളിൽ വന്നലച്ചു. പരിഷ്കാരത്തിൻെറ മട്ടു് എന്നെ സ്തംഭിപ്പിച്ചു. ചെന്ന ദിവസം തന്നെ ചുരുക്കം ചില തെരുവുകൾ കാണാനിടയായി. പിറെറ ദിവസം പ്രഭാതത്തിൽ പള്ളിയെക്കുറിച്ചന്വേഷിച്ചു. വളരെയധികം തണുപ്പാണു് എനിക്കു് അവിടെ അനുഭവപ്പെട്ടതു്. എങ്കിലും ഞാൻ പള്ളിയിൽ പോയി. വികാരി ഒരു കർണ്ണാടകക്കാരനാണു്. കുർബാനയ്ക്കു ശേഷം അച്ചനുമായി സംസാരിക്കണമെന്നുദ്ദേശിച്ചു് കുറച്ചുനേരം കാത്തുനിന്നു. ഇംഗ്ലീഷ് അച്ചനും എനിക്കും അറിയാവുന്നതു കൊ

(ശേഷം 10-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at theMar Louis Memorial Press
Ernakulam-1